Phone No. 2972

36

# ഗ്രന്ഥാലോകം

തിരു: കൊച്ചി
ഗ്രന്ഥശാലാസംഘം പ്രസിദ്ധീകരണം.

| വാല്യം 5 | ഫെബ്രുവരി | ലക്കം 2 |



സഹൃദയഗ്രന്ഥശാല, കാഞ്ഞിരപ്പള്ളി.

ഗ്രന്ഥാലോകം

വരിസംഖ്യ

വാർഷികവരി മുൻകൂർ രൂ. 6.
ഒററപ്രതി അണ 8.

# ഗ്രന്ഥാലോകം

പത്രാധിപർ — സി. നാരായണപിള്ള ബി. ഏ. ബി. എൽ.

| വാല്യം 5 | ഫെബ്രുവരി 1953 | ലക്കം 2 |
|---|---|---|

# പത്രാധിപവീഥി

## സംസ്കൃതഭാഷ

അതിപ്രാചീനകാലംതൊട്ടു ഭാരതവും സംസ്കൃതവും തമ്മിൽ അഭേദ്യമായ ബന്ധം നിലനിന്നു പോരുന്നുണ്ടു്. ഭാരതീയരുടെ വിശ്വവിശ്രുതമായ ജ്ഞാനവിജ്ഞാനങ്ങളുടെ രത്നാകരമാണു സംസ്കൃതഭാഷയെന്നു പറഞ്ഞാൽ അതിൽ അല്പമാത്രമായ അതിശയോക്തിയുമില്ല. ഇന്ത്യക്കാരുടെ വിശ്വാസമനുസരിച്ചു് ലോകത്തിലെ ആദികവി വാല്മീകിമഹർഷിയും ആദികാവ്യം രാമായണവുമാകുന്നു. സാഹിത്യം, തത്വജ്ഞാനം, തർക്കവ്യാകരണാദികളായ ശാസ്ത്രങ്ങൾ എന്നിവയെല്ലാം ആദ്യമായി ആവിർഭവിച്ചതും സംസ്കൃതഭാഷയിലാണു്. ആകയാൽ സംസ്കൃതത്തെ ഭാഷകളുടെ മാതാവെന്നു പറയാം. ഒരു കാലത്തു് സംസ്കൃതം ഭാരതത്തിലെ വ്യവഹാരഭാഷയായിരുന്നു. പിൽക്കാലത്തുണ്ടായിട്ടുള്ള ഇന്ത്യയിലെ പ്രാദേശികഭാഷകൾക്കെല്ലാം സംസ്കൃതം സമ്പത്തു വർദ്ധിപ്പിച്ചിട്ടുണ്ടു്. പിന്നീടു പല കാരണങ്ങളാൽ ഈ മഹത്തായ ഭാഷയുടെ പ്രചാരം കുറയാനും, കാലക്രമത്തിൽ ഒരു മൃതഭാഷയെന്നു പുച്ഛിച്ചുതള്ളുവാനുമിടയായി. ബുദ്ധമതപ്രഭാവം, മഹമ്മദീയാധിപത്യം, ആംഗലാധിപത്യം മുതലായവ ഈ കാരണങ്ങളിൽ ചിലതു മാത്രമാണു്. സ്വകീയസംസ്കാരത്തെക്കാൾ പരകീയസംസ്കാരം പലപ്പോഴും ജനങ്ങൾക്കു് ആകർഷകമായി തോന്നാറുണ്ടു്. ഇതിന്റെ ഹേതു പുതുമയിലുള്ള പ്രതിപത്തിയായിരിക്കണം. ഇംഗ്ലീഷുവിദ്യാഭ്യാസം പ്രചരിക്കുകയും ദേശഭാഷകളെല്ലാം മന്ദീഭവിക്കുകയും ചെയ്തു.

ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടപ്പോൾ പൊതുഭാഷാപ്രശ്നം പൊന്തിവന്നു. ഭാരതത്തിൽ അധികമാളുകൾ ഉപയോഗിക്കുന്ന ഭാഷ എന്ന നിലയിൽ ഹിന്ദി പൊതുഭാഷയായിരിക്കണമെന്നു ഭരണഘടനാവിദഗ്ദ്ധന്മാർ തീരുമാനിക്കയും ഉണ്ടായി. എന്നാൽ സാഹിത്യസമ്പത്തുകൊണ്ടു നോക്കിയാൽ ഹിന്ദിയെക്കാൾ മേന്മയേറിയ ഭാഷകളാണു് ബംഗാളി, തമിൾ മുതലായവയെന്നും ഉത്തരഭാരതത്തിലെപ്പോലെ ദക്ഷിണഭാരതത്തിൽ ഹിന്ദി പ്രചരിച്ചിട്ടില്ലെന്നും അഭിപ്രായഭേദങ്ങൾ ഉണ്ടാകാതിരുന്നില്ല. ഭരണഘടന നടപ്പിൽവരുന്നനാൾതൊട്ടു് ഇംഗ്ലീഷിന്റെ ഉപയോഗം ക്രമേണ കുറച്ചുകുറച്ചു പതിനഞ്ചുവർഷത്തിനകം ഹിന്ദിയെ തൽസ്ഥാനത്തു പ്രതിഷ്ഠിക്കണമെന്നാണു് അധികാരികളുടെ നിശ്ചയം. എന്നാൽ അതുകൊണ്ടും സംഗതി കലാശിച്ചുവെന്നു തോന്നുന്നില്ല. ഭാഷാവാദം ഇന്നും ഒരു സഗൗരവപ്രശ്നമായി അവശേഷിച്ചിരിക്കുന്നു. പ്രസിദ്ധന്മാരായ നേതാക്കന്മാരിൽ ചിലർ ഭാരതത്തിന്റെ പൊതുഭാഷയായിരിക്കാൻ സംസ്കൃതത്തെപ്പോലെ മറെറാരുഭാഷയ്ക്കും യോഗ്യതയില്ലെന്നു വാദിക്കുന്നു. വിശ്രുത ശാസ്ത്രജ്ഞനായ സർ. സി. വി. രാമൻ ഇയ്യിടയ്ക്കും ഈ അഭിപ്രായം സധൈര്യം പ്രകാശിപ്പിക്കുകയുണ്ടായി. ശാസ്ത്രീയദൃഷ്ടിയിൽക്കൂടി കണ്ട ഒരു ഉറച്ച അഭിപ്രായമായ

ഇതിനെ പരിഗണിക്കാം. സംസ്കൃതത്തിന്റെ സർവാതിശായിയായ മാഹാത്മ്യം മാത്രമല്ല, ഭാഷാപരമായ പ്രാദേശികമാത്സര്യം ഒഴിവാക്കാമെന്നുള്ളതും ഇതിന്റെ ഒരു കാരണമാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഇതേ അഭിപ്രായം തന്നെ ചിന്തകന്മാരായ രാജ്യാഭിമാനികളിൽ പലക്കും ഉണ്ടെന്നാണറിവ്. എന്നാൽ വ്യാകരണജടിലവും കഠിനവുമായ സംസ്കൃതം അഭ്യസിക്കുന്നതു സുദുഷ്കരമാണെന്നും ഈ ശാസ്ത്രീയയുഗത്തിലേക്ക് ആ ഭാഷ പററിയതല്ലെന്നും ഹിന്ദിയെത്തന്നെ സ്വീകരിച്ചുകൊണ്ട് അതിലെ ഗ്രന്ഥസമ്പത്തു വൎദ്ധിപ്പിക്കുകയാണ് ആശാസ്യമെന്നും മറെറാരുകൂട്ടർ വാദിക്കുന്നു. സംസ്കൃതപക്ഷപാതികൾ ഇതിനു പറയുന്ന സമാധാനം, ബേസിക് ഇംഗ്ലീഷുപോലെ ഒരു ലളിത സംസ്കൃതപഠനപദ്ധതി അവതരിപ്പിച്ചാൽ മതിയെന്നാണ്. ഇംഗ്ലീഷുഭാഷ നാം പഠിച്ചതു് പഠിക്കാൻ പ്രയാസമില്ലാത്ത ഭാഷയായതുകൊണ്ടല്ല. മേൽക്കോയ്മയുടെ ഭാഷയായിപ്പോയതിനാൽ പഠിച്ചേതീരൂ എന്ന് അനുഭവത്തിൽനിന്നു മനസ്സിലായതുകൊണ്ടാണ്. അങ്ങനെ ഒരു വിദേശഭാഷ ക്ലേശം സഹിച്ചും പഠിക്കാമെങ്കിൽ എന്തുകൊണ്ടു സ്വദേശഭാഷ പഠിച്ചുകൂടാ? ഇംഗ്ലീഷ്ഭരണത്തിൽ സംസ്കൃതഭാഷാപണ്ഡിതന്മാക്കു ഔദ്യോഗികാപകൎഷം സംഭവിച്ചതാണു സംസ്കൃതത്തിന്റെ ശോചനീയാവസ്ഥയ്ക്കു ഒരു പ്രധാന കാരണം. ഭാരതം സ്വതന്ത്രമായപ്പോൾ സംസ്കൃതത്തിനു ഗതിയില്ലെങ്കിൽ പിന്നെ മററുള്ളവരെ കുററപ്പെടുത്തുന്നതെന്തിനാണ്? അതിനാൽ ഭാരതീയരുടെ സംസ്കാരഭണ്ഡാഗാരം തുരുമ്പിച്ചുപോകുവാൻ ഒരിക്കലും അനുവദിച്ചുകൂടാ. ഇങ്ങനെ പോകുന്നു അവരുടെ വാദഗതി.

മൂന്നാമതൊരു കൂട്ടരുമുണ്ട്. അവർ ഇംഗ്ലീഷുഭാഷാഭക്തന്മാരാണ്. ഒരു ലോകഭാഷയെന്ന നിലയിൽ ഇംഗ്ലീഷിനുള്ള സ്ഥാനം നാം വിസ്മരിക്കരുതെന്നു അവർ താക്കീതു നൽകുന്നു. കലകളിലും ശാസ്ത്രങ്ങളിലും അമൂല്യങ്ങളായ വിജ്ഞാനങ്ങൾ സമ്പാദിക്കുന്നതിനും അന്താരാഷ്ട്രീയപ്രശ്നങ്ങൾ സമൎത്ഥമായി കൈകാര്യം ചെയ്യുന്നതിനും ഇംഗ്ലീഷുകൂടാതെ സാധിക്കുകയില്ലെന്നും അതിലേക്കു സങ്കുചിതമായ ദേശഭാഷാഭിമാനം പ്രതിബന്ധമായി തീരരുതെന്നും ആകയാൽ ഇംഗ്ലീഷുഭാഷയെ കാലാന്തരത്തിൽ ഗളഹസ്തം ചെയ്യുന്നതു സൂക്ഷിച്ചുവേണമെന്നുമാണ് അവരുടെ ഉദ്ബോധനം. ഇയ്യിടെ മദിരാശി മുഖ്യമന്ത്രി ശ്രീ. രാജഗോപാലാചാരി ചെയ്ത ഒരു പ്രസംഗത്തിൽ മേൽകാണിച്ച അഭിപ്രായത്തെ സാധൂകരിച്ചിരിക്കുന്നതായിക്കണ്ടു. രാഷ്ട്രപിതാവായ മഹാത്മജി ഇംഗ്ലീഷുഭാഷയുടെ മേന്മകളെക്കുറിച്ചു സുദൃഢമായ ബോധംസിദ്ധിച്ച ആളായിരുന്നെങ്കിലും ഭാരതത്തിനു ഒരു പൊതുഭാഷകൂടിയേതീരൂ എന്നും അതു ഹിന്ദിയായിരിക്കണമെന്നും തീവ്രമായി വാദിച്ചിട്ടുള്ളതു വായനക്കാർ മറന്നിരിക്കയില്ലല്ലോ.

ഇങ്ങനെ പല അഭിപ്രായങ്ങൾ തിരമാലകൾപോലെ പൊങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. ഏതായാലും ഒന്നു തീൎച്ചയാണ്. നമ്മുടെ പൊതുഭാഷ എന്ന നിലയിൽ ഉയൎത്തപ്പെട്ടില്ലെങ്കിലും, സംസ്കൃതത്തെ സ്വതന്ത്രഭാരതം അവഗണിക്കുക എന്നുള്ളതു് ആത്മഹത്യാപരമായ ഒരു നയമായേ കലാശിക്കുകയുള്ളൂ. ഒരു ജനതയുടെ സൌവൎണ്ണകാലത്തിന്റെ ശുഭമുദ്രകൾ എന്ന മട്ടിൽ പ്രശോഭിക്കുന്ന അസംഖ്യം ഉൽകൃഷ്ടഗ്രന്ഥങ്ങൾക്കു രൂപം നൽകിയ സംസ്കൃതഭാഷയെ ഏതെല്ലാം വിധത്തിൽ പ്രോത്സാഹിപ്പിക്കാൻ കഴിയുമോ അതെല്ലാം ചെയ്യാനുള്ള കടമ ഭാരതീയക്കുണ്ട്.

## പുസ്തകപ്പട്ടിക

സുപ്രശസ്തവും സുപ്രതിഷ്ഠിതവുമായ ശ്രീചിത്തിരതിരുനാൾ ഗ്രന്ഥശാലയുടെ പരിഷ്കരിച്ച പുസ്തകവിവരപ്പട്ടിക ഇവിടെ അയച്ചുതന്നതു സന്തോഷപൂർവം കൈപ്പററിയിരിക്കുന്നു. 1097 തുലാം 3-ാംനു തിരുവനന്തപുരത്ത് എളിയരീതിയിൽ ആരംഭിച്ച ചിത്തിരതിരുനാൾ ഗ്രന്ഥശാല പലേ പ്രതിബന്ധങ്ങളേയും തരണംചെയ്ത് ക്രമേണ വളൎന്നുവളൎന്ന് ഇന്നു തിരുവനന്തപുരത്തെ എന്നല്ല, കേരളത്തിലെതന്നെ അതിപ്രധാനമായ ഒരു സാംസ്കാരികസ്ഥാപനമായി വികസിച്ചിരിക്കുകയാണ്. കാര്യശേഷിയും ബുദ്ധിവിലാസവും

സംസ്കാരപ്രതിപത്തിയും ക്ഷീണിക്കാത്ത പരിശ്രമശീലവുമുണ്ടെങ്കിൽ ചെറിയ സമാരംഭങ്ങളും മഹാഫലദായകങ്ങളാക്കിത്തീക്കാമെന്നു് ഇതിന്റെ പ്രവത്തകന്മാർ സമത്ഥമായി തെളിയിച്ചിരിക്കുന്നു. ജ്ഞാനാഭിവൃദ്ധിയാണു പുരോഗതിയുടെ അടിസ്ഥാനമെങ്കിൽ ആ വിഷയത്തിൽ ജാഗരൂകമായി പ്രവത്തിക്കാനും സ്പൃഹണീയമായ ഫലം കൈവരിക്കുവാനും കഴിഞ്ഞിട്ടുണ്ടെന്നു ഗ്രന്ഥശാലാപ്രവത്തകക്കു ധാരാളം അഭിമാനിക്കാം. മലയാളഗ്രന്ഥങ്ങളുടെ കാര്യത്തിൽ ഇത്രമാത്രം സമ്പന്നമായ മറെറാരു ഗ്രന്ഥശാലയും മലയാളത്തിലുണ്ടെന്നു തോന്നുന്നില്ല. മറെറാരു വിധത്തിൽ പറഞ്ഞാൽ, ചിത്തിരതിരുനാൾ ഗ്രന്ഥശാലയിൽ കാണാത്ത ഒരു മലയാളപുസ്തകം അന്വേഷിച്ചു മറെറാരു ഗ്രന്ഥശാലയിലും ചെല്ലേണ്ട ആവശ്യമില്ല. അങ്ങനെ ഗ്രന്ഥവിഷയകമായ ഒരു സവ്വംകഷതയാണു് പ്രസ്തുത സ്ഥാപനത്തിനുള്ളതു്.

ഗ്രന്ഥശാലയുടെ വാഷികസമ്മേളനങ്ങൾകൊണ്ടു പൊതുജനങ്ങൾക്കും ഭാഷയ്ക്കും നമ്മുടെ സംസ്കാരത്തിനും വളരെ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടു്. പ്രസിദ്ധ പണ്ഡിതന്മാരുടെ വിജ്ഞേയങ്ങളായ പ്രഭാഷണങ്ങൾക്കു പുറമേ ആണ്ടുതോറും ഓരോ പുതിയ നാടകവും ഉണ്ടായിരിക്കും. ഇങ്ങനെ വിജ്ഞാനവിനോദങ്ങളെ പുഷ്ടിപ്പെടുത്തുന്ന സ്ഥാപനങ്ങളുടെ മുന്നണിയിലാണു് ഇതിന്റെ നില.

232 പേജുള്ള ഒരു വലിയ പുസ്തകവിവരപ്പട്ടികയാണു ഞങ്ങളുടെ മുമ്പിലിരിക്കുന്നതു്. ഗ്രന്ഥശാലകൾകൊണ്ടു പൊതുജനങ്ങൾക്കു യഥാത്ഥമായ പ്രയോജനമുണ്ടാകണമെങ്കിൽ ആവശ്യപ്പെടുന്ന പുസ്തകം യഥാകാലം കൈവശം വന്നുചേരണം. അതിലേക്കു ഗ്രന്ഥങ്ങളുടെ വർഗ്ഗംതിരിച്ചുള്ള വിഭജനവും അതനുസരിച്ചുള്ള സംവിധാനവും അപരിത്യാജ്യമാണു്. ഗ്രന്ഥശാലാപ്രസ്ഥാനം അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ള അമേരിക്കാമുതലായ രാജ്യങ്ങൾ ഈ വിഷയത്തിൽ പ്രത്യേകം ചില പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടു്. ലോകവിജ്ഞാനത്തെ ആദ്യം പത്തു വിഭാഗമായിട്ടും പിന്നെ അവയിൽ ഓരോന്നിനെ പത്തു് ഉപവിഭാഗമായിട്ടും ഓരോ ഉപവിഭാഗത്തിന്റേയും പിന്നാലെ ഓരോ ദശാംശചിഹ്നമിട്ടു് ഓരോന്നിനേയും അനേകം അവാന്തരവിഭാഗങ്ങളായിട്ടും തരംതിരിച്ചിരിക്കുന്ന ഒരു സമ്പ്രദായമാണു അമേരിക്ക അംഗീകരിച്ചിട്ടുള്ളതു്. ഇതിനു ദശാംശവിഭജനം എന്നാണു പേരു്. ഇന്ത്യയിൽ നിലവിലിരിക്കുന്നതു ശ്രീ. എസ്. ആർ. രംഗനാഥൻ ആസൂത്രണംചെയ്ത ഒരു പദ്ധതിയാണു്. ഗ്രന്ഥങ്ങളെ വർഗ്ഗീകരിക്കുമ്പോൾ അവയുടെ പരസ്പരബന്ധം സൂചിപ്പിക്കാൻ അദ്ധവിരാമചിഹ്നങ്ങൾ ഉപയോഗിക്കുകയാണു് ഇതിന്റെ രീതി. അതിനാൽ അദ്ധവിരാമ വിഭജനരീതിയെന്നപേരിൽ ഇതു പ്രസിദ്ധമായിത്തീന്നിരിക്കുന്നു. താരതമ്യേന ഗ്രന്ഥസംഖ്യ കുറവായ മലയാളത്തിൽ ആദ്യം പറഞ്ഞ രീതി അത്ര ആവശ്യമില്ല രണ്ടാമത്തെ രീതിയും അപ്പടി അംഗീകരിക്കണമെന്നില്ല. അതിനാൽ ഈ രണ്ടിലും അന്തർഭവിച്ചിട്ടുള്ള തത്വത്തെ സ്മരിച്ചുകൊണ്ടു നമ്മുടെ നാട്ടിനു യോജിക്കുന്ന സുകരമായ ഒരു രീതി സ്വീകരിച്ചുകൊണ്ടാണു ചിത്തിരതിരുനാൾ ഗ്രന്ഥശാലാപ്രവത്തകന്മാർ ഈ പുസ്തകപ്പട്ടിക തയ്യാറാക്കിയിരിക്കുന്നതു്.

A തൊട്ടു T വരെ ഇരുപതു വർഗ്ഗമായി ഇതിൽ ഗ്രന്ഥങ്ങളെ തരംതിരിച്ചിരിക്കുന്നു. കാവ്യം, നാടകം, കഥ, ഉപന്യാസം, ഹാസസാഹിത്യം, ഗാന്ധീയസാഹിത്യം, ഭാഷാസാഹിത്യവിജ്ഞാനശാഖ, മതം, ചരിത്രം, യാത്രാവിവരണം, ശാസ്ത്രഗ്രന്ഥം, സാമാന്യവിജ്ഞാനഗ്രന്ഥം, ഗദ്യം പലവക, ബാലസാഹിത്യം, പാഠാവലി, പ്രമാണഗ്രന്ഥം സ്മാരകഗ്രന്ഥവും വിശേഷാൽപ്രതിയും, മാസിക, സംസ്കൃതം, ഇംഗ്ലീഷുപുസ്തകം ഇവയാണു ഇരുപതുവർഗ്ഗം. മിക്കവയ്ക്കും ഉപവിഭാഗങ്ങളുമുണ്ടു്. ഭാഷയിൽ ആകെ ഉണ്ടായിട്ടുള്ള ഗ്രന്ഥങ്ങളുടെ ഒരു ഏകദേശസ്വരൂപം ഇതിൽനിന്നു വ്യക്തമാകും. മറെറാരു പ്രയോജനം കൂടിയുണ്ടു്. പുഷ്ടിപ്പെടാതെ കിടക്കുന്ന ശാഖകൾ ഏതെല്ലാമെന്നു കണ്ടറിയാനും, ആ ശാഖകളിൽ വിദ്വാന്മാക്കു പ്രവത്തിക്കുവാനും ഇതു പ്രേരണ നൽകുന്നു. നാടകം, ഹാസസാഹിത്യം, ബാലസാഹി

ത്യം, ജീവചരിത്രം, ആത്മകഥ, തൂലികാചിത്രം, യാത്രാവിവരണം, സാമാന്യവിജ്ഞാനം, മുതലായ ശാഖകളിൽ പുസ്തകങ്ങൾ വളരെ കുറവാണെന്നു നമ്മെ മനസ്സിലാക്കാൻ ഈ പട്ടിക പര്യാപ്തമാണു്. ഒന്നുകൂടി മനസ്സിരുത്തിനോക്കിയാൽ ഭാഷയിൽ കാവ്യശാഖ മാത്രമാണു സമ്പുഷ്ടമായിട്ടുള്ളതെന്നു കാണാം. ശാസ്ത്രഗ്രന്ഥങ്ങളിൽ പലതും പഴയ മട്ടിലുള്ളവയാണു്. നവീനങ്ങളായ രസതന്ത്രാദി വിഷയങ്ങളിൽ അനേകം ഗ്രന്ഥങ്ങൾ ഉണ്ടാകേണ്ടതായിരിക്കുന്നു.

ഓരോ വർഗ്ഗത്തിലും ഇയ്യിടെ ഉണ്ടായിട്ടുള്ള പുസ്തകങ്ങൾ ഒരു ചെറിയ പട്ടികയായി ഗ്രന്ഥാവസാനത്തിൽ അനുബന്ധിച്ചിരിക്കുന്നു. ഇത്രയും നല്ല ഒരു പുസ്തകപ്പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കുവാൻ ഇതിന്റെ പ്രസാധകന്മാർ അനുഭവിച്ച ക്ലേശം ഗ്രന്ഥപാരായണകുതുകികൾക്കു ഒരനുഗ്രഹംതന്നെ എന്നു പറയുവാൻ ഞങ്ങൾക്കു വളരെ സന്തോഷമുണ്ടു്.

## ഗ്രന്ഥശാലാസംഘം
## പൊതുതെരഞ്ഞെടുപ്പ്

ഈ മാർച്ച് 1-ാംനു- തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ആഫീസിൽവെച്ചു പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് നടന്നു. ഓരോ ഡിസ്ട്രിക്ടിൽനിന്നും 3 വീതം 12 മെംബറന്മാരും വ്യക്തി അംഗങ്ങളിൽ നിന്നു 2 മെംബറന്മാരും ഉൾപ്പെടെ 14 പേരെയാണു തെരഞ്ഞെടുത്തിട്ടുള്ളതു്. ഈ തെരഞ്ഞെടുപ്പിനുവേണ്ടി, പ്രാഥമികമായിഓരോ ഗ്രന്ഥശാലയിൽനിന്നും 2 പ്രതിനിധികളെവീതം നേരത്തെ തെരഞ്ഞെടുത്തിരുന്നു. അങ്ങനെ എല്ലാ ഗ്രന്ഥശാലാ പ്രതിനിധികളുംകൂടി. സമ്മേളിച്ചു വ്യവസ്ഥാപിതമായ രീതിയിലാണു പ്രതിനിധികളെ തെരഞ്ഞെടുത്തിട്ടുള്ളതു്. മുപ്പതു ഗ്രന്ഥശാലകൾ ഉള്ള താലൂക്കിനു മൂന്നുപ്രതിനിധികളും മുപ്പതിൽ കൂടുതലുള്ള താലൂക്കിനു ഓരോ പത്തിനും ഓരോപ്രതിനിധികൂടിയും, പരമാവധി ഒരുതാലൂക്കിനു അഞ്ചു പ്രതിനിധികളും എന്ന ക്രമമാണു തെരഞ്ഞെടുപ്പിൽ അംഗീകരിച്ച മാനദണ്ഡം.

ചിററൂർ മുതൽ തോവാള വരെയുള്ള എല്ലാ താലൂക്കിൽനിന്നും പ്രതിനിധികൾ സംബന്ധിച്ചു് ഏററവും ഉത്സാഹപൂർവ്വംനടത്തിയ ഈ തെരഞ്ഞെടുപ്പ് ഈ രാജ്യത്തിലെ ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ പുരോഗതിയെ വ്യക്തമാക്കുന്നുണ്ടു്. ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട 14 മെംബറന്മാരും തിരു-കൊച്ചിഗവണ്മെൻറിന്റെ രണ്ടു പ്രതിനിധികളും തിരുവിതാംകൂർ സർവ്വകലാശാലയുടെ ഒരു പ്രതിനിധിയും കമ്മിററികൂടി തെരഞ്ഞെടുക്കുന്ന 4 പ്രതിനിധികളും ചേർന്ന 21 അംഗങ്ങളിൽ നിന്നാണു് ഉദ്യോഗഭാരവാഹികളെ തെരഞ്ഞെടുക്കുന്നതു്. മാർച്ച് അവസാനത്തിനകംതെരഞ്ഞെടുപ്പ് പൂർത്തിയാകുന്നതാണു്.

---

## ലൈബ്രറി ഗ്രാൻറ്

52-53-ലെ ഗ്രാൻറു വിതരണത്തിനു് ഇക്കൊല്ലത്തെ ബഡ്ജററിൽ അനുവദിച്ച തുക കുറവായിരുന്നതിനെ പരിഗണിക്കാതെ ലൈബ്രറികൾക്കു പ്രോത്സാഹനകരമായ ഗ്രാൻറു നൽകണമെന്നു ലൈബ്രറിഗ്രഡേഷൻ കമ്മററിഅധികൃതസ്ഥാനങ്ങളിൽ നിവേദനം നടത്തിയതിന്റെ ഫലമായി മാർച്ച് 7ാം നു- വൈകിട്ടു 5 മണിക്കു സെക്രട്ടറിയേററിൽവച്ചു ചീഫ്മിനിസ്റ്റർ, ഫിനാൻസുമിനിസ്റ്റർ, ഫിനാൻസുസെക്രട്ടറി, എഡ്യൂക്കേഷൻ സെക്രട്ടറി എഡ്യു: ഡയറക്ടർ എന്നിവരും, ലൈബ്രറിഗ്രഡേഷൻകമ്മററി അംഗങ്ങളായ ശ്രീ എൻ. പി. വറുഗ്ഗീസ്, കെ. ജെ. തോമസ്, പി. എൻ. പണിക്കർ എന്നിവരുമുൾപ്പെട്ട ഒരുകാൺഫ്രൻസു നടത്തുകയും ലൈബ്രറികൾക്കു കഴിഞ്ഞകൊല്ലം നൽകിയിരുന്ന ഗ്രാൻറിൽ കൂടുതലായ തുക നൽകുന്നതിനു് അനുകൂലമായ ഓർഡർ പാസാക്കത്തക്ക വിധത്തിൽ തീരുമാനിച്ചിരിക്കുന്നതായും അറിയുന്നു.

# ഇന്ത്യയിൽ സംസ്കൃതാഭ്യസനം

ഡാക്ടർ പി. കെ. നാരായണപിള്ള എം. ഏ., പി. എച്ച്. ഡി.

"ഭാരതത്തിൽ എല്ലാ പ്രദേശങ്ങളും ഒരുപോലെ അവരവരുടേതെന്ന് അഭിമാനിക്കുന്ന ഭാഷ സംസ്കൃതം മാത്രമാണ്. ആ ഭാഷയെ അനായാസേന ഇന്ത്യയുടെ രാഷ്ട്രഭാഷയായി അംഗീകരിക്കാമായിരുന്നു. അങ്ങിനെ ചെയ്തിരുന്നു എങ്കിൽ ഇന്നു ഹിന്ദിയെക്കുറിച്ചുള്ള വിപ്രതിപത്തിക്കു ഇടയാകുമായിരുന്നില്ല. ഏററവും പ്രൗഢമായ ഒരു ഭാഷ നമുക്കു രാഷ്ട്രഭാഷയായി ലഭിക്കുകയും ചെയ്യുമായിരുന്നു." എന്നിങ്ങനെ ഒരു സംഭാഷണമദ്ധ്യേ സുപ്രസിദ്ധഭൗതികശാസ്ത്രവിദഗ്ദ്ധനായ സർ. സി. വി. രാമൻ ഈ ലേഖകനോടു ചില ദിവസങ്ങൾക്കു മുൻപ് പ്രസ്താവിച്ചു. ഈ അഭിപ്രായം ഇതിനുമുൻപ് പല പ്രാവശ്യവും അദ്ദേഹം പ്രകാശിപ്പിച്ചിട്ടുള്ളതുമാണ്. സംസ്കൃതം രാഷ്ട്രഭാഷയാകണമെന്നുള്ള വാദത്തിനു ഇപ്പോൾ പ്രസക്തിയില്ലെങ്കിലും ആ ഭാഷയുടെ മഹത്വത്തെപ്പററി ഭൗതികശാസ്ത്രജ്ഞന്മാർപോലും എത്രത്തോളം ബോധവാന്മാരാണെന്നു സർ. സി. വി. രാമന്റെ ഈ പ്രസ്താവന വിശദമാക്കുന്നു.

സംസ്കൃതത്തിനു കുറഞ്ഞപക്ഷം അയ്യായിരംകൊല്ലത്തെ ചരിത്രമുണ്ട്. സംസ്കൃതഭാഷയും സാഹിത്യവും പരിപോഷം പ്രാപിച്ചിട്ടുള്ളതു കാശ്മീർ തുടങ്ങി കന്യാകുമാരിവരെയുള്ള ഭാരതീയരുടെ പ്രതിഭാശക്തിയുടേയും കലാനൈപുണ്യത്തിന്റേയും പ്രചോദനപൂർവ്വകമായ പ്രവർത്തനംകൊണ്ടാണ്. കഴിഞ്ഞ രണ്ടു സഹസ്രാബ്ദങ്ങളിലെ കേരളീയരുടെ വിജ്ഞാനസമ്പത്തു പരിശോധിച്ചാലറിയാം, അനുഗൃഹീതമതികളായ കേരളീയകലാകാരന്മാർ അവരുടെ അഭ്യാസത്തിന്റേയും അഭിയോഗത്തിന്റേയും ഏറിയക്രമം സംസ്കൃതപോഷണത്തിനുവേണ്ടിയാണു ചെലവഴിച്ചിട്ടുള്ളതെന്ന്. ഏതാണ്ട് ഇതുപോലെ തന്നെയായിരിക്കും മററു പ്രദേശങ്ങളുടെയും കഥ. അതിസൂക്ഷ്മമായ ശാസ്ത്രീയഗ്രന്ഥങ്ങൾ രചിക്കുന്നതിനും ഗഹനമായി കലാതത്ത്വനിരൂപണം ചെയ്യുന്നതിനും അനേകസഹസ്രാബ്ദങ്ങളായി ഭാരതീയർ ഉപയോഗിച്ചുവന്ന ഈ ഭാഷയുടെ പ്രൗഢതയെപ്പററി വിശേഷവിധിയായി ഒന്നും ഇവിടെ പ്രസ്താവിക്കേണ്ടതില്ല. ഭാരതീയരുടെ സംസ്കാരത്തിനു ഏകീകരണം വരുത്തുവാനും പ്രാദേശികഭാഷകളെ പുഷ്ടിപ്പെടുത്തുവാനും അങ്ങിനെ ഭാരതത്തിന്റെ ആത്മചൈതന്യത്തെ സാന്ദ്രമാക്കുവാനും സംസ്കൃതത്തിനേ സാധിച്ചിട്ടുള്ളു. ലോകത്തിലെ ചിരന്തനഭാഷകളുടെ കൂട്ടത്തിൽ സംസ്കൃതത്തിന്റെ സ്ഥാനം അദ്വിതീയമാണെന്നും അതിനു കാലക്രമത്തിൽ ലോകത്തിന്റെ മുഴുവൻ ഭാഷയായിത്തീരുവാൻ സാദ്ധ്യതകളുണ്ടെന്നും പറഞ്ഞാൽ അതൊരു വസ്തുതാസ്പദമായ ദീർഘദർശനം മാത്രമായിരിക്കും.

## സംസ്കൃതത്തിന്റെ വിലയിടിച്ചിൽ

ഭാരതത്തിലെ സംസ്കൃതാഭ്യസനത്തിന്റെ ചരിത്രം എഴുതപ്പെടേണ്ടതായി ഇനിയും ശേഷിക്കുന്നതേയുള്ളു. ഭാരതീയർക്കു വിജ്ഞാനവിനിമയത്തിനുള്ള ഏകഭാഷയായിരുന്ന സംസ്കൃതം കഴിഞ്ഞ ഒന്നരശ്ശതാബ്ദമായി ആ സ്ഥാനം ഇംഗ്ലീഷിനൊഴിഞ്ഞു കൊടുക്കേണ്ടിവന്നു. ബ്രിട്ടീഷുകാരുടെ ഭരണം സമാരംഭിച്ച കാലഘട്ടത്തിൽ സംസ്കൃതാഭ്യസനത്തിനു ഭാരതത്തിലൊട്ടാകെ സവിശേഷങ്ങളായ സംവിധാനങ്ങൾ ഉണ്ടായിരുന്നു എങ്കിലും ഭരണാധിപന്മാരുടെ ഭാഷയ്ക്കുള്ള അധികാരബലവും വർണ്ണപ്പകിട്ടും നിമിത്തം സംസ്കൃതപഠനം സ്വാഭാവികമായി തന്നെ ക്ഷയോന്മുഖമായിത്തീർന്നു. മഹാരാജാക്ക

ന്മാരുടേയും ഇടപ്രഭുക്കന്മാരുടേയും ധനാഢ്യന്മാരുടേയും വിജ്ഞാനപോഷണപ്രതിപത്തിനിമിത്തം കാര്യക്ഷമമായി പ്രവർത്തിച്ചുവന്നിരുന്ന സംസ്കൃതപാഠശാലകളിൽ പലതും നിന്നുപോകുകയും ചിലതെല്ലാം ആധുനികരീതിയിലുള്ള വിദ്യാലയങ്ങളായി രൂപാന്തരപ്പെടുകയും ചെയ്തു. രാജഗേഹങ്ങളിലേയും പ്രഭുകുടുംബങ്ങളിലേയും സംസ്കൃതാഭ്യസനപരിപാടികൾ ആംഗലേയരോടുള്ള വിധേയത്വവും ആംഗലഭാഷാഭ്രമവും നിമിത്തം കാലക്രമത്തിൽ വിലയംപ്രാപിച്ചു. പാശ്ചാത്യപരിഷ്കാരത്തിന്റെ അതിപ്രസരം നിമിത്തം മതബോധത്തിനും വിശ്വാസത്തിനും ഉടവുതട്ടുകയാൽ ക്ഷേത്രങ്ങളിലും ആചാരമഠങ്ങളിലും നടന്നുവന്നിരുന്ന സംസ്കൃതാഭ്യസനത്തിനും ക്ഷീണം സംഭവിച്ചു. വേദശാസ്ത്രാദികൾ അഭ്യസിക്കുന്നതിനായി പണ്ഡിതകുടുംബങ്ങൾക്കു രാജാക്കന്മാരും പ്രഭുക്കളും നൽകിയിരുന്ന ഉദാരങ്ങളായ സംഭാവനകൾ നിലച്ചുപോയി. സംസ്കൃതവിദ്യാർത്ഥികൾക്കു സൌജന്യമായ വിദ്യാഭ്യാസത്തിനും ക്ലേശരഹിതമായ ജീവിതസന്ധാരണത്തിനും ഏർപ്പെടുത്തിയിരുന്ന വ്യവസ്ഥകൾ ഒന്നൊന്നായി തിരോഭവിച്ചു. സർവ്വോപരി ഇംഗ്ലീഷുഭാഷയുടെ പ്രചാരത്തോടുകൂടി സംസ്കൃതപാണ്ഡിത്യത്തിനുള്ള വിലയും സംസ്കൃതപണ്ഡിതന്മാർക്കുള്ള നിലയും ക്രമത്തിലധികം ഇടിഞ്ഞുപോകയും ചെയ്തു.

## എങ്കിലും—

മുകളിൽ പ്രസ്താവിച്ചതുപോലെ വിദേശീയഭരണം പൂർവ്വികരീതിയിലുള്ള സംസ്കൃതവിദ്യാഭ്യാസത്തെ ദയനീയമായി നിരുത്സാഹപ്പെടുത്തിയെങ്കിലും രണ്ടുമൂന്നു മാർഗ്ഗങ്ങളിൽക്കൂടി സംസ്കൃതപാഠനത്തിനു നവോത്ഥാനം ലഭിക്കുവാനും പാശ്ചാത്യസംസർഗ്ഗം ഇടയാക്കിയിട്ടുണ്ടു്. ജിജ്ഞാസുക്കളായ പാശ്ചാത്യപണ്ഡിതന്മാരുടെ ശ്രദ്ധയിൽപ്പെട്ട സംസ്കൃതത്തിനു് അവരുടെ താരതമ്യപാഠനത്തിന്റേയും ഗവേഷണത്തിന്റേയും ഫലമായി ഒരു നവോന്മേഷം സംജാതമായി. കഴിഞ്ഞ 15 വർഷക്കാലം അവർ ചെയ്തിട്ടുള്ള വൈജ്ഞാനികസേവനത്തിന്റെ ഫലമായി ഭാരതീയവിദ്യ പ്രശസ്തമായ ഒരു വിജ്ഞാനസരണിയായി രൂപമെടുത്തു. ആധുനികരീതിയിലുള്ള വിദ്യാലയങ്ങളുടേയും സർവ്വകലാശാലകളുടേയും ആവിർഭാവത്തോടുകൂടി പാഠനവിഷയങ്ങളുടെ കൂട്ടത്തിൽ തീരെ പ്രാധാന്യം കുറഞ്ഞമട്ടിലാണെങ്കിലും സംസ്കൃതത്തിനും ഒരു സ്ഥാനം ലഭിച്ചതു് അതിന്റെ നിലനില്പിനും പ്രചരണത്തിനും സഹായമായിത്തീർന്നു. സർവ്വകലാശാലകളിൽ ബി. ഏ., എം. ഏ. തുടങ്ങിയ പരീക്ഷകൾക്കു സംസ്കൃതം പ്രധാനവിഷയമായി അംഗീകരിക്കപ്പെടുകനിമിത്തം താരതമ്യവിവേചനം ചെയ്തു് സംസ്കൃതസാഹിത്യത്തിന്റെ മൂല്യം നിർണ്ണയിക്കുവാനും അതിലുൾക്കൊള്ളുന്ന ആശയവിശേഷങ്ങളെ സുഗ്രഹമായ രീതിയിൽ വ്യാഖ്യാനിക്കുവാനും ഭാരതത്തിലെ വിദ്യാർത്ഥികൾക്കും പണ്ഡിതന്മാർക്കും അവസരം ലഭിച്ചു. പാശ്ചാത്യരുടെ ശാസ്ത്രീയപാഠനരീതിയുടേയും ഉത്സാഹപൂർവ്വമായ ഗവേഷണപദ്ധതികളുടേയും പ്രതിഫലനംനിമിത്തം പ്രാചീനഗ്രന്ഥങ്ങൾ ശേഖരിക്കുന്നതിനും അവയെ പ്രസിദ്ധപ്പെടുത്തുന്നതിനും ഗവേഷണപരമായ ഉപരിപഠനം നടത്തുന്നതിനും ഉതകുന്ന ചില പരിപാടികൾ ഭാരതത്തിലും ആസൂത്രണം ചെയ്തു നടപ്പിൽകൊണ്ടുവരപ്പെട്ടിട്ടുണ്ടു്. പാശ്ചാത്യമാതൃകയിലുള്ള പ്രസ്തുതങ്ങളായ പാഠനഗവേഷണസമ്പ്രദായങ്ങൾ ഇന്നു് ഇൻഡ്യയിൽ വേരുറച്ചു തഴച്ചുവരുന്നു എന്നുള്ളതു് ആശാസ്യമായ ഒരു വസ്തുതയാണു്. പൂനയിലെ ഭണ്ഡാർക്കർ റിസർച്ചു് ഇൻസ്റ്റിറ്റ്യൂട്ടു്, ഡെക്കാൻ കോളേജു് റിസർച്ചു് ഇൻസ്റ്റിറ്റ്യൂട്ടു്, അലഹബാദിലെ ഗംഗാനാഥ്ഝാ റിസർച്ചു് ഇൻസ്റ്റിറ്റ്യൂട്ടു്, ബറോഡയിലെ ഓറിയൻറൽ ഇൻസ്റ്റിറ്റ്യൂട്ടു്, മദ്രാസിലെ കുപ്പുസ്വാമിശാസ്ത്രി റിസർച്ചു് ഇൻസ്റ്റിറ്റ്യൂട്ടു്, തിരുവനന്തപുരത്തെ ഹസ്തലിഖിതഗ്രന്ഥാലയം മുതലായ സ്ഥാപനങ്ങൾ ഇതിനു നിദർശനങ്ങളാണു്. കൂടാതെ പ്രസിദ്ധ സർവ്വകലാശാലകളുടെ ആഭിമുഖ്യത്തിൽ സംസ്കൃതഗവേഷണത്തിനുള്ള വകുപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ളതും ഇവിടെ അനുസ്മരണീയമാണു്. പാശ്ചാത്യമാതൃകയനുസരിച്ചുള്ള

ഈദൃശസ്ഥാപനങ്ങളും പഠനപദ്ധതികളും ഇന്ത്യയിൽ പുരോഗമിച്ചുവരുന്നുണ്ടെങ്കിലും രണ്ടു ലോകമഹായുദ്ധങ്ങളുടെ പ്രത്യാഘാതമായി പാശ്ചാത്യരാജ്യങ്ങളിൽ സംസ്കൃതപഠനത്തിനുള്ള ഔത്സുക്യം കുറഞ്ഞുവരുന്നതായി കാണപ്പെടുന്നു. പാരീസ് യൂണിവേർസിററിയിലെ പ്രൊഫസറും സുപ്രസിദ്ധഗവേഷകനുമായ ഡോ. ലൂയിറെനോ രണ്ടുമൂന്നു വർഷം മുമ്പു തിരുവനന്തപുരത്തുവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി. "അനേകം ഭാരതീയവിദ്യാപണ്ഡിതന്മാർ ഭാരതീയരെ പഠനരീതിയും നിരൂപണസമ്പ്രദായവും അഭ്യസിപ്പിച്ചു അതേ സമയം ഭാരതീയർ അവരുടെ അനുഭവനിധികളായ മൂലകൃതികൾ പാശ്ചാത്യവിദ്വാന്മാർക്കു സംഭാവന ചെയ്യുകയും ചെയ്തു. ഇന്നാകട്ടെ യൂറോപ്പിലെ മിക്ക രാജ്യങ്ങളും ക്ഷീണിച്ചിരിക്കുന്നു; മൂകമായിരിക്കുന്നു. അതിനാൽ ഈ ശാന്തമായ മത്സരത്തിൽ പ്രഥമസ്ഥാനം നേടുവാൻ ഇന്ത്യ സ്വയം പരിശ്രമിക്കേണ്ടതായിരിക്കുന്നു".

അങ്ങിനെ പാശ്ചാത്യരായ സംസ്കൃതപ്രണയികളുടെ പ്രതിനിധിയെന്ന നിലയിൽ ഡോ. റെനോ ശാസ്ത്രീയമായ സംസ്കൃതപരിപോഷണത്തിന്റെ ചുമതല ഭാരതീയരിൽ വിന്യസിച്ചിരിക്കുന്നു. രാഷ്ട്രീയസ്വാതന്ത്ര്യം ലഭിച്ച ഈ സന്ദർഭത്തിൽ പ്രത്യേകിച്ചും നമ്മുടെ ചുമതല ശതഗുണീഭവിക്കുന്നു എന്നു എടുത്തുപറയേണ്ടിയിരിക്കുന്നു. എന്നാൽ സംസ്കൃതപഠനത്തിലും അതുൾക്കൊള്ളുന്ന സംസ്കാരപ്രകാശനത്തിലും നമ്മുടെ യഥാർത്ഥമായ നില ഇന്നെന്താണ്? അതു തികച്ചും അനാശാസ്യമാണെന്ന് ഒററനോട്ടത്തിൽ കാണുവാൻ കഴിയും. സംസ്കൃതത്തിന്റെ ഉള്ളടക്കത്തെ ആരാധിക്കുന്നവിധം ബഹുമാനിക്കുവാനോ അതിന്റെ പ്രചരണം കൊണ്ടു ലോകത്തിനു പ്രയോജനമുണ്ടാക്കുവാനോ ഉള്ള സന്നദ്ധത ഇന്നു ഭാരതത്തിൽ വളരെ ദുർല്ലഭമായിരിക്കുന്നു എന്നുവേണം പറയുവാൻ. അധുനാതനതയുടെ ലഹരിപിടിച്ച മനുഷ്യൻ പ്രാചീനതയോടു സ്വാഭാവികമായിത്തോന്നുന്ന അകൽച്ച ഭാരതീയർക്കു സംസ്കൃതത്തോടു തോന്നിക്കഴിഞ്ഞിരിക്കുന്നു. പ്രായമായാലും മാതാവു മാതാവുതന്നെയാണെന്നു നാം ധരിച്ചിരുന്നെങ്കിൽ! ആ മാതാവിന്റെ സംസ്കാരസമ്പത്തി മനസ്സിലാക്കുവാനുള്ള വാസനകൊണ്ടു് യഥാർത്ഥമായ പുത്രത്വം നാം സമ്പാദിച്ചിരുന്നെങ്കിൽ! ദുർബ്ബോധമായ സംസ്കൃതഭാഷയുടെ അഭ്യസനം ദുഷ്കരമാണെന്നുള്ള ഭീതിയും ഭാരതീയരെ ഗ്രസിച്ചുകഴിഞ്ഞിരിക്കുന്നു. സംസ്കൃതം ഹിന്ദുമതത്തിന്റെ വാഹനം മാത്രമാണെന്നുള്ള ഒരു മതപരമായ അനാദരവും അതിന്റെനേർക്കു കാട്ടിത്തുടങ്ങിയിട്ടുണ്ടു്. ജ്യോതിശ്ശാസ്ത്രം, ശില്പശാസ്ത്രം, അർത്ഥശാസ്ത്രം തുടങ്ങിയ ഒട്ടനേകം ഭൗതികവിഷയങ്ങൾകൊണ്ടു സംപുഷ്ടമായ സംസ്കൃതം മതപരമാണുപോലും! സ്വാതന്ത്ര്യോദയത്തോടുകൂടി ഇംഗ്ലീഷിന്റെ അഖിലഭാരതപ്രാധാന്യം പ്രാദേശികഭാഷകളും രാഷ്ട്രഭാഷയായി അംഗീകരിക്കപ്പെട്ട ഹിന്ദിയും വീതിച്ചെടുത്തതായി തോന്നുന്നു. സർവ്വലോകപ്രധാനമായ ഇംഗ്ലീഷുഭാഷയെ നിർമ്മാർജ്ജനം ചെയ്യുവാൻ വിവേകശാലികൾ സമ്മതിക്കുകയുമില്ല. അപ്പോൾ ഭാഷാബാഹുല്യത്തിൽപ്പെട്ടു സ്വസ്ഥാനസമാർജ്ജനത്തിനു പഴുതില്ലാതെ സംസ്കൃതം കുഴങ്ങിപ്പോകുന്നു. എന്നാൽ പ്രാദേശികഭാഷകളിലോ രാഷ്ട്രഭാഷയിലോ നിരാക്ഷേപമായ പരിജ്ഞാനം സമ്പാദിക്കുന്നതിനു സംസ്കൃതാഭ്യസനം അത്യന്താപേക്ഷിതമാണെന്നുള്ള പരമാർത്ഥം നാം മനസ്സിലാക്കുന്നില്ല. ഇതരഭാരതീയഭാഷാപാണ്ഡിത്യത്തിലേക്കുള്ള രാജവീഥിയാണു് സംസ്കൃതജ്ഞാനമെന്ന തത്വം നാം മനസ്സിലാക്കുമ്പോൾ ഭാരതീയഭാഷകളും സാഹിത്യങ്ങളും വീണ്ടും ഊർജ്ജസ്വലങ്ങളാകും; സംസ്കൃതം അതിന്റെ യഥാർഹമായ പദവിയിൽ എത്തിച്ചേരും. സംസ്കൃതവിജ്ഞാനം അനപേക്ഷണീയമായിക്കരുതിയിരുന്ന പ്രാദേശികഭാഷാപ്രവീണന്മാർ ഇന്നു് അശക്തികൊണ്ടോ അജ്ഞാനംകൊണ്ടോ സംസ്കൃതത്തോടു് അനാദരവും പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. ആധുനികശാസ്ത്രാഭ്യസനംകൊണ്ടു സിദ്ധിക്കാവുന്ന ഭൗതികനേട്ടങ്ങളെ പരിഗണിച്ചു് ഉല്ക്കർഷേച്ഛുക്കളായ വിദ്യാർത്ഥികൾ സംസ്കൃതത്തോടു വൈമുഖ്യം കാണിക്കുക സാധാരണയായിത്തീർന്നി

രിക്കുന്നു. വിദഗ്ദ്ധമായി സംസ്കൃതവിദ്യാഭ്യാസം ചെയ്യുന്ന യുവാക്കന്മാർക്കുപോലും ജീവിതോപാർജ്ജനം ദുഷ്കരമായിത്തീർന്നിരിക്കുന്നു. സർവ്വകലാശാലകളുടേയും ഭരണകൂടങ്ങളുടേയും മേധാവികളുടെ കൂട്ടത്തിൽ സംസ്കൃതജ്ഞന്മാരോ സംസ്കൃതാഭിമാനികളോ സാധാരണ ഉൾപ്പെട്ടുകാണാറില്ല. അധികാരത്തിൽ വരുന്നതു വലിയ ശമ്പളക്കാരാണല്ലോ. ഭാരതീയജീവിതത്തിൽ സംസ്കൃതത്തിനുള്ള പ്രാധാന്യം മനസ്സിലാക്കുവാനോ വിജ്ഞാനമണ്ഡലത്തിൽ അതർഹിക്കുന്ന സ്ഥാനം അതിനു കല്പിക്കുവാനോ സന്നദ്ധരല്ലാത്ത-അന്തർജ്ജീവിതത്തിൽ അഭാരതീയരായ-അധികാരികളുടെ അനാദരത്തിനു സംസ്കൃതം വിഷയീഭവിക്കുന്നതും അതിന്റെ ഉൽക്കർഷത്തിന്നു് അവർ പ്രതിബന്ധകാരികളായിത്തീരുന്നതും സംസ്കൃതപ്രണയികളുടെ ഹൃദയത്തെ ദഹിപ്പിച്ചുകൊണ്ടിരിക്കുന്നു.

## സംസ്കൃതവിശ്വപരിഷത്ത്

ഇപ്രകാരം പ്രതികൂലസാഹചര്യങ്ങളിൽപ്പെട്ടു് ആത്മപ്രകാശനം ചെയ്യുവാൻ മാർഗ്ഗമില്ലാതെ സ്വന്തം ജന്മഭൂമിയായ ഭാരതത്തിൽ സംസ്കൃതം ഉഴന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഇന്ത്യയുടെ പ്രസിഡണ്ടായ ഡോ. രാജേന്ദ്രപ്രസാദ്, ശ്രീ. കെ. എം. മുൻഷി തുടങ്ങിയ മഹാന്മാരുടെ സമർത്ഥമായ നേതൃത്വത്തിൽ സംസ്കൃതവിശ്വപരിഷത്തിന്റെ സ്ഥാപനം സ്വസംസ്കാരത്തിൽ അഭിമാനമുള്ള ഏതു ഭാരതീയനെയാണു പുളകംകൊള്ളിക്കാത്തതു്! പൌരസ്ത്യവിജ്ഞാനത്തിന്റെ പരിപോഷണം ലക്ഷ്യമായംഗീകരിച്ചിട്ടുള്ള "ആൾ ഇന്ത്യ ഓറിയന്റൽ കോൺഫറൻസ്" വാർഷികയോഗങ്ങൾ നടത്തുകയും സംസ്കൃതമുൾപ്പെടെ സാംസ്കാരികങ്ങളായ വിവിധവിജ്ഞാനങ്ങളെയും ഭാഷകളെയും അധികരിച്ചു ഗവേഷണപ്രബന്ധങ്ങൾ ചർച്ച ചെയ്യുകയും മററു ചെയ്തുവരുന്നുണ്ടെങ്കിലും ലക്ഷ്യത്തിന്റെ വ്യാപ്തിയും ഊർജ്ജസ്വലമായ പ്രവർത്തനത്തിന്റെ അഭാവവും നിമിത്തം അതിനു സംസ്കൃതപോഷണത്തിന്നായി ഗണ്യമായ കൈങ്കര്യമനുഷ്ഠിക്കുവാൻ സാധിച്ചുവരുന്നില്ല. പോരെങ്കിൽ ആധുനികരീതിയിലുള്ള ഗവേഷണത്തിനു പ്രാധാന്യം കല്പിച്ചിരിക്കുന്ന ആ സംഘടനയ്ക്കു സംസ്കൃതസാഹിത്യത്തിന്റെ പുനരുജ്ജീവനത്തിലോ പാണ്ഡിത്യസമ്പാദകമായ അഭ്യസനരീതിയിലോ ശ്രദ്ധപതിപ്പിക്കുവാനും നേട്ടങ്ങൾ ഉണ്ടാക്കുവാനും സാധിക്കാതെ പോകുന്നതു സ്വാഭാവികമാണു്. അതിനാൽ സംസ്കൃതസംരക്ഷണത്തിനും പുരോഗതിക്കുമായി സംസ്കൃതവിശ്വപരിഷത്തിനെപ്പോലെയുള്ള ഒരു പ്രത്യേകസംഘടനയുടെ ഉദയവും ഉന്നിദ്രമായ പ്രവർത്തനവും സവിശേഷം അഭികാമ്യമായിരിക്കും. 1951 മേയ്മാസത്തിൽ സുപ്രസിദ്ധമായ സോമനാഥക്ഷേത്രത്തിലെ പുനഃപ്രതിഷ്ഠാസന്ദർഭത്തിൽ സമാരബ്ധമായ സംസ്കൃതവിശ്വപരിഷത്തിന്റെ വിശ്വാസപ്രമാണം ഇതാണു്.

സംസ്കൃതം ഭാരതീയരുടെ സംസ്കാരത്തിന്റെ ഭാഷയാണു്. ഭാരതീയമായ പ്രചോദനം സംസ്കൃതത്തിൽനിന്നാണു ലഭിക്കുന്നതു്. അതു ലോകത്തിന്റെ ചിരന്തനഭാഷയാണു്, ഇന്ത്യയുടെ സാംസ്കാരികവും ആദ്ധ്യാത്മികവുമായുള്ള മഹത്വം ഗ്രഹിക്കുവാനുള്ള ഏകമാർഗ്ഗമാണു്.

ഭൂതകാലത്തിന്റെ രത്നനിധാനവും പ്രാദേശികഭാഷകളുടെ ജീവാതുവും ആയ സംസ്കൃതത്തെ പ്രചരിപ്പിക്കുകയെന്നുള്ളതാണു് ഇന്ത്യയുടെ ഇപ്പോഴത്തെ പ്രഥമവും പ്രധാനവുമായ ആവശ്യം. സംസ്കൃതം ഭാരതീയരുടെ ജീവിതത്തിൽ അലിഞ്ഞുചേരുമാറു് ഇതു നിർവ്വഹിക്കേണ്ടിയിരിക്കുന്നു. ഇതുപോലെതന്നെ നമ്മുടെ സംസ്കാരമണ്ഡലത്തിലെ അമൂല്യരത്നങ്ങൾ ലോകത്തിനു സുലഭമാകത്തക്കവണ്ണം ഭാരതീയവിദ്യയിൽ ഗവേഷണം നടത്തേണ്ടതും അനുപേക്ഷണീയമത്രെ.

ഈ പരിപാടി പ്രായോഗികമാക്കുന്നതിന്നായി പ്രസിഡണ്ടു് ഡോ: രാജേന്ദ്രപ്രസാദ് അദ്ധ്യക്ഷനായും പ്രശസ്തരായ മഠാധിപന്മാർ ഉപദേശകാരികളായും ഗവർണറന്മാർ, രാജപ്രമുഖന്മാർ,

പാശ്ചാത്യരും പൌരസ്ത്യരുമായ പണ്ഡിതപ്രമുഖന്മാർ മുതലായവർ ഉപാദ്ധ്യക്ഷന്മാരായും സംസ്കൃതവിശ്വപരിഷത്ത് ഉടലെടുത്തു. പരിഷത്തിന്റെ ഇരുപതോളം ശാഖകൾ ഭാരതമൊട്ടുക്കു സ്ഥാപിച്ചു പ്രവർത്തനം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ഒരു സംസ്കൃതസർവ്വകലാശാല സമാരംഭിക്കുവാൻ എട്ടുപത്തു പ്രധാനസ്ഥാനങ്ങൾ മദ്ധ്യപ്രദേശം ബോംബേ തുടങ്ങിയ ഗവൺമെന്റുകളും ബിർള തുടങ്ങിയ കോടീശ്വരന്മാരും വാഗ്ദാനം ചെയ്തുകഴിഞ്ഞിരിക്കുന്നു. ഇത്രയും നേട്ടങ്ങളോടുകൂടിയാണ് സംസ്കൃതപരിഷത്തിന്റെ ദ്വിതീയവാർഷികയോഗം കഴിഞ്ഞ നവംബർ 15, 16-ാം തീയതികളിൽ സംസ്കൃതസങ്കേതമായ കാശിയിൽവെച്ച് ആഘോഷിക്കപ്പെട്ടതു്. ആ സമ്മേളനത്തിൽ തിരുവിതാംകൂർ സർവ്വകലാശാലയുടെ പ്രതിനിധിയായി സംബന്ധിക്കുവാൻ സാധിച്ചതിൽ ഞാൻ ചാരിതാർത്ഥനാണ്. സമ്മേളനരംഗം ഗവൺമെന്റുവക സംസ്കൃതകലാശാലയായിരുന്നു. വിസ്തൃതവും മനോഹരവുമായ പരിസരത്തോടുകൂടി ശില്പമോഹനമായി നിർമ്മിച്ചിരിക്കുന്ന ആ കലാശാലയുടെ പാർശ്വത്തിലായി അനേകായിരം ആളുകൾക്ക് ഇരിക്കത്തക്കവണ്ണം സജ്ജമാക്കിയിരുന്ന വിശാലമായ ഒരു പന്തലിലാണ് യോഗങ്ങൾ ചേർന്നതു്. കോളേജിലെ വിദ്യാർത്ഥിസേവാസംഘത്തിന്റെ അഭിവാദനം സ്വീകരിച്ചശേഷം പതാകാഭിവന്ദനം നടത്തി അദ്ധ്യക്ഷനായ രാഷ്ട്രപതി സഭാവേദിയിൽ ആസനസ്ഥനായി. ഉത്തരപ്രദേശത്തെ അഭ്യന്തരമന്ത്രിയായ ഡാക്ടർ സമ്പൂർണ്ണാനന്ദൻ സംസ്കൃതഭാഷയിൽ ചെയ്ത സമുജ്ജ്വലമായ സ്വാഗതപ്രസംഗം സദസ്സിൽ സന്നിഹിതരായിരുന്ന മുന്നൂറോളം പ്രാദേശികപ്രതിനിധികളെയും പതിനായിരത്തോളം വരുന്ന മററു സഭാവാസികളെയും സവിശേഷം ആകർഷിച്ചു. സംസ്കൃതം രാഷ്ട്രഭാഷയായി അംഗീകരിക്കപ്പെടണമെന്നു താൻ പത്തുവർഷത്തിനുമുൻപുതന്നെ വാദിച്ചിട്ടുള്ളതാണെന്നും ആ വാദം പ്രതിബദ്ധമായെങ്കിലും വീണ്ടും പ്രായോഗികമായിത്തീരുവാൻ സാദ്ധ്യതയുള്ളതാണെന്നും പ്രസ്താവിച്ചശേഷം അദ്ദേഹം സംസ്കൃതപണ്ഡിതന്മാരുടെ ചുമതലകളെപ്പററി ഉൽബോധിപ്പിച്ചുകൊണ്ടു തുടർന്നു. "സംസ്കൃതപണ്ഡിതന്മാർ ഭാരതീയസംസ്കാരം എല്ലായിടത്തും പ്രചരിപ്പിക്കണം. ഭഗവാൻ ശ്രീബുദ്ധന്റെ ശിഷ്യപരമ്പരകൾ വിദൂരദേശങ്ങളിൽപ്പോലും ധർമ്മവിഷയകമായ ചർച്ചകൾ നടത്തി ഭാരതത്തിനു ജഗദ്ഗുരുത്വം സമ്പാദിച്ചതുപോലെ നാം ഇന്നും യത്നിക്കേണ്ടിയിരിക്കുന്നു. അത്യാഗ്രഹവും അഹങ്കാരവും ഭയവും മനസ്സിൽ കടന്നുകൂടി അനവധി ചിന്തകളിൽ കുടുങ്ങി വീണ്ടും വീണ്ടും സംഭവിക്കുന്ന യുദ്ധംമൂലം മനഃസ്വാസ്ഥ്യം പാടേ നശിച്ചിരിക്കുന്ന മനുഷ്യൻ ഒരു ശാന്തിസന്ദേശം പ്രതീക്ഷിച്ചുകൊണ്ടിരിക്കയാണ്. അവനെ രക്ഷിക്കുവാൻ ഭാരതത്തിനല്ലാതെ മററാർക്കു കഴിയും? സ്വന്തം നിഴലിനെ പേടിച്ചുവിറക്കുന്നവനോടു 'പേടിക്കേണ്ട, നീ ശത്രുവെന്നു കരുതി ആരെയാണോ കൊല്ലുവാനുദ്യമിക്കുന്നതു് അവൻ നിന്നിൽനിന്നും അഭിന്നൻതന്നെ' എന്നാർ പറയും? സഹസ്രക്കണക്കിനുള്ള അണുബോമ്പുകൊണ്ടൊന്നും രാഷ്ട്രങ്ങൾ തമ്മിലുള്ള രമ്യത നിലനില്ക്കുകയില്ല. ത്യാഗം ഒന്നുകൊണ്ടല്ലാതെ പരമർദ്ദനംകൊണ്ടു ശാന്തി ഉണ്ടാവുകയില്ല. ആ സ്വാഗതപ്രസംഗം ഇങ്ങനെ ഉപസംഹരിക്കപ്പെട്ടു. "സ്വതന്ത്രഭാരതത്തിലെ പ്രഥമരാഷ്ട്രപതിയും പ്രജകളുടെ ഹൃദയമാകർഷിച്ച സമാരാദ്ധ്യനുമായ ശ്രീ. രാജേന്ദ്രപ്രസാദും ഉത്തർപ്രദേശ് ഗവർണർ ശ്രീ. കെ. എം. മുൻഷിയും മുഖ്യമന്ത്രി ശ്രീ. ഗോവിന്ദവല്ലഭപന്തും സംസ്കൃതപ്രേമികളാണെന്നുള്ളതു നമ്മുടെ ഭാഗ്യംതന്നെ. ഈ മഹാത്മാക്കളുടെ നേതൃത്വത്തിൽ സർവ്വലോകോൽകർഷവും കല്ല്യാണവും സംജാതമാകട്ടേ. അതോടുചേർന്ന സംസ്കൃതത്തിനും അഭിവൃദ്ധിയുണ്ടാകട്ടെ."

സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ടു് ഉത്തരപ്രദേശ് പ്രധാനമന്ത്രിയായ ശ്രീ. ഗോവിന്ദവല്ലഭപന്ത് ചെയ്ത പ്രസംഗത്തിൽ ഭാരതത്തിന്റെ ഭൂതകാലമഹിമയെ ആധുനികകാലത്തോടു സംയോജിപ്പിക്കുന്നതും അതിപ്രാചീനകാലം മുതൽക്കുള്ള ഭാരതീയചരിത്രം പ്രതി

ഫലിപ്പിക്കുന്നതും സംസ്കൃതമാണെന്ന് ഊന്നിപ്പറഞ്ഞിരുന്നു. ഭാരതത്തിനു മാത്രമല്ല അഫ്ഗാനിസ്ഥാൻ, തായ്‌ലണ്ട്, സിലോൺ, ജാവ തുടങ്ങിയ വിദൂരദേശങ്ങൾക്കുപോലും സംസ്കൃതം ഇന്നും സാംസ്കാരികമായ പ്രചോദനം നല്കിവരുന്നു എന്ന വസ്തുതയും അദ്ദേഹം പ്രസ്താവിച്ചു. ഏതാണ്ട 45 മിനിട്ടോളം നീണ്ടുനിന്ന ചിന്തോദ്ദീപകമായ അദ്ധ്യക്ഷപ്രസംഗത്തിൽ സാങ്കേതികവും ആധ്യാത്മികവുമായ വിദ്യാഭ്യാസരീതികൾക്കിടയിലെ വിടവു നികത്തുവാൻ സംസ്കൃതാഭ്യസനത്തിനു മാത്രമേ സാധിക്കുകയുള്ളു എന്നും ഈ വിദ്യാഭ്യാസപഥങ്ങളെ അനുരഞ്ജിപ്പിക്കുവാൻ സംസ്കൃതാഭ്യസനം പ്രചരിപ്പിക്കേണ്ടതാണെന്നും പ്രസ്താവിച്ചു. "ഇന്നു പാശ്ചാത്യരാജ്യങ്ങളിലേക്ക് ഉപരിവിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ ലോകത്തിന്റെ നാനാഭാഗത്തുനിന്നും പൊയ്ക്കൊണ്ടിരിക്കുന്നതുപോലെ ചൈന ഗ്രീസ് പേർഷ്യ അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽനിന്നും സംസ്കൃതം പഠിക്കുവാനായി പുരാതനകാലങ്ങളിൽ വിദ്യാർത്ഥികൾ ഭാരതത്തിൽ വന്നുകൊണ്ടിരുന്നു, ഭാരതീയപണ്ഡിതന്മാരെ മററു രാജ്യങ്ങളിലേക്ക് അന്നു ക്ഷണിച്ചിരുന്നു. വിദേശീയാധിപത്യകാലത്തും സംസ്കൃതത്തിനു പാശ്ചാത്യരാജ്യങ്ങളിൽ കൂടുതൽ പ്രാധാന്യം സിദ്ധിച്ചിട്ടേയുള്ളു. ഇന്നും യൂറോപ്പിലും ജപ്പാനിലും അമേരിക്കയിലും സംസ്കൃതപഠനത്തിനു പ്രത്യേകമായി സംവിധാനങ്ങൾ നിലവിലിരിക്കുന്നുണ്ട്. ഇതിനുകാരണം മാനവചരിത്രത്തിന്റെ പല അംശങ്ങളും പൂരിപ്പിക്കുവാൻ സംസ്കൃതം അത്യാവശ്യമാണ് എന്നതത്രേ. എന്നുതന്നെയല്ല, അതിലെ സാഹിത്യവും തത്ത്വസംഹിതയും ഗഹനമായ ആനന്ദത്തേയും സുസൂക്ഷ്മമായ ചിന്തയേയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു. സംസ്കൃതത്തിന്റെ ഈ ഗുണവിശേഷങ്ങൾ വിദേശീയരെ അപേക്ഷിച്ച് ഭാരതീയരായ നമ്മൾക്ക് എത്രയോ അഭികാമ്യങ്ങളത്രേ. സംസ്കൃതത്തിൽ ശരിയായ പരിജ്ഞാനംകൂടാതെ നമ്മുടെ സംസ്കാരം സാഹിത്യം ഭാഷകൾ കലകൾ ചരിത്രം —എന്നുവേണ്ട നമ്മുടെ ജീവിതംതന്നെ—ദുർഗ്രഹമായ ഒരു കടങ്കഥയായി അവശേഷിക്കും. നമ്മുടെ ചിന്തകന്മാരും നേതാക്കന്മാരും വിദ്യാഭ്യാസവിദഗ്ദ്ധന്മാരും സംസ്കൃതാനഭിജ്ഞരായിരിക്കുന്നിടത്തോളംകാലം നമുക്കു നമ്മെപ്പററി അറിയുവാനും രാഷ്ട്രത്തിന്റെ പ്രകടമായ ആത്മസത്തയെ ഗ്രഹിക്കുവാനും സാധ്യമാകുന്നതല്ല" എന്ന് അദ്ദേഹം തുടർന്നു.

ശ്രീ. കെ. എം. മുൻഷിയുടെ അധ്യക്ഷതയിൽ നടന്ന രണ്ടു യോഗങ്ങളിൽ ഒന്നിൽ ഇന്ത്യയിലെ സംസ്കൃതാഭ്യസനത്തിന്റെ ഇന്നത്തെ നിലവാരത്തെപ്പററി ചർച്ചചെയ്യുകയും മററതിൽ സംസ്കൃതപോഷണത്തെ പരാമർശിക്കുന്ന പ്രമേയങ്ങൾ അംഗീകരിക്കുകയും ഉണ്ടായി. സംസ്കൃതാഭ്യസനത്തിൽ രാജ്യമൊട്ടുക്ക് അഭിനിവേശം വർദ്ധിച്ചുവരുന്നുണ്ടെന്നും എങ്കിലും അതിന് അനുരൂപമായ പരിപാടികൾ സജ്ജീകരിക്കുന്നതിൽ ഗവമ്മേണ്ടുകളും സർവ്വകലാശാലകളും ഔത്സുക്യം പ്രദർശിപ്പിക്കുന്നില്ലെന്നും സമ്മേളനത്തിൽ നടന്ന നിവേദനങ്ങളിൽനിന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ ആകെക്കൂടി ആശാവഹമായ ഒരു നിലയല്ല സംസ്കൃതത്തിനെങ്കിലും ചുരുക്കം ചില പ്രദേശങ്ങളിൽ സംസ്കൃതപഠനത്തിന് ആശാസ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുവാൻ അധികാരികൾ സന്നദ്ധരായിട്ടുണ്ടെന്നുള്ള വസ്തുത വിസ്മരിക്കാവുന്നതല്ല. ഹൈദരബാദിൽ സംസ്കൃതം ഹൈസ്കൂൾക്ലാസ്സുകളിൽ നിർബ്ബന്ധിതമാക്കിക്കൊണ്ടും സർവ്വകലാശാലയുടെ കീഴിൽ ഒരു പുതിയ സംസ്കൃതകോളേജ് ഉടനടി സമാരംഭിക്കുവാൻ തീർച്ചചെയ്തുകൊണ്ടും ഉള്ള കല്പനകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നു സഭയിൽ പ്രസ്താവിച്ചപ്പോൾ സദസ്യരെല്ലാവരും അഭിനന്ദനവും ആഹ്ലാദവും പ്രകടിപ്പിച്ചു. പാസ്സാക്കപ്പെട്ട പ്രമേയങ്ങളുടെ കൂട്ടത്തിൽ എല്ലാ സർവ്വകലാശാലകളിലും സംസ്കൃതത്തിൽ ഉപരിപഠനത്തിനും ഗവേഷണത്തിനും വകുപ്പുകൾ നിർമ്മിക്കുക, ഹൈസ്കൂൾക്ലാസ്സുകളിലും സർവ്വകലാശാലകളിലെ കലാവിഭാഗത്തിലും സംസ്കൃതം നിർബ്ബന്ധിതമാക്കുക, സംസ്കൃതവിദ്യാലയങ്ങളിലും കോളേജുകളിലും ആധുനികവിഷയങ്ങൾകൂടി ഉൾപ്പെടുത്തി സംസ്കൃതബിരുദധാരികളെ മററു ബിരുദധാരിക

ളെപ്പോലെ ഗവമ്മേണ്ടുദ്യോഗത്തിനും മററും അവകാശികളാക്കുക, ഒരു അഖിലഭാരതസംസ്കൃതസർവ്വകലാശാല സ്ഥാപിക്കുക തുടങ്ങിയ വിഷയങ്ങളെ അധികരിച്ചുള്ളവ പ്രത്യേകം ശ്രദ്ധാർഹങ്ങളാണു്.

## രണ്ടു മാർഗ്ഗം

സംസ്കൃതത്തെ സമഗ്രമായി വീക്ഷിക്കുന്ന പക്ഷം അതു രണ്ടു മാർഗ്ഗമായി വികാസം പ്രാപിച്ചിട്ടുണ്ടെന്നു് കാണാം. പ്രഥമമായുള്ളതു വിദേശാധിപത്യത്തിനു മുമ്പുവരെ അസങ്കലിതവും സ്വച്ഛന്ദവുമായ രീതിയിൽ സംസ്കൃതസാഹിത്യത്തിനു ബഹുപഥീനമായി ഉണ്ടായ വികാസമാണു്. രണ്ടാമത്തേതു പാശ്ചാത്യരായ പണ്ഡിതന്മാർ സംസ്കൃതം അഭ്യസിച്ചു ഗവേഷണം നടത്തി ലോകത്തിലെ മററു സംസ്കാരങ്ങളുമായി ഭാരതീയസംസ്കാരത്തെ തുലനം ചെയ്തുകൊണ്ടു് അതിനെ വ്യാഖ്യാനിക്കുവാൻചെയ്ത ഉദ്യമമാണു്. ഈ രണ്ടു മാർഗ്ഗങ്ങളേയും അനുരഞ്ജിപ്പിക്കുകയും രണ്ടിനും ന്യൂനതവരുത്താതെ പുരോഗതി കൈവരുത്തുകയും ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. ഈ ലക്ഷ്യം സഫലമാക്കുന്നതിനു ശുദ്ധവും നിഷ്കൃഷ്ടവുമായ സംസ്കൃതാഭ്യസനത്തിനായി ആവശ്യമായ ഇംഗ്ലീഷുപഠനത്തോടുകൂടി സംസ്കൃതവിദ്യാലയങ്ങളും കോളേജുകളും പരിഷ്കരിക്കേണ്ടിയിരിക്കുന്നു. ഈ തത്വത്തെ പുരസ്കരിച്ചാണു ഗവമ്മെണ്ടു നിയമിച്ച വിദഗ്ദ്ധകമ്മിററി തിരുവിതാംകൂറിലെ സംസ്കൃതവിദ്യാലയങ്ങളും തിരുവനന്തപുരത്തെ സംസ്കൃതകോളേജും പരിഷ്കരിക്കുവാൻവേണ്ട നിർദ്ദേശങ്ങൾ നല്കിയതും, ഗവമ്മേണ്ടും സർവ്വകലാശാലയും അവയെ പ്രായോഗികമാക്കിയതും. ഈ പരിഷ്കാരം സ്റ്റേററിലും പുറത്തുമുള്ള പണ്ഡിതന്മാരുടെ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുണ്ടു്. എന്നാൽ ഇതിന്റെ ഫലമായി ഇന്നാട്ടിലെ സംസ്കൃതാഭ്യസനത്തിനു ചില ന്യൂനതകൾ സംഭവിക്കുവാൻ ഇടയുണ്ടെന്നു് ആശങ്കിക്കുന്നവരും ഇല്ലാതില്ല. ഈ പ്രശ്നത്തിലേക്കു് ഇപ്പോൾ പ്രവേശിക്കേണ്ട. എങ്കിലും ഒരു വസ്തുത പരാമർശിക്കേണ്ടിയിരിക്കുന്നു. തിരുവനന്തപുരത്തെ സംസ്കൃതകോളേജിന്റെ പരിഷ്കാരത്തോടുകൂടി അവിടെനിന്നും ജയിക്കുന്ന വിദ്യാർത്ഥികൾക്കു ഡിപ്ലോമയ്ക്കു പകരം ഡിഗ്രി നൽകുവാൻ തീരുമാനിച്ചതിനെ അവലംബമാക്കിക്കൊണ്ടു് ഇന്നാട്ടിലെ സംസ്കൃതത്തിന്റെ അഭിമാനകേന്ദ്രമായ ആ സ്ഥാപനം ഭൌതികശാസ്ത്രത്തിനു പ്രാധാന്യം നൽകിവരുന്ന യൂണിവേഴ്സിററികോളേജിൽ ലയിപ്പിക്കുവാൻ സർവ്വകലാശാല ആലോചിച്ചുവരുന്നതായി ഇപ്പോൾ അറിവായിരിക്കുന്നു. ഈ വിഷയത്തിലേക്കു നിമ്മത്സരമതികളും സംസ്കാരസമ്പന്നന്മാരുമായ മഹത്തുക്കളുടെ ശ്രദ്ധ സവിശേഷം പതിയേണ്ടതാണെന്നു ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. സാധാരണ കോളേജുകളിൽ നടന്നുവരുന്ന ബി. ഏ., ഓണേഴ്സ്, എം. ഏ. എന്നീ കോഴ്സുകൾ ഭാരതീയവിദ്യയെപ്പററി വിപുലമായ വിജ്ഞാനം പ്രദാനം ചെയ്യത്തക്കവണ്ണവും വിദ്യാർത്ഥികൾക്കു കൂടുതലായി ഗവേഷണൌത്സുക്യം ജനിപ്പിക്കത്തക്കവണ്ണവും ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തി നടത്തേണ്ടതാണു്. ഇതോടുകൂടി പ്രാചീനഗ്രന്ഥങ്ങൾ ശേഖരിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനും സാംസ്കാരികവിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനുവേണ്ട സജ്ജീകരണങ്ങൾ ചെയ്യുന്നതിനും അധികൃതർ സന്നദ്ധരാകേണ്ടിയിരിക്കുന്നു. കഴിഞ്ഞ രണ്ടായിരത്തിൽപ്പരം വർഷങ്ങളായി കേരളീയർ അനുസ്യൂതമായി ചെയ്തിട്ടുള്ള സംസ്കൃതപോഷണവും വിദ്യാഭ്യാസവിഷയത്തിൽ ഇന്നാട്ടിനുണ്ടായിട്ടുള്ള അസൂയാർഹമായ പുരോഗതിയും പരിഗണിക്കുമ്പോൾ സംസ്കൃതത്തിന്റെ നവോത്ഥാനം കൈവരുത്തുവാൻ നാട്ടുകാർക്കും നാട്ടുകാരുടെ ഗവമ്മെണ്ടിനും അനല്പമായ ചുമതലയുണ്ടെന്നുള്ളതു വിസ്മരിക്കാവുന്നതല്ല.

# ഇന്ത്യൻ സയൻസ് അക്കാഡമി
## (തിരുവനന്തപുരം സമ്മേളനം)

ഒരു നിരീക്ഷകൻ

ഇന്ത്യൻ സയൻസ് അക്കാഡമിയുടെ പതിനെട്ടാംവാർഷികം തിരുവിതാംകൂർ സർവകലാശാലയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തുവച്ചു നടത്തപ്പെട്ടു. 1952 ഡിസംബർ 26-ാം തീയതി വൈകുന്നേരം നടന്ന ഉദ്ഘാടനത്തെത്തുടർന്നു് രണ്ടുദിവസത്തേയ്ക്കു നീണ്ടുനിന്ന പ്രബന്ധവായനയും, ചർച്ചായോഗങ്ങളും, പ്രസംഗങ്ങളും മററും. മിയ്ക്ക ശാസ്ത്രസമിതികളുടേയും വാർഷികസമ്മേളനപരിപാടികളിൽ ഒന്നുരണ്ടു പൊതുപ്രസംഗങ്ങൾകൂടി ഉൾപ്പെടുത്തിയിരിക്കുന്നതു കാണാം. ഈ സമ്മേളനത്തോടനുബന്ധിച്ചുമുണ്ടായിരുന്നു ഒന്നുരണ്ടു പൊതുപ്രസംഗങ്ങൾ. ഉദ്ഘാടനവും പൊതുപ്രസംഗങ്ങളും ജൂബിലിടൌൺഹാളിൽ വച്ചായിരുന്നു; പ്രബന്ധവായനയും ചർച്ചായോഗങ്ങളും യൂനിവേഴ്സിററികാളേജിൽവച്ചും.

സൌരയൂഥത്തിൽ സൂര്യനുള്ള സ്ഥാനമാണു് അക്കാഡമിസമ്മേളനത്തിൽ സി. വി. രാമനുണ്ടായിരുന്നതു്. ബോംബെയിലെ ടാററാ ഫണ്ടമെൻറൽ ഇൻസ്റ്റിട്യൂട്ടിൻെറ ഡയറക്ടറും, ഇന്ത്യൻ അറ്റോമിക്കു് എനർജിബോർഡിൻെറ അദ്ധ്യക്ഷനുമായ ഡോക്ടർ ഹോമി ജെ. ഭാഭാ, ഉസ്മേനിയാ സർവകലാശാലയുടെ വൈസ്ചാൻസലറായ ഡോക്ടർ എസ്. ഭഗവന്തം, അഹമ്മദബാദ് ഫിസിക്കൽ ഗവേഷണാലയത്തിലെ പ്രൊഫസറായ ഡോക്ടർ കെ. ആർ. രാമനാഥൻ തുടങ്ങിയ പ്രസിദ്ധ ശാസ്ത്രജ്ഞന്മാരുടെ സാന്നിദ്ധ്യം ഈ സമ്മേളനത്തിൻെറ മാററു കൂട്ടുന്നുണ്ടായിരുന്നു. ഈ സമ്മേളനത്തിൽ പങ്കുകൊള്ളുമെന്നു പ്രതീക്ഷിച്ചിരുന്ന ഡോക്ടർ പൌളി എന്ന ശാസ്ത്രവിചക്ഷണനു് ഇവിടെ വന്നെത്തുവാൻ കഴിയാതെപോയതു് അല്പം നിരാശയ്ക്കു കാരണമായി.

### ഉദ്ഘാടനം

ഉദ്ഘാടകൻ തിരു-കൊച്ചിയിലെ രാജപ്രമുഖൻ തിരുമനസ്സുകൊണ്ടായിരുന്നു; സ്വാഗതസംഘാദ്ധ്യക്ഷൻ തിരുവിതാംകൂർ സർവകലാശാലയുടെ വൈസ്ചാൻസലറായ സർ. ഏ. രാമസ്വാമിമുതലിയാരും. വൈസ്ചാൻസലറുടെ അഭാവത്തിൽ, അദ്ദേഹം തയ്യാറാക്കിവച്ചിരുന്ന സ്വാഗതപ്രസംഗം പ്രോവൈസ്ചാൻസലർ വായിച്ചു. ഇന്ത്യൻ സയൻസ് അക്കാഡമിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെയും, ശാസ്ത്രലോകത്തിൽ അതിനു കൈവന്നിട്ടുള്ള ഉന്നതമായ സ്ഥാനത്തെയും അനുസ്മരിച്ചുകൊണ്ടു് ആയവ സി. വി. രാമൻെറ സംഘടനാവൈദഗ്ദ്ധ്യത്തിൻെറ ലക്ഷണങ്ങളാണെന്നു വൈസ്ചാൻസലർ രേഖപ്പെടുത്തി. കെട്ടിടം, ഉപകരണം എന്നീ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇന്ത്യയിൽ സമാരംഭിച്ചിട്ടുള്ള ഗവേഷണശാലകൾ ഏതു ഗവേഷണാലയത്തിൻെറയും പിന്നിലല്ലെങ്കിലും, അവയുടെ നേതൃത്വം വഹിക്കുവാൻ പോരുന്ന ശാസ്ത്രജ്ഞന്മാരെ കണ്ടുപിടിക്കുന്ന കാര്യത്തിൽ ഇന്ത്യയ്ക്കു് എപ്പോഴും വിജയം വരിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നു നിഷ്പക്ഷമതികൾ സമ്മതിക്കുമെന്നും ശ്രീ മുതലിയാർ സൂചിപ്പിച്ചു. ഇന്ത്യൻ സയൻസ് അക്കാഡമിപോലെയുള്ള മികച്ച സംഘടനകളിലെ അംഗമാകണമെന്ന ആഗ്രഹം ഇവിടത്തെ വിദ്യാർത്ഥികളിൽ ഉദ്ദീപ്തമാകുവാൻ ഈ ശാസ്ത്രജ്ഞന്മാരുടെ സാന്നിദ്ധ്യം ഉതകുമെന്ന വിശ്വാസപ്രകടനവുമുണ്ടായിരുന്നു സ്വാഗതപ്രസംഗത്തിൽ.

ഉദ്ഘാടനപ്രസംഗത്തിൽ, മനുഷ്യവർഗ്ഗത്തിൻെറ സുഖജീവിതത്തിനുപകരിക്കുന്ന കാര്യ

ങ്ങളുടെ കണ്ടുപിടിത്തത്തിൽ മററു രാജ്യങ്ങൾക്കു മാർഗ്ഗദർശിയായിത്തീരുവാൻ ഭാരതത്തിനു പ്രയാസമുണ്ടാവുകില്ലെന്നു വിശ്വാസം പ്രകടിതമായി.

### അദ്ധ്യക്ഷപ്രസംഗം

സി. വി. രാമന്റെ അദ്ധ്യക്ഷപ്രസംഗമായിരുന്നു അടുത്തതു്. രമണീയമായ ഭൂഭാഗമെന്നതിനു പുറമേ, ഭാരതത്തിലെ വിവിധസംസ്ഥാനങ്ങൾ നിരന്തരമായ ആക്രമണങ്ങൾക്കു വിധേയമായിരുന്ന കാലഘട്ടത്തിൽ ഭാരതീയസംസ്കാരത്തെ, പ്രത്യേകിച്ചു ദേവഭാഷയെന്നറിയപ്പെടുന്നതും, ഇന്ത്യയിലെ മററുഭാഷകളുടെ മാതൃസ്ഥാനം വഹിക്കുന്നതുമായ സംസ്കൃതഭാഷയെ—ഊനംതട്ടാതെ കാത്തുസൂക്ഷിക്കുക മാത്രമല്ല, പോഷിപ്പിക്കുകകൂടി ചെയ്ത നാടാണു കേരളമെന്നു് അദ്ദേഹം മുഖവുരയായി പ്രസ്താവിച്ചു. താൻ ചെയ്യുന്ന പ്രവർത്തനങ്ങൾ പ്രയോജനകരമായിരിക്കണമെന്ന ഉദ്ദേശ്യം ശാസ്ത്രജ്ഞനുണ്ടായിരുന്നാൽ അതു് അയാളുടെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. തോമസ് അൽവാ എഡിസൺ എന്ന ശാസ്ത്രജ്ഞനെ ദൃഷ്ടാന്തമാക്കി ഈ അഭിപ്രായത്തെ സ്പഷ്ടമാക്കി. 'വയർലെസ്'' അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെട്ടതായിരുന്നു; പക്ഷെ പ്രയോജനം പ്രയോജനം എന്ന മുദ്രാവാക്യവുമായി മുന്നേറിക്കൊണ്ടിരുന്ന അദ്ദേഹം അതിനെ അവഗണിച്ചു. അങ്ങിനെ അതിന്റെ കണ്ടുപിടിത്തം അദ്ദേഹത്തിനു നഷ്ടപ്പെട്ടു. ശാസ്ത്രജ്ഞന്റെ ഉന്നം സത്യദർശനമായിരിക്കണം. ആ ഉദ്ദേശ്യത്തോടുകൂടിവേണം അയാൾ സദാ പ്രവർത്തിച്ചുകൊണ്ടിരിക്കുവാൻ. എങ്കിലേ പ്രകൃതിയിലെ പ്രതിഭാസങ്ങളെ സമ്യക്കാംവണ്ണം മനസ്സിലാക്കുവാനും സമഞ്ജസമായി വ്യാഖ്യാനിപ്പാനും അയാൾക്കു കഴിയൂ. അതിനാണല്ലൊ ശാസ്ത്രജ്ഞൻ പരിശ്രമിച്ചുപോരുന്നതു്.

അനന്തരം ക്രമാനുസാരിത്വം, സമപാക്ഷികത തുടങ്ങിയ ഗുണവിശേഷങ്ങളോടുകൂടിയ പദാർത്ഥങ്ങളായ പളുങ്കുകളെ(Crystals)ക്കുറിച്ചുള്ള പ്രതിപാദനത്തിലേയ്ക്കു കടന്നു അദ്ദേഹം. വിവിധവർണ്ണവികിരകങ്ങളായ പളുങ്കുകൾ (Iridescent Crystals) എന്നതായിരുന്നു പ്രസംഗവിഷയവും. പളുങ്കുകൾ, പ്രകൃതിയിൽനിന്നു ലഭിക്കുന്ന ചിപ്പികൾ (Shells) എന്നിവയുടെ ഘടനയെപ്പററിയുള്ള പഠനം അവ പ്രദർശിപ്പിക്കുന്ന വിവിധവർണ്ണങ്ങളുടെ ഉല്പത്തിയിലേയ്ക്കു് നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നുണ്ടെന്നു പ്രസ്താവിച്ചിട്ടു്, ക്ഷീരസ്ഫടികം (Opal) എന്ന ഒരുതരം രത്നത്തിന്റെ നിറപ്പകിട്ടിനെക്കുറിച്ചും, പലതരം ചിപ്പികളുടെ വർണ്ണവൈവിധ്യത്തെക്കുറിച്ചും അദ്ദേഹം വിശദമായി പ്രതിപാദിക്കുകയുണ്ടായി. പിന്നീടു് പൊട്ടാസിയം ക്ലോറേററിന്റെ പളുങ്കുകൾ പ്രദർശിപ്പിക്കുന്ന വർണ്ണവൈവിധ്യത്തെ സംബന്ധിച്ചു് അടുത്തകാലത്തായി അദ്ദേഹത്തിന്റെ ഗവേഷണശാലയിൽ നടത്തിപ്പോരുന്ന പര്യവേക്ഷണങ്ങളെ .വിവരിച്ചു. പൊട്ടാസിയം ക്ലോറേററിന്റെ പളുങ്കുകളുടെ വർണ്ണം, അവയുടെ ഘനം, പിരി (Orientation) മുതലായ ഘടകങ്ങളുടെ മാററത്തിനൊത്തു മാറുന്നതാണെന്നും നല്ലചുവപ്പുമുതൽ കടുംനീലം വരെ അവയ്ക്കു നിറമുണ്ടായിരിക്കുമെന്നും വെളിപ്പെടുത്തി. ലാൻറേറൺ സ്ലൈഡുകൾ പ്രദർശിപ്പിച്ചു് ഈ വിവരങ്ങൾ സ്പഷ്ടമാക്കുകയും ചെയ്തു.

ബ്രിട്ടീഷ് വാർത്താവിതരണവകുപ്പുകാരുടെ വക ഫിലിം പ്രദർശനത്തോടുകൂടി ഒന്നാംദിവസത്തെ പരിപാടികളവസാനിച്ചു.

### പ്രബന്ധവായനയും, ചർച്ചായോഗങ്ങളും

രണ്ടാംദിവസം കാലത്തു് ഒൻപതുമണിക്കു് പ്രബന്ധവായന ആരംഭിച്ചു. ബോംബെയിലെ ഫണ്ടമെൻറൽ ഇൻസ്റ്റിട്യൂട്ടിൽ അടുത്തകാലത്തു് ആവിഷ്കരിക്കപ്പെട്ട ഒരുതരം കണങ്ങളെ (Highly energetic particles) കുറിച്ചു മിസ്. ചൌധരി ഒരു പ്രബന്ധം വായിച്ചു. കോസ്മിക്കു് രശ്മികളുടെ ഉത്ഭവത്തെക്കുറിച്ചുള്ള ഒരു പ്രബന്ധം ഡോക്ടർ വിക്രംസാരാഭായ് അടുത്തതായി അവതരിപ്പിച്ചു. അഹമ്മദ്ബാദിലും, കോടൈക്കാനലിലും വച്ചു നടത്തിയ ഗവേഷണങ്ങളെ മുൻനിർത്തി രചിച്ച പ്രബന്ധമായിരുന്നു അതു്. കോസ്മിക്കുരശ്മികളുടെ ഉത്ഭവസ്ഥാന

ങ്ങളുടെക്കൂട്ടത്തിൽ സൂര്യനുമൊരു സ്ഥാനമുണ്ടെന്നായിരുന്നു അദ്ദേഹത്തിൻെറ നിഗമനം. ശ്രീ വിശ്വനാഥൻെറ പ്രബന്ധവായനയായിരുന്നു അടുത്തതു്. സി. വി. രാമൻ ആ പ്രബന്ധത്തെ പരാമർശിച്ചു് അല്പം സംസാരിച്ചു. ചർച്ചായോഗമാരംഭിക്കാനുള്ള സമയമായതിനാൽ ബാക്കിയുണ്ടായിരുന്ന പ്രബന്ധങ്ങളുടെ വായന വൈകുന്നേരത്തേക്കു മാററിവച്ചു.

'അപാരുണവർണ്ണശോധിനീപഠനത്തിൻെറ പ്രയോഗങ്ങൾ (Applications of Infreered Spectroscopy) എന്ന വിഷയത്തെ പുരസ്കരിച്ചുള്ള ഒരു ചർച്ചായോഗമായിരുന്നു അടുത്ത പരിപാടി. രണ്ടുമണിക്കൂർ നേരത്തേയ്ക്കുണ്ടായിരുന്ന ആ യോഗത്തിൽ ഡോ. എൽ. എ. രാമദാസ്, ഡോ. കെ. ആർ. രാമനാഥൻ, ഡോ. അനന്തകൃഷ്ണൻ, ശ്രീ. എ. യു. മോമിൻ, ശ്രീ. എ. കെ. രാമദാസ് എന്നിവർ പങ്കെടുത്തു.

അന്നുച്ചതിരിഞ്ഞു്, ഡെൽഹി സർവ്വകലാശാലയിലെ രസതന്ത്രവകുപ്പു മേധാവിയായ പ്രൊ. ററി. ആർ. ശേഷാദ്രിയുടെ ഒരു പ്രസംഗമുണ്ടായിരുന്നു. ജൈവരസതന്ത്രത്തി(Organic Chemistry)ൽ അടുത്തകാലത്തുണ്ടായിട്ടുള്ള പുരോഗതിയായിരുന്നു ആ പ്രസംഗത്തിൻെറ വിഷയം. ആ പ്രസംഗത്തിനുശേഷം പ്രബന്ധവായന തുടരുകയുണ്ടായി.

മൂന്നാംദിവസം കാലത്തു് ഒൻപതുമണിക്കാരംഭിച്ച ചർച്ചായോഗം വൈകുന്നേരംവരെ നീണ്ടുനിന്നു. പഞ്ചസാരവ്യവസായത്തെ സംബന്ധിക്കുന്ന ശാസ്ത്രീയവിഷയങ്ങളെക്കുറിച്ചായിരുന്നു ചർച്ച. കാൺപൂർ ഷുഗർടെക്നാളജി ഇൻസ്റ്റിട്യൂട്ടിൻെറ അദ്ധ്യക്ഷനായ ഡോ കെ. എസ്. ഗുരുരാജദാസായിരുന്നു ആ യോഗം ഉദ്ഘാടനം ചെയ്തതു്.

ഒട്ടേറെ സാങ്കേതികങ്ങളായിരുന്നു പ്രബന്ധവായനയിലും, ചർച്ചായോഗങ്ങളിലും പ്രതിപാദിക്കപ്പെട്ട വിഷയങ്ങൾ. അവയെപ്പററി സാമാന്യജനങ്ങൾക്കു മനസ്സിലാകത്തക്കവണ്ണം പ്രതിപാദിക്കുവാൻ കുറെ ഗ്രന്ഥങ്ങൾതന്നെ എഴുതിയാലേ പററൂ.

## പൊതുപ്രസംഗങ്ങൾ

സമ്മേളനത്തിൻെറ രണ്ടാംദിവസം വൈകിട്ടു് "മൂലകണങ്ങളും കോസ്മിക്കരശ്മികളും" (Elementary particles and Cosmic Rays) എന്ന വിഷയത്തെ ആസ്പദമാക്കി പ്രൊഫസർ ഭാഭായും, മൂന്നാംദിവസം വൈകിട്ടു് "എക്സ്റേയുടെ സ്വഭാവം" (Nature of X-rays) എന്ന വിഷയത്തെ പുരസ്കരിച്ചു് സി. വി. രാമനും പ്രസംഗിക്കുകയുണ്ടായി. ലാൻറേൺ സ്ലൈഡുകൾ പ്രദർശിപ്പിച്ചുകൊണ്ടുള്ളവയായിരുന്നു ആ രണ്ടു പ്രസംഗങ്ങളും.

കോസ്മിക്കരശ്മികളെക്കുറിച്ചുള്ള ഗവേഷണങ്ങൾക്കു് ഇന്നുള്ള പ്രധാന്യത്തെക്കുറിച്ചു പ്രസ്താവിച്ചശേഷം ഡോ. പീറേറർസ്, ഡോ. റാവു എന്നിവരുടെ നേതൃത്വത്തിൽ നടന്നുവരുന്ന കോസ്മിക്കരശ്മിഗവേഷണപ്രവർത്തനങ്ങളെപ്പററി ഡോ. ഭാഭാ സവിസ്തരം പ്രതിപാദിച്ചു. ഇന്ത്യയുടെ കിടപ്പു—ഭൂമിശാസ്ത്രപരമായ സ്ഥാനം—കോസ്മിക്കരശ്മിഗവേഷണങ്ങൾക്കു വളരെയധികം സൗകര്യം നല്കുന്നുണ്ടെന്നും, കോസ്മിക്കരശ്മിഗവേഷണത്തിനു് വളരെ വിലപിടിച്ച ഉപകരണങ്ങളാവശ്യമില്ലാത്തതിനാൽ പല മികച്ച നേട്ടങ്ങളും കൈവരുത്തുവാൻ ഭാരതീയർക്കു കഴിയുമെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി.

സി. വി. രാമൻ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ എക്സ്റേ ഗവേഷണത്തിൻെറ പുരോഗതിയെപ്പററി വിവരിച്ചു. 1895 ലാണ റെണ്ട്ഗൺ എക്സ്റേ കണ്ടുപിടിച്ചതു്. ആദ്യകാലത്തു് എക്സ്റേയുടെ സ്വഭാവം വാദവിഷയമായിരുന്നു. കണ്ണാടി, വെള്ളം തുടങ്ങിയ പദാർത്ഥങ്ങൾക്കുള്ളിൽ കടന്നുചെല്ലുമ്പോൾ സാധാരണ പ്രകാശത്തിൻെറ രശ്മികൾക്കു് പ്രതിഫലനമോ മാർഗ്ഗഭ്രംശമോ ഉണ്ടാവാറുണ്ടു്. പക്ഷെ എക്സ്റേക്കു് അങ്ങനെയൊന്നും സംഭവിക്കുന്നതായി പ്രത്യക്ഷത്തിൽ കണ്ടില്ല; വൈദ്യുതശക്തികൊണ്ടോ

കാന്തശക്തികൊണ്ടോ ഈ രശ്മികളുടെ ഗതിക്ക് ഒരു മാററവും വരുത്തുവാൻ കഴിഞ്ഞില്ല. ബർക്ലാ, ലവേ എന്നിവരുടെ ഗവേഷണങ്ങൾ മുഖേനയാണ് എക്സ്റേക്ക് തരംഗരൂപമാണുള്ളതെന്ന് സ്ഥാപിതമായതു്. 1912 ൽ ലവേ പളുങ്കുകളുപയോഗിച്ചു് എക്സ്റേയുടെ തരംഗദൈർഘ്യവും മററും നിർണ്ണയിച്ചു. ലവേയുടെ പര്യവേക്ഷണങ്ങളുടെ ഫലമായി എക്സ്റേയുടെ സ്വഭാവം മനസ്സിലാക്കുവാൻമാത്രമല്ല പളുങ്കുകളുടെ ഘടന കണ്ടുപിടിക്കുവാനും കഴിയുമെന്നായി. അതോടുകൂടി പളുങ്കുപഠനമെന്നൊരു നൂതനാദ്ധ്യായംതന്നെ ഉദ്ഘാടനം ചെയ്യപ്പെട്ടു. ഡബ്ളിയു. എൽ. ബ്ര്യാഗ്, ഡബ്ളിയു. എച്ച്. ബ്ര്യാഗ് എന്നു രണ്ടു ശാസ്ത്രജ്ഞന്മാരെപ്പററി ഈയവസരത്തിൽ സ്മരിക്കേണ്ടതുണ്ടു്.

അടുത്തതായി കോംപ്ററൺ-എഫെക്റ്റിനെപ്പററി അദ്ദേഹം പ്രതിപാദിച്ചു. കോംപ്ററൺ അദ്ദേഹത്തിൻെറ ആവിഷ്കാരത്തിന് ക്വാണ്ടാസിദ്ധാന്തത്തിലധിഷ്ഠിതമായ ഒരു വിശദീകരണമാണുനായിച്ചതു്. തരംഗസിദ്ധാന്തം അവലംബിച്ചുകൊണ്ടുതന്നെ അതിനു സമഞ്ജസമായ വിശദീകരണം നല്കുവാൻ കഴിയുമെന്ന വിശ്വാസത്തോടുകൂടി മുന്നേറിയ 'രാമനെഫെക്റ്റ്' ആവിഷ്കരിക്കുവാനുള്ള ഭാഗ്യം ലഭിച്ചു. കോംപ്ററൺ-എഫെക്റ്റിൻെറ ഒരു ശിശുവാണ് തൻെറ ആവിഷ്കരണമെന്ന് അദ്ദേഹം പറഞ്ഞു. എക്സ്റേ ഉപയോഗിച്ചു നിർവഹിച്ചതും നിർവ്വഹിക്കുന്നതുമായ പളുങ്കുപഠനത്തെക്കുറിച്ചുള്ള പ്രതിപാദനവും പ്രസംഗത്തിലുൾപ്പെടുത്തുകയുണ്ടായി. ഇടയ്ക്കിടയ്ക്കു് അദ്ദേഹം ചില ഫലിതോക്തികളും കഥകളും മററും പറഞ്ഞു് സഭയെ രസിപ്പിച്ചിരുന്നു. ആ പ്രസംഗത്തിൽ ലയിച്ചിരുന്ന ശ്രോതാക്കൾ ഒന്നേകാൽ മണിക്കൂർ കഴിഞ്ഞതറിഞ്ഞില്ല.

സമ്മേളനം ഒരു വിജയം തന്നെയായിരുന്നുവെന്നതിൽ പക്ഷാന്തരത്തിനു വകയില്ല. സ്വാഗതസംഘാദ്ധ്യക്ഷൻ പറഞ്ഞതുപോലെ യുവവിദ്യാർത്ഥികൾക്കു ശാസ്ത്രത്തിൽ പ്രവർത്തിക്കുന്നതിനു ഉത്തേജനം നല്കുവാൻ തികച്ചും പര്യാപ്തമായിരുന്നു ഈ സമ്മേളനവും, അതിൽ പങ്കെടുത്ത ഗവേഷണധനന്മാരുടെ സാന്നിദ്ധ്യവും.

---

മകൻ:—മററുള്ളവർക്കുവേണ്ടിയാണു നാം ജീവിക്കുന്നതെന്നു സാറു പറഞ്ഞു.

അച്ഛൻ:—അതെ, അതു ശരിയാണല്ലോ.

മകൻ:—പിന്നെ മററുള്ളവരെന്തിനാണു ജീവിക്കുന്നതു്?

★

ഭാര്യ:—സ്ഥിതിവിവരക്കണക്കുകളിൽനിന്നും വിവാഹം ആത്മഹത്യയ്ക്കുള്ള ഒരു പ്രതിരോധനടപടിയാണെന്നു കാണുന്നു.

ഭർത്താവു്:—പക്ഷേ, ആത്മഹത്യ, വിവാഹത്തിനുള്ള ഒരു പ്രതിരോധനടപടിയായിട്ടും കണക്കുകൊണ്ടു കാണുന്നു.

# ഗ്രന്ഥശാലകളുടെ ലക്ഷ്യം

**JOSEPH G. SAKEY** *(United States Information Library)*

അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടിരിക്കുന്ന ഏതൊരു പരിഷ്കാരത്തിനും ചില പരിവർത്തനങ്ങൾ സംഭവിക്കാതെ തരമില്ല. ആ പരിവർത്തനത്തിൽ പഴയ പല ആശയങ്ങളും ആചാരങ്ങളും പ്രചാരത്തിൽനിന്നും ബഹിഷ്കൃതങ്ങളാകുന്നതു സ്വാഭാവികമാണല്ലൊ. അങ്ങിനെ പുരാതനസ്ഥാപനങ്ങളും മററും, പുരോഗമിച്ചുകൊണ്ടിരിക്കുന്ന ലോകജീവിതത്തിലെ പുതിയ സമ്പ്രദായങ്ങൾക്കു ഇരയായിത്തീരുന്നു. ഇപ്രകാരമൊരു പരിവർത്തനഘട്ടമായിരുന്നു ഈ കഴിഞ്ഞ ഒരു തലമുറക്കാലം. പഴയ ഗ്രന്ഥസൂക്ഷിപ്പുകാരന്റെ സ്ഥാനം ആത്മബോധത്തിനുള്ള ഉപകരണമാകത്തക്കവിധത്തിൽ ഗ്രന്ഥശാലാസംഘം ഏറെറടുത്തിരിക്കുകയാണു്. സങ്കുചിതമനസ്ഥിതിയുടേയും ദുരഭിമാനത്തിന്റേയും സ്ഥാനത്തു സാമുദായികമനോഭാവവും സാമൂഹ്യപ്രവർത്തനവും സ്ഥലംപിടിച്ചിരിക്കുന്നു. ആഭിജാത്യപ്രഭുത്വത്തിന്റെ പ്രേതത്തിൽകയറി പ്രജാപ്രഭുത്വത്തിന്റെ കൊടിയുംപറത്തിക്കൊണ്ടു നില്ക്കുകയാണു് ഇന്നത്തെ ഗ്രന്ഥശാലാധികാരി. പോരെങ്കിൽ ആ ഗ്രന്ഥശാലാധികാരി ഇന്നു ഒരു വെറും പൗരൻ മാത്രമല്ല, ജനസമുദായത്തിലെ പ്രവർത്തനശക്തിയുംകൂടിയാണു്. വാച്യാർത്ഥത്തിൽ ഒരു പൗരൻതന്നെയാണെങ്കിലും അവന്റെ മുൻഗാമികളായ ഗ്രന്ഥശാലാധികാരികൾക്കില്ലായിരുന്നതും അസാധാരണവുമായ ചില കടമകൾ അവനു് നിർവ്വഹിക്കേണ്ടതായിട്ടുണ്ടു്.

ഈ പരമാർത്ഥം പ്രചരിപ്പിക്കുന്നവർ ആണു് ഇന്നു ഗ്രന്ഥശാലകൾക്കു ആവശ്യമായിട്ടുള്ളതു്. എന്തുകൊണ്ടെന്നാൽ ലോകസമുദായം ഒന്നാകെ പരിവർത്തനത്തിലും പുരോഗതിയിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഗ്രന്ഥശാലയുടെ അടിസ്ഥാനമായ തത്ത്വം അതിന്റെ ലക്ഷ്യങ്ങൾ ആണല്ലൊ. മററുള്ള കാര്യങ്ങൾ എല്ലാം ഗ്രന്ഥശാലയോടുതന്നെ ചേർന്നിരിക്കുന്നു. സമുദായത്തിന്റേയും വ്യക്തിയുടേയും പുരോഗമനത്തിനാവശ്യമായ കരുക്കൾ പ്രദാനം ചെയ്യുകയെന്നുള്ളതാണു് ഗ്രന്ഥശാലയുടെ പ്രധാനമായ കൃത്യം.

എന്നാൽ ഗ്രന്ഥശാലകളെ പ്രോത്സാഹിപ്പിക്കുന്ന ആ വ്യക്തിയും സമുദായവും പരിവർത്തനത്തിനധീനമായിരിക്കുന്നു. അതിനാൽ ഗ്രന്ഥശാലാരൂപീകരണത്തിന്റെ ഉദ്ദേശം സഫലമാകണമെങ്കിൽ ഗ്രന്ഥശാലയുടെ പ്രവർത്തനവും ലക്ഷ്യങ്ങളും പരിവർത്തനങ്ങൾക്കു് അനുസരിച്ചുതന്നെയിരിക്കണം. വ്യക്തിയും സമുദായവുമെന്ന രണ്ടു ഘടകങ്ങൾ കൂടുതൽ കൂടുതൽ സങ്കീർണ്ണവും ജടിലവുമാകുമ്പോൾ ആ വെല്ലുവിളിയേയും നേരിടത്തക്കവണ്ണം ഗ്രന്ഥശാലയുടെ പ്രവർത്തനവും ലക്ഷ്യങ്ങളും രൂപാന്തരപ്പെടുത്തി അനുയോജിപ്പിക്കേണ്ടിയിരിക്കുന്നു.

മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യവ്യവസ്ഥിതിയുടെ ആവശ്യങ്ങൾക്കു അനുഗുണമായി പ്രവർത്തിക്കേണ്ടിവരുന്നതുകൊണ്ടാണു് ഗ്രന്ഥശാലാപ്രവർത്തനത്തിൽ ചില പരിവർത്തനങ്ങൾ ഒഴിച്ചുകൂടാൻ നിവൃത്തിയില്ലാതെ വരുന്നതു്. ഇന്നു പണ്ഡിതനേയും നേരേമറിച്ചു ഒരു വെറും സാധാരണക്കാരനേയും ഉപചരിക്കേണ്ടിയിരിക്കുന്നു എന്നുള്ളതാണു് പരിവർത്തനം ആവശ്യമാക്കിത്തീർത്തിരിക്കുന്നതു്. എന്നാൽ ഈ രണ്ടു കൂട്ടരും സാദൃശ്യമുള്ളവർ അഥവാ പൊരുത്തമുള്ളവർതന്നെ. രണ്ടു കക്ഷികളുടേയും ആവശ്യങ്ങൾ സാധിക്കാവുന്നതേയുള്ളു. ഗ്രന്ഥശാലകളും ഗ്രന്ഥശാലാധികാരികളും ഒരു ജനകീയമനോഭാവം ശരിക്കു പുലർത്തുന്നപക്ഷം ഒന്നിനും കുറവു വരാതെ ഈ രണ്ടുകൂട്ടരേയും പ്രീണിപ്പിക്കുവാൻ വിഷമമില്ല.

ഇങ്ങനെ ഗ്രന്ഥശാലകൾ അവയുടെ യഥാർത്ഥമായ പരിണാമഫലത്തിൽ സാമുദായികജനാധിപത്യത്തിന്റെ ഒരു കൈയ്യു് മാത്രമാണു്. വ്യക്തിപരമായ വളർച്ചയ്ക്കും വിജ്ഞാനസമ്പാദനത്തിനും പര്യാപ്തങ്ങളായ സംഗതികൾ ലഭ്യങ്ങളാക്കുകയും ഓരോരുത്തരുടേയും ക്ഷേമൈശ്വര്യങ്ങളെ പുഷ്ടിപ്പെടുത്തുകയുമാണു് ഗ്രന്ഥശാലകളുടെ ഉദ്ദേശം.

[ലേഖകൻ അയച്ചുതന്ന ഇംഗ്ലീഷുലേഖനത്തിന്റെ പരിഭാഷ.]

ചെറുകഥ

# പെൻഷനുശേഷം

ജി. ഉണ്ണിക്കൃഷ്ണക്കുറുപ്പ്

വെളുത്ത ദീർഘമായ താടി, തന്റെ നീണ്ട കൈവിരലുകളാൽ വാത്സല്യത്തോടെ തടവിക്കൊണ്ടിരുന്നപ്പോൾ, അയാൾക്കു നേരം സന്ധ്യയാകുന്നതായി തോന്നി. ഒരു പുതിയ അനുഭവം. തനിക്കു പോകാൻ നേരമായെന്ന് ആഫീസിലിരിക്കുമ്പോൾ ഒരിക്കലും അയാൾക്കു തോന്നിയിട്ടില്ല. അവസാനത്തെ വാതിലും, ശിപായി ഒരു വലിയ ഒച്ചയോടുകൂടി വലിച്ചടച്ചുകഴിഞ്ഞേ അയാൾ കസേരയിൽനിന്ന് എഴുന്നേല്ക്കാറുള്ളു. വളരെ സാവധാനത്തിൽ മേശ വലിച്ചുപൂട്ടിയതിനുശേഷം, മുറിയുടെ മൂലയിലിരിക്കുന്ന കുടയെടുത്തു പതുക്കെ കക്ഷത്തിൽ വെച്ച് അയാൾ നാലുപുറവും ശാന്തമായൊന്നു നോക്കും. പക്ഷേ സൂക്ഷ്മമായി അയാൾ ഒന്നിനേയും നോക്കാറില്ല. വളരെ അലസമായ ഒരു നോട്ടമായിരിക്കും അതു്. തീരെ വിശപ്പില്ലാത്ത ഒരാൾ, മുമ്പിലിരിക്കുന്ന ഇലയിലേയ്ക്കു നോക്കുന്നതുപോലെ.

അതേ. ആ പതിവിന് ഇന്നു വളരെ വ്യത്യാസം കാണുന്നു. തന്റെ മുമ്പിൽ നാലു കാലിന്മേൽ കുത്തിയിരിക്കുന്ന ആ മേശ, അയാളോടു, വിഷാദമൂകമായ ഭാഷയിൽ എന്തൊക്കെയോ പറഞ്ഞു. തന്നെക്കൂടാതെ പോവാൻ ഭാവിക്കുന്ന യജമാനനോടു്, സ്നേഹമുള്ള ഒരു നായയെപ്പോലെ.

............പട്ടിയുടെ കഴുത്തിൽ സ്നേഹപൂർവ്വം തടവുന്നതുപോലെ അയാൾ ആ പഴയ മേശയുടെ പുറത്തു കൈകൾ ഓടിച്ചു. നേരിയ ഒന്നുരണ്ടു സീൽക്കാരങ്ങൾ അവിടെനിന്നും പുറപ്പെട്ടു. അയാൾ നടുങ്ങി കൈകൾ വലിച്ചെടുത്തു. ഓ! എല്ലാവരും തന്നോടു വിഷാദം പ്രകടിപ്പിക്കുന്നു. അയാൾക്കതു തീരെ താങ്ങാനാവില്ല. അയാൾ മേശപ്പുറത്തു കിടന്ന വെറുമൊരു കടലാസിൽ ദീർഘമായി ഒരു വരവരച്ചു. മുകളിൽ എന്തൊക്കെയോ എഴുതിയിരുന്നതിന്റെ അടിയിൽ ആ വര തെളിഞ്ഞുകിടന്നു. അയാൾ അതു കണ്ടു് വീണ്ടും നടുങ്ങി. എന്തുചെയ്താലും എല്ലാം ആ നശിച്ച യാഥാർത്ഥ്യത്തെ ഓർമ്മിപ്പിക്കുകയാണു ചെയ്യുന്നതു്. ആ വിഷാദനിർഭരവും അസുഖകരവുമായ സ്മരണയുടെ മണ്ഡലത്തിൽനിന്ന് അയാൾക്കു വിട്ടുപോരാനാവുന്നില്ല. ദീർഘമായി അയാളൊന്നു നിശ്വസിച്ചു.

ആ അസുഖകരമായ സ്മരണയുടെ പീഡനമേൽക്കാൻ ഇഷ്ടപ്പെടാഞ്ഞതു് അയാളുടെ കുററമാണോ? നീണ്ട 40 വർഷത്തെ ആ ഉദ്യോഗജീവിതത്തിന്റെ അന്തിമദിനമാണിന്ന്. കുറെക്കൂടി ശരിയായി പറഞ്ഞാൽ അന്തിമമുഹൂർത്തമാണിതു്. നാളെമുതൽ അയാൾക്കു യാതൊന്നും ചെയ്യാനുണ്ടാവില്ല. ഈ ആഫീസുമായുള്ള ബന്ധം ഇന്നവസാനിക്കും. ഇതുവരെ കയറിയിറങ്ങിയ ഈ തിണ്ണയിൽ, ഈ മുറിയിൽ, ഇനിയും കാലെടുത്തുകുത്തണമെങ്കിൽ അയാൾക്ക് അനുവാദം വാങ്ങിക്കണം. അയാൾക്കു പകരം മറെറതെങ്കിലും ഒരു യുവജീവിതം ചിരപരിചിതമായ ആ കസേരയിലിരുന്നുകൊണ്ടു് നരകിച്ചുതുടങ്ങും.

അയാളുടെ ഹൃദയം വിങ്ങിപ്പൊട്ടിയെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല.

തന്റെ സ്വന്തം ശരീരത്തെക്കാൾ ചിരപരിചിതമാണ് അയാൾക്ക് ആഫീസ്. സ്വന്തം വായുടെ സ്ഥാനത്തെക്കാൾ തിട്ടമാണ് അയാൾക്ക് ആ കസേരയുടെയും മേശയുടെയും സ്ഥാനം. അയാളുടെ ഗൃഹംതന്നെ ആഫീസുമുറിയായിരുന്നു; പോരാ, ലോകവും! ഇതാ, ആ ലോകം മുഴുവൻ തനിക്കു നഷ്ടപ്പെടുകയാണ്. അതു തീർച്ചയായും വിഷാദകരവും അസുഖകരവുമാണ്.

പക്ഷെ അതു സംഭവിക്കുകതന്നെ ചെയ്യും. അലംഘ്യമായ വിധിപോലെ അപ്രതിഹതമാണതു്. കുടയും കക്ഷത്തിൽ വെച്ചു്, എന്നും പോകുന്നതുപോലെയുള്ള ഇന്നത്തെ പോക്കു് ഇനിയൊരിക്കലും ഇങ്ങോട്ടു വരാതിരിക്കാനാണു്. അയാൾ ജുബയുടെ അററംകൊണ്ടു് വിയർത്ത നെററി അമർത്തിത്തുടച്ചു. തന്റെ ജീവിതത്തിന്റെ പ്രതിരൂപംപോലെ, എല്ലാത്തിന്റെയും അടിയിൽ നീണ്ടു തെളിഞ്ഞുകിടന്നിരുന്ന വരയോടുകൂടി മേശപ്പുറത്തു കിടന്നിരുന്ന കടലാസ്സു ചുരുട്ടിക്കൂട്ടി അയാൾ വെളിയിലേക്കെറിഞ്ഞു. അയാളെപ്പോലെതന്നെ ആ മേശപ്പുറവും ആകെ കുഴഞ്ഞുകിടക്കുകയാണു്. അയാൾ അവയെ വിഷാദത്തോടുകൂടി നോക്കി. ആ കണ്ണുകളിൽ ഹൃദയത്തിന്റെ മുഴുവൻ ഭാരവും നിറഞ്ഞുനിന്നിരുന്നു. സാവധാനത്തിൽ അയാൾ എല്ലാം അടുക്കിവയ്ക്കുവാൻ തുടങ്ങി. കണക്കുതീക്കുന്ന ദിവസമാണിന്നു്. അടുത്തു വരുന്നവൻ തന്റെ പേരിൽ യാതൊരു കുററവും കണ്ടുകൂടാ. അല്ലെങ്കിൽ കുററം കണ്ടാൽത്തന്നെയെന്തു്? അയാൾക്കൊന്നും വരാനില്ല. എന്നാലും—

ഒരു പാവപ്പെട്ട ഉദ്യോഗസ്ഥനാണു് അയാൾ. അല്ലെങ്കിൽ അനുശോചനവും യാത്രയയപ്പും മററും കണ്ടേനേ. പക്ഷേ താഴ്ന്ന ഒരുദ്യോഗസ്ഥന്നു് എത്ര ആത്മാർത്ഥത ഉണ്ടായിരുന്നാലും ശരി, അതൊന്നും പ്രതീക്ഷിക്കാൻ പാടില്ല! അല്ലെങ്കിൽ അതൊന്നും ഇല്ലാത്തതുതന്നെ നന്നു്. അയാൾ വിചാരിച്ചു. ആർഭാടങ്ങളിൽനിന്നും വെറും കപടപ്രദർശനങ്ങളിൽനിന്നും ഒഴിഞ്ഞുമാറി, ശാന്തമായി അയാൾക്കു് അയാളുടേതായിരുന്ന ലോകത്തിൽനിന്നും വിടവാങ്ങാം. അതായിരിക്കും അധികം നല്ലതു്. അധികം ഹൃദയഭേദകവും!

അയാൾ കസേരയിൽനിന്നും ചാടിയെഴുന്നേററു. അറിയാതെ എഴുന്നേററുപോയതാണു്. അതാ മണി അഞ്ചടിക്കുന്നു. ഓരോ അടിയും അയാളുടെ ഹൃദയത്തിലേയ്ക്കു് ആഴ്ന്നിറങ്ങുകയാണു്. നീണ്ട നാല്പതു വർഷങ്ങൾക്കുശേഷം ആ ക്ലോക്കിന്നു് ഇത്രമാത്രം ഉച്ചത്തിൽ അടിക്കുവാൻ സാധിക്കുമെന്നു് അയാൾക്കു് ഇന്നാണു മനസ്സിലായതു്. ലോകം മുഴുവൻ അതു മുഴങ്ങുന്നതായും, അതിന്റെ മുമ്പിൽ അയാളുടെ ജീവിതം തകർന്നടിയുന്നതായും അയാൾക്കു തോന്നി. ആ ക്ലോക്കു് അതിന്റെ കൈകൾ ചൂണ്ടി, ഇടിമുഴങ്ങുന്ന ശബ്ദത്തിൽ തന്നോടു പറകയാണു്—
'പോക്കു, പോക്കു, പോക്കു, പോ—'

ഇനിയും താമസിച്ചുകൂടാ. എന്തിനായി താമസിക്കണം? ആ അന്തിമമുഹൂർത്തവും കഴിഞ്ഞിരിക്കുന്നു. കുടയെടുത്തു കക്ഷത്തിൽവെച്ചു് അയാൾ മന്ദമായി തിണ്ണയിലേക്കു നടന്നു. അയാൾക്കു് ഒന്നു തിരിഞ്ഞുനോക്കണമെന്നുണ്ടായിരുന്നു. പക്ഷേ അയാൾ എങ്ങോട്ടും നോക്കിയില്ല;

തിണ്ണയിൽ ഒന്നുരണ്ടുപേർ വിഷാദമയമായ ഒരു പുഞ്ചിരിയോടെ അയാളെ സ്വാഗതംചെയ്തു.

"ചേട്ടാ! അപ്പോൾ പോവുകയാണു്, അല്ലേ?"—ഒരുത്തന്റെ അന്വേഷണം.

"ഏതായാലും നമ്മളെല്ലാം ഇങ്ങനെ പോകേണ്ടവർതന്നെ. ചേട്ടന്നു് ഇന്നു്, ബാക്കിയുള്ളോർക്കു നാളെ; അത്രതന്നെ. അപ്പോൾ ഇനിയത്തെ പ്ലാൻ? എന്തുചെയ്യാമെന്നാ വിചാരം? ഇവിടൊക്കെ കാണുകേലിയോ?"—അതു വേറൊരാൾ.

അവരുടെ അന്വേഷണങ്ങൾ സ്വാഭാവികമാണു്. അതൊരു 'ലോഹ്യം' ആണു്. പിരിഞ്ഞുപോകുന്ന അയാളോടു് എന്തെങ്കിലും രണ്ടുവാക്കു പറയുക. അതൊരു സാമാന്യമര്യാദയാണല്ലോ.

എന്തോ അവരോടു പറഞ്ഞുകൊണ്ടു് അയാൾ പുറത്തിറങ്ങി.

വഴിയിൽ നല്ല തിരക്കു്. ആഫീസുകൾ അടയ്ക്കുന്ന സമയമാണതു്. ആ പോകുന്നവരിൽ പലരും ഉദ്യോഗസ്ഥന്മാരും ഉദ്യോഗസ്ഥകളും ആണു്. താനും ഒരിക്കൽ വർത്തമാനകാലത്തിന്റെ ആസ്വാദ്യതയിൽ മയങ്ങി ഭാവിയുടെ

നേരേ കണ്ണടച്ചുകൊണ്ടു് ഉല്ലാസമായി ഈ വീഥികളിൽക്കൂടി നടന്നിട്ടുണ്ടു്. ഇതാ ഇങ്ങനെതന്നെ. പക്ഷേ ഈ നിമിഷത്തെപ്പററി, നീണ്ടനീണ്ട കൊല്ലങ്ങൾക്കുശേഷം അയാളെയും കാത്തുകൊണ്ടു ഭാവിയുടെ മണ്ഡലത്തിൽ പതുങ്ങിയിരുന്ന ഈ നിമിഷത്തെപ്പററി അയാൾ അന്നു ചിന്തിച്ചിരുന്നതേയില്ല. അഥവാ അന്നു ചിന്തിച്ചിരുന്നെങ്കിലും അതൊരിക്കലും ഒരു കുഴഞ്ഞ പ്രശ്നമായി ഇത്രമാത്രം ഹൃദയഭേദകമായി അയാൾക്കനുഭവപ്പെട്ടിരുന്നില്ല.

മുന്നിൽ പൊട്ടിച്ചിരികളും തമാശകളുംകൊണ്ടു് സൗഹൃദത്തിനു കൊഴുപ്പുകൂട്ടിക്കൊണ്ടു നടന്നുപോകുന്ന ആ ചെറുപ്പക്കാരിൽ ഉദ്യോഗസ്ഥർ കാണുകയില്ലേ? ഒരുപക്ഷേ അവർ എല്ലാവരും തന്നെ ഉദ്യോഗസ്ഥന്മാരായിരിക്കും. അയാൾ വിചാരിച്ചു. എത്ര അശ്രദ്ധരായാണു് അവർ പോകുന്നതു്. പക്ഷേ പാവപ്പെട്ട അവർ അറിയുന്നില്ല, ഈ ജീവിതം ക്രമേണ അവരുടെ ജീവിതത്തിന്റെ വിഭജിക്കുവാൻ പാടില്ലാത്ത ഒരു ഭാഗമായിത്തീരുമെന്നും, വിദൂരമായ ഭാവിയിലെ ഒരു ദിവസം, ആ ജീവിതവുമായി അവക്കു വേർപെടേണ്ടിവരുമെന്നും, സ്വന്തം ഹൃദയത്തിനു പറുന്ന ആ മുറിവിൽനിന്നു് എന്നും ചോര ഒലിച്ചുകൊണ്ടിരിക്കും. നിങ്ങൾ എത്രമാത്രം ആ ജീവിതത്തിലേക്കു് ഇറങ്ങിച്ചെന്നിരുന്നോ അത്രമാത്രം ആഴമേറിയതായിരിക്കും ആ മുറിവു്. ഇതാ ഇന്നു് അയാളുടെ ഹൃദയം മുറിപ്പെട്ടിരിക്കുന്നു. അയാളെ സംബന്ധിച്ചിടത്തോളം ഒരിക്കലും ഉണങ്ങാത്ത മുറിവു്. കാരണം, മററു മണ്ഡലങ്ങളിൽ സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയുമാണു് ഇതിനുള്ള ഒരേ ഒരു മരുന്നു്. അയാൾക്കു് അതും നിഷേധിക്കപ്പെട്ടിരിക്കുന്നു. ഹൃദയം നിറഞ്ഞു പുറത്തേക്കു പ്രവഹിച്ചുകൊണ്ടിരിക്കുന്ന വേദന ഒന്നു പകരാൻ വേറൊരു ഹൃദയവും അയാളുടെ സമീപം ഇല്ല. ലോകത്തിൽ ഏകനായ അയാൾ വികാരങ്ങൾ ഹൃദയത്തിൽ കൊള്ളാതെ വരുമ്പോൾ അതു പ്രകൃതിക്കു പകർന്നുകൊടുക്കുകയായിരുന്നു പതിവു്. അയാൾക്കറിയാം വളരെ വിശ്വസ്തയായ ഒരു നമ്മസഖിയാണു പ്രകൃതി; എന്തും എത്രയും ഉൾക്കൊണ്ടുകൊള്ളും.

അയാളൊരു കവിയായിരുന്നോ ആവോ? ഒന്നു തീർച്ചയാണു്, അയാൾക്കൊരു കവിഹൃദയം ഉണ്ടായിരുന്നു. അതായതു് ശുഷ്കമായ നീലാംബരത്തിലും വെറും ചായം പൂശിയ അന്തിവിണ്ണിലും അയാൾ എന്തോ നിറഞ്ഞുനിന്നതായി ദർശിച്ചു. അനവദ്യവും അനിർവചനീയവുമായ എന്തോ ഒന്നു് അവിടെയൊക്കെ തിങ്ങിനിൽക്കുന്നതായി അയാൾക്കു തോന്നും. ഇല കൊഴിഞ്ഞു ശിഖരങ്ങൾ മാത്രമായി നിൽക്കുന്ന മരങ്ങളുടെ ചില്ലകൾക്കിടയിൽ നൈരാശ്യവും ആശയും ഇടകലർന്നു് വീർപ്പുമുട്ടുന്നതായി അയാൾക്കു തോന്നിയിട്ടുണ്ടു്. ആകാശം താങ്ങിനിൽക്കുന്ന പർവ്വതപംക്തികളിലോരോന്നിലും ഓരോ ആത്മാവു് ഒളിഞ്ഞിരുന്നു് ലോകത്തെ പരിഹസിക്കുന്നതായി അയാൾ സങ്കല്പിച്ചിട്ടുണ്ടു്. പരിസരങ്ങൾ രൂപംകൊടുത്തിരുന്നെങ്കിൽ ഒരുപക്ഷേ അയാൾ ഒരു കവി ആയിത്തീരുമായിരുന്നു. പക്ഷേ, ഇന്നൊരു ജോലിതീർന്ന പാവപ്പെട്ട മനുഷ്യൻ മാത്രം!

പ്രകൃതിസൗന്ദര്യത്തിന്റെ ഓരോ ഇററും കുടിച്ചുതീക്കാനുള്ള ഈ അടങ്ങാത്ത ആവേശമായിരുന്നിരിക്കാം, കടൽത്തീരത്തേക്കു് അയാളെ ദിവസവും ആനയിച്ചതു്. സാധാരണ ആളുകൾ വിഹരിക്കുന്ന ഭാഗത്തുനിന്നും കുറേയേറെ മാറി, പാറക്കൂട്ടങ്ങളാലും, പതച്ചുയരുന്ന തിരമാലകളാലും ഒരു ഗംഭീരതയുടെ നീരാവി തിങ്ങുന്ന കടലിന്റെ ആ ഭാഗത്തു് ഒരു പാറയിൽ അയാൾ ഇരിപ്പുറപ്പിക്കും. കുട ആ പാറയിൽ ചാരി വച്ചിരിക്കും. കടൽക്കാററിൽ പാറിപ്പറക്കുന്ന ആ നീണ്ടു വെളുത്ത താടി, ആരോ കൈലേസു് ഉയർത്തി വീശുന്നതുപോലെ ദൂരെയുള്ളവർക്കു തോന്നും.

ഇന്നും ചിരപരിചിതമായ ആ പാറപ്പുറത്തു് ഇരിപ്പുറപ്പിച്ചപ്പോൾ താനെങ്ങനെ അവിടെ വന്നുചേർന്നെന്നു് അയാൾ അത്ഭുതപ്പെട്ടു. അയാൾ എങ്ങോട്ടും പോകണമെന്നുദ്ദേശിച്ചിരു

നില്ല. വഴിപോലും അയാൾ ശ്രദ്ധിച്ചില്ല എങ്കിലും വന്നുചേൎന്നതു് ഇവിടെയാണു്. അയാളുടെ കാലുകൾക്കു് അത്ര സുപരിചിതമാണു് ആ വഴി. നാല്പതു ദീൎഘവൎഷങ്ങളായി ആ കാലുകൾ ഇതേ വഴിയിലൂടെ പോരുകയാണു്. നാല്പതു ദീൎഘവത്സരങ്ങൾ!

കടൽക്കാററിൽ പാറിപ്പറന്നു് അയാളുടെ ഇരുതോളിലും ഞെങ്ങിക്കിടന്നു വിശ്രമിക്കുന്ന ആ വെളുത്ത താടിയിൽ മന്ദമായി കൈവിരലുകളോടിച്ചുകൊണ്ടു് അയാൾ ചിന്തിച്ചു. "ഇതാ, ഇതുവരെയുള്ള ജീവിതത്തിലേക്കു് ഒന്നു തിരിഞ്ഞുനോക്കുവാനുള്ള സമയം വന്നിരിക്കുന്നു"— അയാൾ ഓൎമ്മയിലൂടെ വളരെ അധികം പുറകോട്ടു പോയി. പതിവുപോലെ അന്നും അയാൾ ആദ്യമായി ചിന്തിച്ചതു ലൂസിയെപ്പററിയായിരുന്നു. വന്നുവന്നു് എന്തിനെപ്പററി ചിന്തിച്ചാലും അതിൽനിന്നു ലൂസിയെ ഒഴിച്ചുനിൎത്തുവാൻവയ്യാത്ത മട്ടായിട്ടുണ്ടു്. അത്രഅധികം അയാൾ ആ പാവനസ്മരണയുടെ നേരേ വിശ്വാസം പുലൎത്തിയിട്ടുണ്ടു്. ജീവിതത്തിന്റെ ഈ സായാഹ്നത്തിൽപോലും, അവളെപ്പററി ചിന്തിക്കുമ്പോൾ മാഞ്ഞുപോയ ആ യുവത്വം അയാളിൽ തിരികെവന്നു കയറുന്നതായി അയാൾക്കു തോന്നി. അയാളുടെ ജീവിതത്തിൽ എന്തോ വലിയ ഒരു സ്വാധീനശക്തി ആ സ്മരണ ചെലുത്തുന്നുണ്ടു്. അയാളെ ഒരു സ്വപ്നദൎശി ആക്കിയതു് ആ സ്മരണയാണു്. അയാളെ ചിലപ്പോൾ ഭ്രാന്തനാക്കിത്തീൎക്കും അതു്. ചിലപ്പോൾ ഒരു കുട്ടിയേപ്പോലെ കരയിക്കും.

അയാളുടെ ലൂസി അതാ ആ കാണുന്ന അഗാധമായ കയത്തിൽവീണാണു മരിച്ചതു്. ഇരമ്പിക്കയറുന്ന കടൽ! ഓ! അതാ അതു് ആൎത്തലറിക്കൊണ്ടുവന്നു് ആ കിഴുക്കാംതൂക്കായ പാറകളിൽ അടിച്ചു ചിതറുന്നു. പാവപ്പെട്ട ലൂസി അവിടെവീണു മരിച്ചു. എങ്ങിനെയെന്നു് ആൎക്കും അറിവില്ല. അവളുടെ ശരീരം അതാ അതുപോലെ കടലിന്റെ ആ ഇരമ്പിക്കയറലിൽ, ആ പാറകളിൽവന്നു് തല്ലിക്കാണും. പിന്നേയും പിന്നേയും പിന്നേയും! ആ സമയം താൻ അവയുടെ മുകളിലുള്ള ചിരപരിചിതമായ ഈ സ്ഥാനത്തിരുന്നുകൊണ്ടു് അവളേയും അവളുടെ ചെയ്തികളേയുംപററിയുള്ള ദുഃഖസ്മരണകളിൽ ആഴ്ന്നിരിക്കുകയായിരിക്കും. കാമുകിയുടെ ശവം താഴെയുള്ള കടലിലും വിഷാദാത്മകനായ കാമുകൻ അടുത്തുതന്നെ മുകളിലുള്ള പാറക്കെട്ടുകളുടെ പുറത്തും!

"കടല, കപ്പലണ്ടി,! ശുട്ടകടലൈ! സാർ!" അയാൾ ഞെട്ടിത്തിരിഞ്ഞുനോക്കി. കടല വില്ക്കുന്ന പയ്യൻ. ഓ! അവൻ ഇവിടെവരെയെത്തിയിരിക്കുന്നു കടല വില്ക്കാൻ. ആളുകൾ അധികമൊന്നും വരാറില്ലാത്ത ഈ ഭാഗത്തും........ "സാർ! കടലൈ ശുട്ടകടലൈ വാങ്ങി ചുമ്മാ തിന്നണം സാർ!" അവൻ ആ ആഹ്വാനം ആവൎത്തിച്ചു.

അയാൾ അവനെ ആപാദചൂഡം ഒന്നു നോക്കി. ഇന്നെന്തോ പ്രത്യേകത അയാൾ അവനിൽ കണ്ടു. ഒരു ചെറുകുന്നുപോലെ കൂട്ടിയിരിക്കുന്ന ആ കടലയേയും അവനേയും അയാൾ മാറിമാറി നോക്കി. അതാ ആ കടല സ്നേഹം നിറഞ്ഞു തുളുമ്പുന്ന ഒരു മാതാവിന്റെ കൈകൾ പാകപ്പെടുത്തിക്കൊടുത്തതായിരിക്കണം. ഈ ഇളംപ്രായത്തിൽതന്നെ ജീവിക്കുവാൻവേണ്ടി സമരംചെയ്യുന്ന അവനു് പ്രചോദനം നല്കുവാൻ പുറകിലൊരു ലക്ഷ്യമുണ്ടു്. ഒരു കടമ അവനെക്കൊണ്ടു് പ്രയത്നിപ്പിക്കുന്നു. തനിക്കോ? താനിതുവരെ ആൎക്കുവേണ്ടി ജോലിചെയ്തു? അയാൾ ആലോചിച്ചു. നാട്ടുകാൎക്കോ, ഗവണ്മെന്റിനോ വേണ്ടിയല്ല. കുറച്ചുപേരെ വലിയ വലിയ മുതലാളികളാക്കുവാൻവേണ്ടി താൻ ജീവിതത്തിന്റെ നല്ലഭാഗം മുഴുവൻ ചെലവഴിച്ചു. ഫലമോ, ഒന്നുമില്ല. വാൎദ്ധക്യകാലത്തു പെൻഷൻപോലുമില്ല. ഇതുവരെ ജോലിചെയ്തിട്ടു് ഇനിയും മനുഷ്യർ മരിക്കയാണു വേണ്ടതെന്നായിരിക്കാം അവരുടെ അഭിപ്രായം.

പതിവില്ലാതെ അവനിൽ ഒരു ചെറിയ പരിഭ്രമവും പതറിച്ചയും ദുഃഖവും മററും അയാൾ

കണ്ടു. എന്തോ പന്തിയില്ലാതെ. "ശ്രുമ്മാ വാങ്ങി ത്തിന്നണം സാർ!" എന്ന പറയുന്നതിൽ, ആ പഴയ പ്രസാദാത്മകത്വം ഇല്ല. വെറും യാന്ത്രികമായാണ് അവൻ ഉച്ചരിക്കുന്നതു്.

"നിനക്കെന്താ ഒരു വല്ലായ്മ?"—അയാൾ ചോദിച്ചു. തന്നെ എന്നും കാണുന്ന ആ പതിവുകാരന്റെ ആ ചോദ്യത്തിൽ അവൻ പതറി.

"ഒന്നുമില്ല"—അതു പറഞ്ഞതിന്റെശേഷം അവൻ ഷർട്ടിന്റെ അററംകൊണ്ടു് മുഖം അമർത്തിത്തുടച്ചു. പക്ഷേ തുടച്ചിട്ടു് അയാളുടെ മുഖത്തേക്കു നോക്കിയ കണ്ണുകളിൽ വെള്ളംനിറഞ്ഞു നിന്നിരുന്നു.

അയാൾ അതുകണ്ടു.

ഉം. നിനക്കെന്താ ഇത്ര സങ്കടം?—അയാൾ ചോദിച്ചു. ഉത്തരം കിട്ടായ്കയാൽ കുറച്ചുകഴിഞ്ഞു് അയാൾ വീണ്ടും ചോദിച്ചു:—

നിന്റെ വീടെവിടെയാ?

അവൻ ദൂരെ ഒരു ദിക്കിലേക്കു ചൂണ്ടിക്കാണിച്ചു. കടലവില്പനക്കാരും, ചില്ലറസാമാനങ്ങൾ വില്ക്കുന്ന കുറെ പാണ്ടിച്ചികളും താമസിക്കുന്ന ഭാഗം.

നിനക്കു് അമ്മയുണ്ടോ?—അയാൾ വീണ്ടും ചോദിച്ചു.

ഉണ്ടു്.—അവൻ ഷർട്ടുകൊണ്ടു് കണ്ണുതുടച്ചു മൂക്കിലെ ജലംവലിച്ചു മേല്പോട്ടുകയററി. ചെറുക്കനു് സങ്കടം വഴിക്കുകയാണു്. അവനു് അവിടെനിന്നു് വേഗം പോവണമെന്നുണ്ടു്. പക്ഷേ ഹൃദയത്തിലെ ദുഃഖം ആ കാലുകളെ തടഞ്ഞു. എന്തോ കാര്യമായിട്ടുണ്ടെന്നു് അയാൾ ഊഹിച്ചു.

വീട്ടിൽ വേറെ ആരുമില്ലേ?—അയാൾ അലിവോടെ ചോദിച്ചു.

ആ മിഴികൾ വീണ്ടും കലങ്ങി. അവ ആകപ്പാടെ ചുവന്നിരിക്കുന്നു. വിക്കി വിക്കി അവൻ പറഞ്ഞു. ഉണ്ടു്;........ഇല്ല............

അയാൾക്കതു മനസ്സിലായില്ല. ഉണ്ടെന്നോ, ഇല്ലെന്നോ? എങ്ങിനെയാണതു പൊരുൾ തിരിച്ചെടുക്കുക? അയാൾ ഒരു കല്ലെടുത്തു് അവന്റെ തലയ്ക്കു മുകളിലേക്കു പറന്നുവന്ന ഒരു കാക്കയെ എറിഞ്ഞോടിച്ചുകൊണ്ടു ചോദിച്ചു:—

നിന്റെ അമ്മൂമ്മക്കു് എന്തുപററി?

അവൻ കടലയുടെ തട്ടു് താഴത്തുവച്ചു്, അവിടെത്തന്നെ ആ പൂഴിമണലിൽ തളർന്നിരുന്നു.

മുഖം താഴ്ത്തിക്കൊണ്ടവൻ പറഞ്ഞു.

"മരിച്ചുപോയി, കുറച്ചുമുമ്പു്"

ഓ!—അയാൾ ഞെട്ടിപ്പോയി.

തീരെ പ്രതീക്ഷിക്കാത്ത ഒന്നായിരുന്നു അതു്.

കുനിഞ്ഞു, കുനിപ്പിടിച്ചിരിക്കുന്ന, ആ പാവപ്പെട്ട ചെറുക്കനെ അയാൾ ഒട്ടൊരത്ഭുതത്തോടെ നോക്കി.

കുനിഞ്ഞിരുന്നു് അവൻ കരയുകയായിരുന്നു. പെട്ടെന്നു് അവൻ മുഖംതിരിക്കുന്നതു കണ്ടപ്പോൾ ഇററിവീഴുന്ന കണ്ണുനീർ കടലയിൽ വീഴാതിരിക്കാനാണതെന്നു് അയാൾക്കു മനസ്സിലായി.

അവനെ അങ്ങനെ നോക്കിയിരിക്കെ, വളരെ വർഷങ്ങളായി, നിലനില്ക്കുന്ന ഒരു മമതാബന്ധം അവനോടു് തനിക്കുണ്ടെന്നു് അയാൾക്കുതോന്നി. ഒരു ഇളംകാററുപോലെ സ്നേഹത്തിന്റെ നേരിയ അലകൾ അയാളുടെ ഹൃദയത്തെ വന്നു മന്ദമായി തടവി. അയാളിൽ ഉറങ്ങിക്കിടന്നിരുന്ന പുത്രസ്നേഹം ഉയർത്തെഴുന്നേററതാണോ? ആവോ? എന്തായാലും ശരി, വളരെ വർഷങ്ങളായി അയാൾ എന്തിനെയെങ്കിലും സ്നേഹിച്ചിട്ടു്. ഇതാ ഇപ്പോൾ തന്റെ മുമ്പിൽ കുനിഞ്ഞിരിക്കുന്ന ആ പയ്യനോടു്

അയാൾക്കു സാധാരണയിൽ കവിഞ്ഞ ഒരു മമതാബന്ധം തോന്നുന്നു.

അയാൾ മുമ്പോട്ടേക്കു കുനിഞ്ഞിരുന്നുകൊണ്ടു ചോദിച്ചു.–"നിന്റെ അമ്മൂമ്മ എന്നു മരിച്ചു ?

കണ്ണുകൾ ഉയർത്തി ഒരു ദയനീയഭാവത്തോടെ അവൻ പറഞ്ഞു:–കുറച്ചുമുമ്പ്."

ഓ! അയാൾ അതു് അപ്പോഴാണ് ഓർത്തതു്. "കുറച്ചുമുമ്പോ?–അയാൾ ആശ്ചര്യത്തോടെ ചോദിച്ചു.–എന്നിട്ട്, നിന്റെ അമ്മയെവിടെ, ശവം അടക്കലും എല്ലാം കഴിഞ്ഞോ? പിന്നെ ഈ ദിവസം, അതും ഇപ്പോൾ, ഈ കടലവില്ക്കാൻ നിന്റെ അമ്മ നിന്നെ എങ്ങിനെ വിട്ടു?"

അയാളുടെ ചോദ്യത്തിൽ, അവൻ വീണ്ടും മൗനിയായി. കണ്ണുനീർ വീണ്ടും ധാരാളം പ്രവഹിക്കുവാൻ തുടങ്ങി. ഒടുവിൽ വിക്കി_വിക്കി അവൻ പറഞ്ഞു:–

"ശവം വീട്ടിൽത്തന്നെ കിടക്കുവാ. അമ്മ അടുക്കലിരുന്നു കരയുന്നു. കുഴിച്ചിടാൻ പള്ളിക്കും ഒക്കെ ചക്രം കൊടുക്കണം. ചക്രം ഇല്ലായിരുന്നു. ഒരുപാടു കരഞ്ഞേച്ചു്, ഇതുകൊണ്ടെന്നു് വിററുകിട്ടുന്ന ചക്രം മേടിച്ചോണ്ടുവരാൻ അമ്മ പറഞ്ഞു. കൂലിക്കാക്കെങ്കിലും ചക്രംകൊടുത്താലു്, അവരു് എവിടെയെങ്കിലും കൊണ്ടുപോയി കുഴിച്ചിടും.

അവരെ കുഴിച്ചിടുന്നകാര്യം പറഞ്ഞതുകൊണ്ടായിരിക്കാം, അവൻ ശക്തിയായി പൊട്ടിക്കരഞ്ഞു. അതിനിടയിൽ അവൻ പറയുന്നതയാൾ കേട്ടു–"എനിക്കു വീട്ടിലേക്കു പോകാൻ പേടിയാ, സാർ!"

അയാൾ വായ് പൊളിച്ചിരുന്നുപോയി. ആ ഭയങ്കരമായ സ്ഥിതിയെപ്പററി ആലോചിച്ചപ്പോൾ അയാൾ വല്ലാതെ ഞെട്ടി. മുമ്പിലിരിക്കുന്ന അവനേയും ആ കടലയേയും അയാൾ മാറി മാറി നോക്കി. ആ കാണുന്ന സാധനം വിററുകിട്ടുന്ന ചക്രംകൊണ്ടുവേണം ആ ശവം മറവുചെയ്യാൻ. പക്ഷേ അതു മുഴുവൻ വില്ക്കാനൊക്കുമോ? ഇന്നുകൊണ്ടുതന്നെ. അഥവാ മുഴുവൻ വിററാലും, അതിൽനിന്നു് എത്ര കിട്ടാനാണ്. കച്ചവടത്തിന്റെ മുതൽക്കൂടി എടുത്തു ചെലവാക്കിയാൽ നാളെ അവർ എങ്ങനെ ജീവിക്കും?

അയാൾ തരിച്ചിരുന്നുപോയി. ലോകത്തിലെ നിരവധി പ്രശ്നങ്ങളിലൊന്നു് ഇതാ അയാളുടെ മുമ്പിൽ. അതോ, ഇത്രമാത്രം ക്രൂരമായ ഒരു യാഥാർത്ഥ്യത്തിന്റെ രൂപത്തിൽ!

നാളെ മുതലുള്ള അയാളുടെ ഗതിയും ഇതു തന്നെയാണ്. യാതൊന്നും സമ്പാദിച്ചിട്ടില്ലാത്ത അയാൾ എങ്ങിനെ നാളെമുതൽ കഴിയും?

അന്നാദ്യമായി അയാൾക്കു ലൂസിയോടു് അസൂയതോന്നി. ഇത്തരം യാതൊരു ദുരിതവും കാണുകയോ, അനുഭവിക്കുകയോ, ചെയ്യുന്നതിനു മുമ്പ് അവൾ, ഇവിടെനിന്നും രക്ഷപ്പെട്ടു. അവൾ മരിച്ചതും, താൻ ജീവിച്ചതും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. താൻ ഇഞ്ചിഞ്ചായി മരിച്ചപ്പോൾ, അവൾ ഒന്നോടെ മരിച്ചു. അത്രതന്നെ. തീരെ ശുഷ്കമായ വെറുങ്ങലിച്ച ഒരു ഭൂതകാലവും, അന്ധകാരമയമായ ഒരു ഭാവിയും, അവയ്ക്കിടയിൽ, ഒരു വെളുത്ത നീണ്ടതാടിയുമാണു ജീവിതത്തിൽനിന്നു് ഇതുവരെ അയാൾക്കു കിട്ടിയ സമ്പത്തു്. വാർദ്ധക്യത്തിന്റെ പരിപൂർണ്ണമായ പിടിയിൽ അയാൾ പെട്ടുപോയിരിക്കുന്നു. ഇനി എന്തെങ്കിലും ജോലിചെയ്തു ജീവിക്കുക അയാൾക്കു സാദ്ധ്യമല്ല. അത്രയ്ക്കു ക്ഷീണനാണ് അയാൾ. വളരെക്കാലം മുമ്പയാൾക്കുകിട്ടിയ അടി അയാളുടെ ജീവിതത്തെത്തന്നെ മുരടിപ്പിച്ചു. ഒന്നിലും ശ്രദ്ധിക്കാതെ അയാൾ ജീവിച്ചു. ഒരു കഴുതയേപ്പോലെ അയാൾ ജോലിയെടുത്തു. എന്തിനുവേണ്ടി അയാൾ സമ്പാദിക്കണം. കുറെപ്പേരെ പിഴിഞ്ഞെടുത്തു കുറച്ചുതുട്ട് സമ്പാദിക്കാൻ ശ്രമിക്കാഞ്ഞതു് അയാളുടെ കുററമാണോ? അയാളിൽനിന്നും ഇത്രമാത്രം മുതലെടുത്തവർ വാർദ്ധക്യ

കാലത്തു അയാളെ രക്ഷിക്കുവാൻ യാതൊരേർപ്പാടും ചെയ്തിട്ടില്ല. അയാളുടെ കഥമാത്രമല്ലിതു്. അനേകായിരംപേരുടെ കഥയാണു്. അപ്പോൾ പിന്നെ ഭാവിയിലെ ആ അന്ധകാരത്തിലേക്കു അയാൾ എന്തിനു പോകണം.

ഓ! ലൂസിയുടെ അടുക്കൽ എത്തിയിരുന്നെങ്കിൽ!–അയാൾ ഹൃദയംഗമമായി ആഗ്രഹിച്ചു.

അയാളുടെ ചുണ്ടുകളിൽ ഒരു ചെറുമന്ദഹാസം പ്രത്യക്ഷപ്പെട്ടു. എന്തോ നിശ്ചയിച്ചതുപോലെ അയാൾ എഴുന്നേറ്റു. വലത്തേപോക്കററിൽ തപ്പിനോക്കി. അതു ശൂന്യമാണു്. ഇടത്തേപോക്കററിൽ അയാൾ കൈയിട്ടു. എന്തോ തടഞ്ഞതു വെളിയിലേക്കെടുത്തു. ഒരഞ്ചുരൂപാനോട്ടായിരുന്നു അതു്. അയാളുടെ ശേഷിച്ച ആകെ സമ്പാദ്യം! അതെടുത്തു ചെറുക്കന്റെ നേരെ നീട്ടിക്കൊണ്ടു അയാൾ പറഞ്ഞു:–

ഇതാ! ഇതുകൊണ്ടുചെന്നു് അമ്മയുടെ കൈയിൽ കൊടുക്കു. എന്നിട്ടു് വേഗം അതു മറവുചെയ്യാനുള്ള ഏർപ്പാടുചെയ്യു.

അത്ഭുതംകൊണ്ടു് മരവിച്ചു് ആ നോട്ടിനേയും അയാളെയും മാറി മാറി നോക്കിക്കൊണ്ടിരുന്ന അവന്റെ പോക്കററിൽ അയാൾ അതു ഭദ്രമായി നിക്ഷേപിച്ചു. അതിനുശേഷം, കടലനിറഞ്ഞ ആ തട്ടു് അയാൾ എടുത്തു അവന്റെ തലയിൽവെച്ചുകൊടുത്തു. അതിൽനിന്നും ഒരു പിടി കടല അയാൾ വാരിയെടുത്തു. അതും ചുരുട്ടിപ്പിടിച്ചുകൊണ്ടു് മന്ദമായി, ഇടയ്ക്കിടക്കു തിരിഞ്ഞുനോക്കിക്കൊണ്ടു് ആ കടലക്കാരൻ പയ്യൻ അവന്റെ അമ്മയുടെയും അമ്മൂമ്മയുടെയും അടുക്കലേക്കു പോകുന്നതു് അയാൾ നോക്കിനിന്നു.

ആ കടല മന്ദമായി കൊറിച്ചുകൊണ്ടു് അയാൾ ആ വെൺമണലിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു. പാറയുടെ വിളുമ്പിലേക്കു ചെന്നു് നിന്നു് അയാൾ താഴോട്ടു നോക്കി. അനന്തമായ കടൽ പുഞ്ചിരിതൂവുകയാണു്. പാലുപോലെയുള്ള നിലാവിൽ വെട്ടിത്തിളങ്ങുന്ന അലകൾ ഗംഭീരമായി പാറകളിൽ വന്നടിച്ചു നക്ഷത്രങ്ങളെപ്പോലെ ചിതറുന്നു. എന്തൊരുവശ്യശക്തി! ഒരു പക്ഷേ ലൂസിയുടെ ആത്മാവു് ആ അന്തരീക്ഷത്തിൽ നിറഞ്ഞുനില്ക്കുന്നുണ്ടായിരിക്കും. താഴെ ഇളകിക്കളിക്കുന്ന കടലിന്റെ വശ്യതയിലേക്കു നോക്കുംതോറും അതയാളെ വല്ലാതെ ആകർഷിച്ചു. ലൂസിയെപ്പോലെ മനോഹരമായ കടൽ. അവളെപ്പോലെതന്നെ അതും പുഞ്ചിരിതൂകി അയാളെ ക്ഷണിക്കുന്നു. പെട്ടെന്നു് ആ അന്തരീക്ഷത്തിൽ എന്തോവന്നു് നിറഞ്ഞുനിന്നതായി അയാൾക്കു തോന്നി. ആരുടെയോ ആത്മാവു് അയാളെ മുട്ടിനിന്നു് താഴെ അലറുന്ന കടലിന്റെ മാറിലേക്കു ക്ഷണിക്കുന്നു. അയാൾ താഴേക്കുനോക്കി. അതേ. അതേ. അതു കടലല്ല. ലൂസിയാണു് ലൂസി! അതാ അവിടെ ഇളകിക്കളിച്ചുകൊണ്ടു് അയാളുടെ നേർക്കു് പുഞ്ചിരിതൂവുന്നു. അയാൾ അതിനു മറുപടിയെന്നോണം പുഞ്ചിരിതൂവി. അനന്തരം ഒരു കൈയുയർത്തിപ്പിടിച്ചുകൊണ്ടു് അയാൾ തിരിഞ്ഞു ലോകത്തെ ഒന്നുനോക്കി. അടുത്തനിമിഷം ആഴിയുടെ അഗാധതയിലേക്കു് എടുത്തൊരുചാട്ടം ചാടി!

താഴേയ്ക്കു പതിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ മറവുചെയ്യുന്നതിനുവേണ്ടി ആരും കടല വില്ക്കാൻ പോകേണ്ടിവരില്ല എന്നോർത്തു് അയാൾ ഉൗറിച്ചിരിച്ചു. അവസാനത്തെ ചിരി !!

# ദേശീയ ഗവേഷണശാലകൾ

എൻ. എസ്. വാര്യർ

ലോകപ്രസിദ്ധനായ ലൂയിപാസ്ച്ചർ 1868-ൽ എഴുതിയ ഒരു പ്രധാനലേഖനത്തിൽക്കൂടി, ശാസ്ത്രത്തെ വികസിപ്പിക്കുന്ന കാര്യത്തിൽ ഫ്രഞ്ചുജനതയും ഗവർമ്മെൻറും കാണിച്ചുവന്ന അലസമനോഭാവത്തെ പഴിച്ചുകൊണ്ടു് ഇങ്ങനെ പറയുകയുണ്ടായി :—

"I implore you. Take some interest in those sacred dwellings meaningly described as laboratories, ask that they may be multiplied and completed. They are the temples of fature, of riches and of comfort". ഞാൻ നിങ്ങളോടപേക്ഷിക്കുന്നു; ലാബ്രട്ടറികൾ എന്നു് അർത്ഥവത്തായി വ്യവഹരിക്കപ്പെടുന്ന ആ പാവനമന്ദിരങ്ങളെപ്പററി അല്പം ശ്രദ്ധകാണിക്കുക; അവയുടെ എണ്ണം കൂട്ടുവാനും അവയെ സംപൂർണ്ണമാക്കുവാനും ആവശ്യപ്പെടുക. അവ ഭാവിയുടേയും സമ്പത്തിൻേറയും സുഖത്തിൻേറയും ക്ഷേത്രങ്ങളാണു്". പാസ്ച്ചറുടെ ഈ ഉൽബോധനം അനേകം വ്യവസായികൾക്കും ഭരണമേധാവികൾക്കും പ്രചോദനം നൽകിയിട്ടുണ്ടു്. എന്നാൽ പല രാജ്യങ്ങളിലും, വ്യവസായശാലകൾ അവയുടെ സ്വന്തമായ ഗവേഷണശാലകൾ തുടങ്ങിയതിനു ശേഷമാണു് ഗവർമ്മെൻറുകൾ സർവ്വപ്രധാനമായ ഈ വിഷയത്തിൽ ശ്രദ്ധപതിപ്പിച്ചതു്. വിധിവിശേഷംകൊണ്ടെന്നോണം പ്രായേണ യുദ്ധകാലത്താണു് ശാസ്ത്രീയഗവേഷണത്തിൻെറ പ്രയോജനവും പ്രാധാന്യവും ഗവർമ്മെൻറുകൾ മനസ്സിലാക്കിത്തുടങ്ങിയതു്.

ഒന്നാംലോകമഹായുദ്ധകാലത്തു് ജർമ്മനിയുടെ നിശിതശസ്ത്രങ്ങൾ ഏററുതുടങ്ങിയപ്പോഴാണു് ബ്രിട്ടൺപോലും ശാസ്ത്രീയഗവേഷണകാര്യത്തിൽ, അതുവരെ അവലംബിച്ചിരുന്ന അലസനയത്തിൽനിന്നു് ഞെട്ടിയുണർന്നു് അക്കാര്യത്തിൽ സത്വരവും പുരോഗമനോന്മുഖവുമായ ഒരു നയം കൈക്കൊണ്ടതു്. അതിൻെറ ഫലമായാണു് അവിടെ ഒരു "Directorate of Scientific & Industrial Research" ഉണ്ടായതു്. സർ വില്യം ബ്രാഗ് (Sir William Bragg), Lord Ruther ford, Sir J. H. Jeans, Lord Raligh, A. V. Hill, മുതലായ പ്രമുഖശാസ്ത്രജ്ഞന്മാരടങ്ങിയ ഒരു ഉപദേശകസമിതിയോടുകൂടി പ്രവർത്തനംനടത്തിയ ഈ ഡിപ്പാർട്ടുമെൻറാണു് ഇംഗ്ലണ്ടിലെ ഭാവിവ്യവസായവികസനത്തിനുവേണ്ട കളമൊരുക്കിയതു്. ഇതിനെ തുടർന്നു് മിക്ക പടിഞ്ഞാറൻരാജ്യങ്ങളിലും സാധാരണക്കാരൻെറ പ്രാമാണ്യം ഭരണകാര്യത്തിൽ വർദ്ധിച്ചുവന്നതിനോടൊപ്പം, അവൻെറ ജീവിതത്തോതുയർത്തുവാനുള്ള കാമധേനുവായ, സയൻസിനെ പരിപോഷിപ്പിക്കുവാനും തുടങ്ങി. എന്നാൽ ബ്രിട്ടൻെറ ഒരു സാമന്തരാജ്യമായ ഇൻഡ്യക്കു് ഇപ്രകാരം ഒരു ഭാഗ്യം ഉദിച്ചില്ല. ഒന്നാംലോകമഹായുദ്ധത്തിൽത്തന്നെ വാണിജ്യത്തിൻെറയും ഗതാഗതത്തിൻെറയും ചാലുകൾ അടഞ്ഞപ്പോഴാണു് ഇൻഡ്യയിലെ അസംസ്കൃതസാധനങ്ങൾ കുറെയെങ്കിലും ഇവിടെത്തന്നെ സംസ്കരിച്ചാൽമാത്രമേ ഭരണകൂടംതന്നെ നിലനിർത്തുവാൻ വഴിയുള്ളു എന്നു ബ്രിട്ടനു മനസ്സിലായതും ഇൻഡ്യൻ വ്യവസായീകരണത്തിൽ ശ്രദ്ധപതിപ്പിച്ചതും. ഇതിൻെറ നാന്ദിയായി യുദ്ധംകഴിഞ്ഞു് മനസ്സില്ലാമനസ്സോടെ Indian Tariff Board സൃഷ്ടിച്ചു. അതിനുശേഷം അവിടവിടെയായി ചില വ്യവസായങ്ങൾ പ്രവർത്തിച്ചു എങ്കിലും സുസംഘടിതമായ ഒരു ദേശീയവ്യവസായപദ്ധതി ആസൂത്രണംചെയ്തു പ്രവർത്തിക്കുന്നതിനുള്ള സന്മനസ്സു് അന്നത്തെ ഇൻഡ്യാഗവർമ്മെൻറിനു് ഉണ്ടായില്ല. ഒന്നാംലോകമഹായുദ്ധത്തിൽ ബ്രിട്ടൺ പഠിച്ചപാഠം ഇൻഡ്യയിൽ പ്രവൃത്തി

യിൽവന്നതു രണ്ടാംലോകമഹായുദ്ധത്തിന്റെ പ്രാരംഭഘട്ടത്തിൽ മാത്രമാണ്. ഇങ്ങനെ 1940-ൽ ആണ് ഇവിടെ ഒരു Board of Scientific & Industrial Research ഉണ്ടായതു്. അന്ന് ഇൻഡ്യാ ഗവർമെൻറിൻെറ കാമേർസ് മെംബറായ Sir, A. Ramaswami Mudaliar ആണ് ഇക്കാര്യത്തിൽ മുൻകൈ എടുത്തു പ്രവർത്തിച്ചതു്. ഈ വകുപ്പിൻെറ അദ്ധ്യക്ഷനായ പ്രൊഫസർ ശാന്തിസ്വരൂപ് ഭട്ട്നഗർ നിയമിതനായി. സർവ്വകലാശാലകളിലും, വ്യവസായശാലകളിലുംകൂടി യുദ്ധാവശ്യങ്ങൾക്കുള്ള പലേ സാധനങ്ങളും ഒരുക്കിക്കൊടുത്തതിനോടൊപ്പം, യുദ്ധാനന്തരം ഇൻഡ്യയിൽ ഉടലെടുത്ത ഗവേഷണശാലകൾക്കുള്ള അടിത്തറകൾ അദ്ദേഹം നിർമ്മിക്കുകയും ചെയ്തു. അങ്ങനെയാണ് National Fuel Research Laboratory, National Chemical Laboratory, National Physical Laboratory എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭാലോചനകൾ 1940-ലും 41-ലുമായി ഈ സമിതി നടത്തിയതു്. ഇവ നിർമ്മിക്കുന്നതിനുള്ള പ്ലാനിംങ്ങ് കമ്മിററി 1943-ൽ പ്രവർത്തനമാരംഭിച്ചു. 1944-ലെ ബഡ്ജററിൽ ഒരു കോടിരൂപാ ഇവയുടെ സ്ഥാപനാർത്ഥം നീക്കിവയ്ക്കപ്പെട്ടു. ഇപ്രകാരം 1946-ൽ ഇൻഡ്യയിൽ ദേശീയഗവർമെൻറ് ഉണ്ടായപ്പോഴേക്കും, ദേശീയഗവേഷണശാലകളുടെ സൃഷ്ടിക്കുള്ള പരിപാടികളും പ്രവൃത്തി തുടങ്ങത്തക്കവണ്ണം തയ്യാറായിക്കഴിഞ്ഞിരുന്നു.

താൻ രാഷ്ട്രീയജീവിതത്തിലല്ലായിരുന്നു എന്നു വരികിൽ ഒരു ശാസ്ത്രീയഗവേഷകനായിരുന്നേനേ എന്ന് പല പ്രാവശ്യം പ്രസ്താവിച്ചിട്ടുള്ള പ്രധാനമന്ത്രി ജവഹരിലാൽനെഹ്റു, സ്വാഭാവികമായിത്തന്നെ ഈ പരിപാടികളുടെ പ്രവർത്തനത്തിനു് ശക്തിമത്തായ പ്രചോദനം നൽകുകയും ചെയ്തു. ഇതിൻെറ ലക്ഷ്യമെന്നോണം ശാസ്ത്രീയഗവേഷണത്തിന് ഒരു പ്രത്യേകവകുപ്പ് സൃഷ്ടിക്കുകയും അദ്ദേഹം അതിൻെറ അദ്ധ്യക്ഷത കൈയ്യേൽക്കുകയുംചെയ്തു. തൽഫലമായി ഇന്നോവരെ പതിനൊന്നു പുതിയ ഗവേഷണശാലകൾ രൂപമെടുത്തുകഴിഞ്ഞു. ഇവയിൽ ഓരോന്നിനെയും ചുരുക്കമായി പറയാം.

## 1. നാഷണൽ കെമിക്കൽ ഗവേഷണശാല.

ഓരോ രാജ്യത്തിൻെറയും വ്യവസായപ്രവർത്തനങ്ങളെ സൂക്ഷ്മമായി പരിശോധിക്കുകയാണെങ്കിൽ അവയുടെ നട്ടെല്ല് "Heavy Chemical Industries" അഥവാ രാസകനിർമ്മാണവ്യവസായമാണെന്നു് മനസ്സിലാക്കാം. മററുവ്യവസായങ്ങൾക്കെല്ലാം ആവശ്യമുള്ള രാസകങ്ങൾ നിർമ്മിക്കുന്നതു് ഇതിലാണ്.

കൃഷിക്കാവശ്യമുള്ള വളങ്ങൾ രാജ്യത്തിന്റെ പ്രതിരോധത്തിനാവശ്യമുള്ള വെടിക്കോപ്പുകൾ, മററു പ്രധാനപ്പെട്ട വ്യവസായത്തിനുംവേണ്ട രാസകങ്ങൾ, സൾഫ്യൂറിക്ക് ആസിഡുപോലുള്ള അമ്ലങ്ങൾ, ക്ഷാരങ്ങൾ കാരങ്ങൾ ഇവയെല്ലാം പാകപ്പെടുത്തുന്നതു് "Heavy Chemical Industries" ആണ്. ഈ രാസകങ്ങൾക്ക് അന്യരാജ്യങ്ങളെ ആശ്രയിക്കുന്നതു് രാഷ്ട്രീയ സാമന്തത്വത്തെയാണ് കാണിക്കുന്നതു്. വിപുലവും കാര്യക്ഷമവുമായ ഒരു രാസകനിർമ്മാണവ്യവസായം നമുക്കില്ല. എന്തെന്നാൽ ഇവയിൽനിന്നു ലഭിക്കുന്ന ലാഭം തുച്ഛമായതിനാൽ വ്യവസായികൾ ഇതിൽ ശ്രദ്ധിച്ചിട്ടില്ല. ഒരു ഗവർമെൻറ് പണം ചിലവാക്കി കെട്ടിപ്പടുക്കേണ്ട ഒരു വ്യവസായമാണിതു്. നമ്മുടെ കയ്യിലുള്ള അസംസ്കൃത സാധനങ്ങൾകൊണ്ടു് ഇവ ഇവിടെ നിർമ്മിക്കാനായി വ്യവസായഗവേഷണങ്ങൾ തുടങ്ങേണ്ടതു് ഒരു രാഷ്ട്രീയാവശ്യമാണ്.

ഉദാഹരണമായി ഇന്നത്തെ ഗന്ധകത്തിന്റെ നില നോക്കുക. അനേകവ്യവസായങ്ങൾക്കാവശ്യമുള്ള സൾഫ്യൂറിക്കാസിഡ് ഉണ്ടാക്കുന്ന ഗന്ധകം ഇന്നു് റേഷനിലാണ്. ഇതിൻെറ കുറവിനാൽ നമ്മുടെ വ്യവസായങ്ങളിൽ പലതും വാട്ടകയാണ്. അതുമല്ല, നാം ഗന്ധകം വില്ക്കുന്ന രാജ്യങ്ങളുടെ പുറകേ നടക്കുകയും ചെയ്യുന്നു. എന്നാൽ ഈ രാജ്യത്തു് അനേകം സൾഫേററു

പ്രകൃതിദത്തമാണ്. അവയിൽനിന്ന് ഈ അമ്ലമുണ്ടാക്കുവാനുള്ള വഴിതെളിച്ചാൽ നമ്മുടെ വ്യവസായഭാവി ഉറച്ചു എന്നല്ലേ അൎത്ഥം. ഇപ്രകാരം നാനാവശങ്ങളും നോക്കിയാൽ നമ്മുടെ വ്യവസായീകരണത്തിന്റെ അടിസ്ഥാനം രാസകനിൎമ്മാണവ്യവസായമാണെന്ന് മനസ്സിലാക്കാം. അതുകൊണ്ടാണ് 1941-ൽത്തന്നെ ഒരു നാഷണൽ കെമിക്കൽ ഗവേഷണശാല വേണമെന്ന് തീൎച്ചപ്പെടുത്തിയതും വൻ വ്യവസായങ്ങളിലേൎപ്പെട്ടിരിക്കുന്ന ടാററാ കമ്പനിക്കാർ ഇതിലേക്ക് 8 ലക്ഷത്തിമുപ്പതിനായിരം രൂപാ ചെലവു ചെയ്തതും. 1943-ൽ സർ, ആർഡേഷർ ഡലാലിന്റെ കീഴിലും 1944-ൽ Dr. John Mathai യുടെ കീഴിലും ആയി ഒരുവിദഗ്ദ്ധക്കമ്മിററി ഇതിന്റെ പ്ലാനുണ്ടാക്കി. 1947 ഏപ്രിൽമാസത്തിൽ ബി. ജി. ഖേർ, പൂനായിൽ ഇതിന്റെ ശിലാസ്ഥാപനം നിൎവ്വഹിച്ചു. 1949 ഒക്ടോബർമാസത്തിൽ ആദ്യത്തെ ഡയറക്ടർ ആയി പ്രസിദ്ധ അമേരിക്കൻ പ്രൊഫസർ മാക്സ്ബെയിൻ നിയമിക്കപ്പെട്ടു. 1950-ജനുവരി മൂന്നാം തീയതി പ്രധാനമന്ത്രി ഇതുൽഘാടനംചെയ്യുകയുണ്ടായി. 640 അടി നീളവും 200 അടി വീതിയുംമുള്ള ഈ കെട്ടിടത്തിൽ 150 ൽ അധികം മുറികളുണ്ട്. Organic Chemistry, Biochemistry, Iuorganic Chemistry, Physical Chemistry, Chemical Engineering, Plastics, Survey and Information ആദിയായ പ്രധാന വിഭാഗങ്ങളിലെല്ലാം തത്വപരവും പ്രായോഗികവുമായ ഗവേഷണങ്ങൾ നടത്തുവാനുള്ള ഉപകരണങ്ങളെല്ലാം ഉണ്ട്. എന്നു മാത്രമല്ല, മററ് ഇൻഡ്യൻഗവേഷണകേന്ദ്രങ്ങളിലില്ലാത്ത ഒരു പുതുമ—വൻതോതിൽ വ്യവസായമാതൃകയിൽ പരീക്ഷണങ്ങൾ നടത്താനുള്ള സൌകൎയ്യം പ്രത്യേകമായി ഉണ്ടാക്കിയിട്ടുമുണ്ട്. ഇൻഡ്യയിലെ വിഭവങ്ങളുപയോഗിച്ചുണ്ടാക്കാവുന്ന വ്യവസായങ്ങൾ തുടങ്ങുന്നതിനും പ്രത്യേകമായി അമ്ലങ്ങൾ, ക്ഷാരങ്ങൾ, വളങ്ങൾ നിറങ്ങൾ മുതലായ മൌലികപ്രാധാന്യമുള്ള സാധനങ്ങൾ ഉണ്ടാക്കുന്നതിനും വ്യവസായങ്ങളിൽ പാഴായിക്കളയുന്ന ഉപജാതങ്ങളെ ഉപയോഗിക്കുന്നതിനും ഈ ഗവേഷണശാല ശ്രദ്ധിക്കുന്നതാണ്.

## 2. നാഷനൽ ഫിസിക്കൽ ലാബ്രട്ടറി

1943-ൽ സർ ഗുലാം അഹമ്മദിന്റെ കീഴിൽ നിയമിച്ച പ്ലാനിംഗ് കമ്മററി 1945 ൽ ഇംഗ്ലണ്ടിലെ നാഷണൽ ഫിസിക്കൽ ലാബ്രട്ടറിയുടെ മാതൃകയിൽ, ഒരു പ്ലാൻ തയാറാക്കി ഇൻഡ്യൻ ശാസ്ത്രജ്ഞന്മാരുടെയിടയിൽ അഭിപ്രായത്തിനായി വിതരണം ചെയ്തു. ഈ പ്ലാൻ അനുസരിച്ചുള്ള കെട്ടിടം ഡൽഹിയിൽ പണിയുന്നതിനായി 1947-ൽ പ്രധാനമന്ത്രി ശിലാസ്ഥാപനം നടത്തി. 1950 ജനുവരി 21-ാംതീയതി സർദാർ പട്ടേൽ ഇതു് ഉൽഘാടനം ചെയ്തു.

ഡെൽഹിയിൽ 65 ഏക്കർ വിസ്തൃതിയുള്ള ഒരു മൈതാനത്തിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥാപനത്തിന്റെ പ്രധാനകെട്ടിടത്തിനു് 600 അടി നീളമുണ്ട്. ആകെ ചിലവു് 40 ലക്ഷം രൂപയാണു്.

പ്രധാനമായും വ്യവസായലോകത്തിലെ സ്റ്റാൻഡേർഡുകൾ രക്ഷിക്കുന്ന ചുമതല ഗവർമെന്റുകളുടെതാണ്. ഇതിന്റെ ഭദ്രതയിലാണ് വ്യവസായീകരണത്തിന്റെ വിജയം സ്ഥിതിചെയ്യുന്നതു്. ഈ ജോലി നിൎവ്വഹിക്കുന്നതിനും, വ്യവസായങ്ങൾക്ക് ആവശ്യമുള്ള ശക്തി ഉൽപാദിപ്പിക്കുന്ന രീതിയിൽ മാററം വന്നുകൊണ്ടിരിക്കുന്ന ഇക്കാലത്തു്, അണുശക്തിയെപ്പററി പഠിക്കുന്നതിനും ഈ സ്ഥാപനം ഉപയോഗപ്രദമാണ്.

## 3. ഫ്യൂവൽ റിസർച്ച് ഇൻസ്റ്റിററ്യൂട്ട്

വ്യവസായങ്ങൾക്ക് ആവശ്യമുള്ള ശക്തിയുടെ ഉൽപാദനത്തിനു് ഉപയോഗിച്ചുവരുന്നതു് കല്ക്കരിയും, ഖനിയെണ്ണയും, വൈദ്യുതിയുമാണ്. ഇവയിൽ ഖനിയെണ്ണ നമുക്ക് വളരെക്കുറവാണ്. വൈദ്യുതി വെള്ളച്ചാട്ടങ്ങളിൽനിന്നു ഇനിയും വൻതോതിൽ ഉണ്ടാക്കിയെടുക്കേണ്ട

താണു്. കല്ക്കരിയാണെങ്കിൽ ആകെയുള്ളതു് 75 കോടിടൺ ആണെന്നും അതു് അടുത്ത 65 കൊല്ലത്തേക്കു് മാത്രമേ മതിയാകയുള്ളു എന്നും കണക്കാക്കപ്പെട്ടിരിക്കുന്നു. ആയതിനാൽ ഉള്ള കല്ക്കരി ഏററവും ഉപകാരപ്രദമായി ഉപയോഗിക്കുവാനാണു് ഫ്യൂവൽ റിസർച്ചു ഇൻസ്റ്റിട്യൂട്ടു് 1950 ഏപ്രിൽ മാസത്തിൽ പ്രസിഡൻറു് രാജേന്ദ്രപ്രസാദ് ഉൽഘാടനം ചെയ്തതു്.

അന്യരാജ്യങ്ങളിൽ കല്ക്കരിയിൽനിന്നും ചായങ്ങൾ, ഔഷധങ്ങൾ, വെടിക്കോപ്പുകൾ, വളങ്ങൾ, കൃമിവിനാശിനികൾ, സുഗന്ധദ്രവ്യങ്ങൾ, ഇവയെല്ലാം ഉണ്ടാക്കിത്തുടങ്ങിയിട്ടു കാലങ്ങൾ വളരെയായി. ഈ അടുത്തകാലത്തു് മോട്ടോർ വാഹനങ്ങൾക്കും ഏയറോപ്ലെയിനുമാവശ്യമുള്ള പെട്രോളും അവർ ഇതിൽനിന്നും ഉണ്ടാക്കിത്തുടങ്ങി. യുദ്ധകാലത്തു് ജർമ്മനിയുടെ ആവശ്യം മുഴുവനും സാധിച്ചതു് ഇപ്രകാരമാണു്. എന്നിട്ടും നമ്മുടെ ഈ സമ്പത്തു്, എരിച്ചുകളയുകയാണു്. ഇൻഡ്യക്കു് ആവശ്യമുള്ളതിൻെറ ആറു ശതമാനം പെട്രോളാണു നമുക്കുള്ളതു്. ആണ്ടുതോറും 30 കോടിരൂപായ്ക്കു് പെട്രോൾ നാം വരുത്തുന്നു. ഇതു് 2 കോടി ടൺ കല്ക്കരികൊണ്ടുണ്ടാക്കാവുന്നതാണു് എന്നോക്കുമ്പോഴാണു് ഈ ഇൻസ്റ്റിട്യൂട്ടിൻെറ ആവശ്യം മനസ്സിലാകുന്നതു്.

## 4. ഗ്ലാസ്സ് സിറാമിക് റിസർച്ച് ഇൻസ്റ്റിററ്യൂട്ട്

ഉദ്ദേശം 80 ഗ്ലാസ് ഫാക്ടറികളും 40 പിഞ്ഞാണവ്യവസായശാലകളുമുള്ള ഇൻഡ്യയിൽ ഒരുലക്ഷം പണിക്കാർ ചേർന്നു് ചെറിയതോതിലായി 4 കോടി രൂപാ വിലയുള്ള സാധനങ്ങളുണ്ടാക്കുന്നെങ്കിലും കൊല്ലാകൊല്ലം 2 കോടിരൂപാ വിലയുള്ള ഗ്ലാസും 70 ലക്ഷംരൂപായ്ക്കു് പിഞ്ഞാണവും നാം ഇറക്കുമതിചെയ്യുന്നു. മാത്രമല്ല നമ്മുടെ സാധനങ്ങൾ വളരെ മോശപ്പെട്ടതുമാണു്. ഈ ദുരവസ്ഥയിൽനിന്നു രക്ഷ നേടുന്നതിനാണു് ബംഗാളിൽ 1950, ആഗസ്റ്റിൽ സെൻട്രൽ ഗ്ലാസ് & സിറാമിക്സ് ഇൻസ്റ്റിട്യൂട്ടു് സ്ഥാപിച്ചതു്. വ്യവസായലോകത്തും ഗാർഹികാവശ്യങ്ങൾക്കും നല്ല കുപ്പികളും പിഞ്ഞാണങ്ങളും എത്രമാത്രം ആവശ്യമാണെന്നു് ആലോചിച്ചാൽ ഈ ഗവേഷണങ്ങളുടെ അത്യന്താപേക്ഷിത ഗ്രഹിക്കാം.

## 5. National Metallurgical Laboratory

ലോകത്തിലെ ലോഹഖനിജങ്ങൾ വളരെ അധികമുള്ള ഒരു രാജ്യമാണു് ഇൻഡ്യ എങ്കിലും ശരാശരി ആളോഹരി നോക്കിയാൽ വളരെക്കുറച്ചു ലോഹങ്ങൾമാത്രമേ നാം ഉപയോഗിക്കുന്നുള്ളു. നമ്മുടെ ലോഹസമ്പത്തു്, ഖനിജങ്ങളായി കയററി അയയ്ക്കുകയാണു് നാം ചെയ്യുന്നതു്. മാൻഗനീസ്, ചെമ്പ്, ടയിറേനിയം, അലുമിനീയം, ഇരുമ്പ് മുതലായവയെല്ലാം ഇവിടെത്തന്നെ ഉണ്ടാക്കണമെന്ന ഉദ്ദേശത്തിലാണു് ഇൻഡ്യയിലെ "ഉരുക്കു് നഗരം" എന്നറിയപ്പെടുന്ന ജാംഷെഡ്പൂരിൽ 1950 നവംബറിൽ പ്രധാനമന്ത്രി നാഷണൽ മെററലർജിക്കൽ ലാബ്രട്ടറി ഉൽഘാടനം ചെയ്തതു്.

## 6. Food Technological Research Institute

രണ്ടാം ലോകമഹായുദ്ധം നിമിത്തമുണ്ടായ ഭക്ഷണക്ഷാമം, ഭക്ഷണ സാധനങ്ങളെക്കുറിച്ചുള്ള ഗവേഷണത്തിലേയ്ക്കു് വിദഗ്ദ്ധന്മാരുടെ ശ്രദ്ധയെ ആകർഷിക്കയുണ്ടായി. ഇൻഡ്യയിൽ ഏകദേശം പത്തു ശതമാനം ഭക്ഷണസാധനങ്ങളുടെ കുറവുണ്ടെന്നു കണക്കാക്കപ്പെട്ടു. ഇതു പരിഹരിക്കുന്നതിനു് പല വഴികളും തെളിച്ചകൂട്ടത്തിൽ, പുതിയ ഭക്ഷണസാധനങ്ങൾ— Processed foods—ഉണ്ടാക്കുന്നതിനും, ഭക്ഷണസാധന നിർമ്മാണ വ്യവസായങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനുമായി മൈസൂറിൽ ചെലുവമ്പാ കൊട്ടാരം പരിഷ്കരിച്ചു് ഒരു റിസർച്ചു് ഇൻസ്റ്റിട്യൂററു് ഉണ്ടാക്കി. 1950 ഒക്ടോബർ മാസത്തിൽ ശ്രീ. സി. രാജഗോപാലാചാരി അതു് ഔപചാരികമായി തുറന്നു.

## 7. Drug Research Institute.

ഈ രാജ്യത്തെ ആവശ്യത്തിനായി, എത്രയോ ലക്ഷം രൂപായ്ക്കുള്ള മരുന്നുകൾ, നാം വരുത്തുന്നുണ്ടു്. ഈ മരുന്നുകൾ പലതും നമ്മുടെ ചെടികൾ കയററിക്കൊണ്ടുപോയാണു് ഉണ്ടാക്കുന്നതു്. ഈ നഷ്ടം തടയുന്നതിനും പുതിയ ഔഷധങ്ങൾ കണ്ടുപിടിക്കുന്നതിനും ഉണ്ടാക്കിയ ഇൻസ്റ്റിട്യൂററാണു് സെൻടൽ Drug Research Institute. 7ലക്ഷംരൂപാ ചെലവുചെയ്തു് ലക്നോവിലുള്ള ഒരു വലിയ കൊട്ടാരം 1949 മുതൽ ഗവേഷണശാലയായി രൂപാന്തരപ്പെടുത്തി. 1951 ജനുവരിയിൽ പ്രധാനമന്ത്രി ഉൽഘാടനം ചെയ്തു.

## മററു് ഇൻസ്റ്റിററ്യൂട്ടുകൾ

മേൽ പറഞ്ഞവ കൂടാതെ കാരക്കുടിയിൽ ഒരു ഇലക്ട്രോ കെമിക്കൽ ഇൻസ്റ്റിട്യൂററും, ഡെൽഹിയിൽ ഒരു റോഡു് റിസർച്ചു ഇൻസ്റ്റിട്യൂററും, റൂർക്കിയിൽ ഒരു ബിൽഡിംഗ്സ് റിസർച്ചു് ഇൻസ്റ്റിട്യൂററും, മദ്രാസിൽ ഒരു Leather Research Institute-ം 1951 ൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടു്.

ഈ ഗവേഷണശാലകളെപ്പററിയെല്ലാം അവസാനമായി പറയുവാനുള്ളതു് നമ്മുടെ പ്രധാനമന്ത്രിതന്നെ പറഞ്ഞ വാക്കുകളാണു് "Laboratories are not progress in themselves but are the foundations of progress" വിദേശീയ സംസ്കാരങ്ങളുടെ സാന്ദ്രസമ്പർക്കം ഭാരതത്തിന്റെ സർഗ്ഗശക്തിയെ മുമ്പും ഉത്തേജിപ്പിച്ചിട്ടുണ്ടു്; താജ്മഹാൾ തുടങ്ങി, മനുഷ്യസങ്കല്പത്തിന്റെയും, പ്രവർത്തനത്തിന്റെയും മഹനീയലക്ഷ്യങ്ങൾ അങ്ങനെ ഈ നാട്ടിൽ ഉടലെടുത്തിട്ടുമുണ്ടു്.

ആധുനികപാശ്ചാത്യസംസ്കാരവുമായി ഇടപഴകിയ ഭാരതീയമേധാശക്തിയുടെ വിശിഷ്ട സന്താനങ്ങളാണു് നമ്മുടെ ദേശീയഗവേഷണശാലകൾ. അവ ഈ നാട്ടിന്റെ ഭാവി, ശ്രേയസ്സിന്റെ മൂശയിൽ കരുപ്പിടിപ്പിക്കുന്നതിൽ മികച്ച ഒരു പങ്കു് വഹിക്കുവാനും പോകുന്നു.

---

അദ്ധ്യാപകൻ:—എ. ഡി. 16-ാം ശതകത്തിൽ ജീവിച്ചിരുന്ന കവികളെപ്പററി നിങ്ങൾക്കു വല്ലതുമറിയാമോ?

ഒരുകുട്ടി:—അവരെല്ലാം ചത്തുപോയതായി അറിയാം.

❀ ❀ ❀ ❀ ❀

അദ്ധ്യാപകൻ:—ബാലാ! നിനക്കു എത്ര വയസ്സായി?

ബാലൻ:—പതിനേഴു്.

അദ്ധ്യാ:—വയസ്സിനു തക്ക വളർച്ച കാണുന്നില്ലല്ലോ.

ബാലൻ:—പഠിക്കാനും വളരാനുംകൂടി സമയമില്ല സാർ!

# ഫ്രഞ്ചു മൊറോക്കൊ

## വി. നാരായണൻ നമ്പൂതിരി എം. എ.

വഞ്ചകരും ധനചൂഷകരുമായ വിദേശീയർ 'ടാംഗീർ' പട്ടണം ഒരു അക്ഷയപാത്രമായിട്ടാണു കരുതിയിരിക്കുന്നതു്. ഒന്നിലധികം സാമ്രാജ്യമോഹികൾ പകുത്തെടുത്തിരിക്കുന്ന മൊറോക്കോയിൽ ഭൂമിശാസ്ത്രപരമായും ചരിത്രപരമായും ഉൾക്കൊണ്ടിരിക്കുന്ന ഒരു അന്താരാഷ്ട്രീയ നഗരമാണു് ഇതു്. ടാംഗീറിൽനിന്നും സ്പാനിഷ് മേഖലയിൽക്കൂടി ഒരു മണിക്കൂറോളം ട്രെയിനിൽ സഞ്ചരിച്ചാൽ 'റബാത്തു്' എന്ന പട്ടണമായി. കുറേക്കൂടി തെക്കുമാറി ഫ്രഞ്ചുകാരുടെ കൊച്ചു പാരിസ്സായ 'കസബ്ലാങ്ക' അഥവാ 'കസ' എന്ന പട്ടണം സ്ഥിതിചെയ്യുന്നു. ഇവിടെയാണു് കഴിഞ്ഞ ഡിസംബർമാസത്തിൽ ഫ്രഞ്ചുസേനകൾ കോട്ടകൊത്തളങ്ങളും തെരുവീഥികളുമെല്ലാം നാട്ടുകാരായ മൊറോക്കരുടെ രക്തത്തിൽ ആറാടിച്ചതു്. മററു പല പട്ടണങ്ങളുടേയും ദുർഗ്ഗമാർഗ്ഗങ്ങളിലും ഉപവീഥികളിലും ചുടുരക്തം ചിന്തുകയുണ്ടായി. അനവധി മരിച്ചു, ലക്ഷോപലക്ഷം മുറിവേററു. ഇങ്ങനെ സകല മൊറോക്കർ കുടുംബങ്ങളും പൈശാചികമായ മർദ്ദനമേററു ശോകമൂകരായിരിക്കവെ അവിടെ (കസബ്ലാങ്ക)യുള്ള ഫ്രഞ്ചുകാർ (ഒരു ലക്ഷത്തി മുപ്പത്തൊമ്പതിനായിരം!) തിന്നും തിമർത്തും കുടിച്ചും മദിച്ചും ആഹ്ലാദിച്ചുകൊണ്ടിരുന്നു. അതേ സമയം ശതക്കണക്കിനു മൊറോക്കരെ ബലാൽക്കാരമായി പിടിച്ചു മധ്യധരണ്യാഴിയിലുള്ള കോർസിക്കാ ദ്വീപിലേക്കു നാടുകടത്തുന്നതിൽ വ്യാപൃതങ്ങളായ ഫ്രഞ്ചു യുദ്ധവിമാനങ്ങൾ അന്തരീക്ഷത്തിൽ ഇരമ്പി പാഞ്ഞുകൊണ്ടുമിരുന്നു.

ഫ്രാൻസിൻെറ ഒരു സംരക്ഷിത രാജ്യമാണു മൊറോക്കൊ. യു. എൻ. ഒ.യിൽ ഓരോ രാജ്യങ്ങളുടേയും പ്രതിനിധികൾ സംരക്ഷിതരാജ്യവും ഉപരാജ്യവും തമ്മിൽ അഥവാ സംരക്ഷിതരാജ്യവും അധിനിവേശരാജ്യവും തമ്മിലുള്ള ഭേദങ്ങൾ ഓരോന്നായി വിശകലനംചെയ്തും കൂലങ്കഷമായി ചർച്ച്ചെയ്തും വാദവിഷയബാഹുല്യം നിമിത്തം ഒരു തീരുമാനത്തിലെത്താതിരിക്കവെ ഫ്രഞ്ചാധിരാജ്യത്തിൻകീഴിൽ വെന്തുനീറുന്ന മൊറോക്കോയെപ്പററി നമുക്കല്പമൊന്നു ചിന്തിക്കാം.

നാല്പതുകൊല്ലങ്ങൾക്കുമുമ്പു 1912 മാർച്ചുമാസം 30-ാംനു- ഒപ്പുവെച്ച ഫ്രഞ്ചുമൊറോക്കൻ ഉടമ്പടിയനുസരിച്ചു സുൽത്താനാണു് അവിടുത്തെ ഭരണത്തിൻെറ പരമാധികാരി. സുൽത്താനു ഭരണകാര്യങ്ങളിൽ വേണ്ട സഹായവും ഉപദേശവും നൽകുക മാത്രമാണു് ഫ്രഞ്ചു റസിഡൻറു ജനറലിൻെറ കൃത്യം. സുൽത്താനു് സ്വയം നിർദ്ദിഷ്ടരായ അംഗങ്ങളോടുകൂടിയ 'മെക്ലെസ്' എന്നറിയപ്പെടുന്ന ഒരു കാബിനററുണ്ടെന്നാണു വെയ്പ്പു്. ഇൻഡ്യയിലെ സമിന്ദർ, തക്കൂർ സാഹിബു്, രാജാ മുതലായവർക്കു തുല്യരായ പാഷ, കെയിഡ്സ് എന്നിവർ സുൽത്താനാൽ നിയമിതരായി ഓരോ ജില്ലകളിലും രാജഭോഗങ്ങൾ പിരിച്ചെടുക്കുകയും ഭരണം നടത്തുകയും ചെയ്തു വരുന്നു.

ഇതാണു ഫ്രഞ്ചുമൊറോക്കൻ ഉടമ്പടിയുടെ അടിസ്ഥാനമായ സ്വഭാവം. എന്നാൽ യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട സുൽത്താൻ തിരുമനസ്സു് ഫ്രഞ്ചുറസിഡൻറു ജനറലിൻെറ കീഴിൽ വെറും തടങ്കൽ പുള്ളിയാണു്. ഈ ഫ്രഞ്ചു റസിഡൻറു മൊറോക്കൻ ഖജനാവിൽനിന്നും പ്രതിമാസം ഒരു ഭീമമായ തുക (പതിനയ്യായിരം രൂപ!) ശമ്പളം പററുന്നുണ്ടു്. എല്ലാ ഗവൺമെൻറാഫീസുകളിലും ഫ്രഞ്ചുകാരാണു മേധാവികൾ. താഴ്ന്നതരം ക്ലെറിക്കൽ ജോലിക്കു മാത്രമെ മൊറോക്കരെ അനുവദിച്ചിട്ടുള്ളു. സ്കൂളുകൾ, കോളേജുകൾ, സന്ദർശകവാസതികൾ, വാർത്താവിതരണകേന്ദ്രങ്ങൾ മുതലായ

എല്ലാപ്രധാന സ്ഥാപനങ്ങളിലും അധികാരികൾ ഫ്രഞ്ചുകാർ തന്നെ. റസിഡൻസിയിൽനിന്നും അനുജ്ഞവന്നല്ലാതെ സുൽത്താൻെറ കാബിനററിനു ഒരടിപോലും മുമ്പോട്ടു പോകുവാൻ സാധ്യമല്ല. ചുരുക്കത്തിൽ ഫ്രഞ്ചുറസിഡൻ്റ്ജനറലാണു് അവിടുത്തെ അപ്രതിഷേധ്യനായ സ്വേച്ഛാധിപതി അഥവാ അനഭിഷിക്തനായ മൊറോക്കൻ ചക്രവർത്തി. ഇന്ദ്രൻ മാറിയാലും ഇന്ദ്രാണിക്കു മാററമില്ലെന്ന മട്ടിൽ ഫ്രാൻസിൽ ഭരണകൂടങ്ങൾ എത്രതന്നെ മാറിവന്നാലും മൊറോക്കോയിലെ ഫ്രഞ്ചുറസിഡൻ്റിൻെറ ഭരണത്തിനു മാററമൊന്നുമില്ല. പാരിസ്സിൽ യാഥാസ്ഥിതിക കക്ഷിയൊ ഉൽപ്പതിഷ്ണുക്കളൊ ആരുതന്നെ അധികാരത്തിൽ വന്നാലും റബാത്തിൽ യാതൊരു ഭേദഗതിയുമില്ല.

എന്നാൽ വളരെക്കാലത്തെ ഫ്രഞ്ചുകാരുടെ നേരിട്ടുള്ള സ്വേച്ഛാധിപത്യത്തിനു മൊറോക്കരുടെ രാഷ്ട്രീയ ബോധത്തെ അണുമാത്രം പോലും രൂപാന്തരപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ബ്രിട്ടീഷ്മേൽക്കോയ്മയിൽ ഭാരതത്തിൽ ഉണ്ടായിരുന്ന മഹാരാജാക്കന്മാരെപ്പോലെയൊ നൈസാമിനേപ്പോലെയൊ അല്ല മൊറോക്കോയിലെ സുൽത്താൻ. അദ്ദേഹം താൻ ഒരു നട്ടെല്ലുള്ളവനാണെന്നു ഇതിനകം ലോകസമക്ഷം തെളിയിച്ചിട്ടുണ്ടു്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനു തുല്യമായ 'ഇസ്തിക്ലാൽ' പാർട്ടിയുടെ കൊടിക്കീഴിൽ മൊറോക്കർ അണിനിരന്നപ്പോൾ സുൽത്താൻ തിരുമനസ് അവരെ അഭിനന്ദിച്ചു വേണ്ട പ്രോത്സാഹനങ്ങൾ കൊടുത്തു. കൂടാതെ താൻ തന്നെ മൊറോക്കൻ സ്വാതന്ത്ര്യവാദം ഉന്നയിക്കുകയും ചെയ്തു. യുവരാജാവായ മോളിഹസ്സൻ (സുൽത്താൻെറ പുത്രൻ) ജന്മനാതന്നെ സ്വദേശാഭിമാനിയാണു്. ഫ്രഞ്ചുഫാസിസത്തോടു് അദ്ദേഹത്തിനുള്ള തീക്ഷ്ണമായ അവജ്ഞയും മൊറോക്കർ മനസിലാക്കിയിട്ടുണ്ടു്.

സുൽത്താനേയും പുത്രനേയും മൊറോക്കരുടേതെന്നല്ല ലോകരുടെ ദൃഷ്ടിയിൽത്തന്നേയും അപ്രാമാണ്യരാക്കിത്തീർക്കുന്നതിനു ഫ്രഞ്ചുകാർ കഴിയുന്നതും ശ്രമിച്ചു. സ്ഥാനഭ്രഷ്ടനാക്കുമെന്നും നാടുകടത്തിക്കളയുമെന്നുപോലും സുൽത്താനെ ഭീഷണിപ്പെടുത്തിനോക്കി. ഈ ഭീഷണിനിമിത്തം 'റോയൽ ബ്ലാക്കുഗാർഡ്' എന്ന പേരിൽ സ്വന്തം അംഗരക്ഷകരെ നിയമിക്കുന്നതിനു സുൽത്താൻ പ്രേരിതനായി. അങ്ങിനെയിരിക്കെ പ്രായേണ പശ്ചിമ പ്രാന്തങ്ങളിലുള്ള അട്ലസ് പർവ്വതസാനുക്കളെ അധിവസിക്കുന്ന 'ബർബർ' എന്നൊരു ന്യൂനപക്ഷസമുദായത്തെ (ബ്രിട്ടീഷുകാർ ഇൻഡ്യയിലെന്നപോലെ) ഫ്രഞ്ചുകാർ പ്രോത്സാഹിപ്പിച്ചു വശത്താക്കി. ഫ്രഞ്ചുകാർ 'മാറകേഷ്' എന്ന പ്രവിശ്യയിലെ പാഷയായ എൽഗ്ലോയിയിൽ ഒരു മഹമ്മദാലിജിന്നായെ സൃഷ്ടിച്ചു "ഭിന്നകക്ഷികൾ സംഘടിക്കാതെ ഭരണം വിട്ടുകൊടുക്കുക സാധ്യമല്ല. അങ്ങിനെ വിട്ടാൽ ഉടൻ രാജ്യമൊട്ടാകെ ആഭ്യന്തര കലഹവും കൂട്ടക്കൊലയുമുണ്ടാകും" എന്നിങ്ങനെ ലോകസമക്ഷം ഉദ്ഘോഷിച്ചു.

'രഷ്ട്രീയ കക്ഷികളെ ഭിന്നിപ്പിച്ചു ഭരിക്കുകയെന്ന നയംകൊണ്ടു മൊറോക്കരെ കബളിപ്പിക്കാമെന്നു ഭാരതത്തിൽ ബ്രിട്ടീഷുകാർ എന്നപോലെ ഫ്രഞ്ചുകാരും വിചാരിച്ചു. യഥാർത്ഥത്തിൽ മൂർവർഗ്ഗക്കാരും ബർബർ വർഗ്ഗക്കാരും ഒരേ പുഷ്പത്തിൻെറ ദളങ്ങൾതന്നെ, ഒരേ ഭൂമിയുടെ സന്താനങ്ങൾതന്നെ. സമ്പൽസമൃദ്ധമായ മൊറോക്കോയിൽ ഫ്രഞ്ചുകാർ യന്ത്രത്തോക്കുകൾകൊണ്ടു വഴിതെളിച്ചു നുഴഞ്ഞുകയറുന്നതിനു പല ശതവർഷങ്ങൾക്കുമുമ്പുമുതൽതന്നെ ഇരുവർഗ്ഗക്കാരും മിശ്രവിവാഹാദി സമ്പർക്കങ്ങളോടുകൂടി സൗഹാർദ്ദതയിൽ കഴിയുന്നവരാണു്. ബർബർ വർഗ്ഗക്കാർക്കും മൂർ വർഗ്ഗക്കാർക്കും പ്രത്യേക സാമ്രാജ്യങ്ങളും പരിഷ്കാരവും മററും ഉണ്ടായിരുന്നെന്നു പുരാതന ചരിത്രം സൂചിപ്പിക്കുന്നുണ്ടത്രെ. എന്നാൽ ഉത്തരഫ്രാൻസും ദക്ഷിണഫ്രാൻസും തമ്മിൽ ശാശ്വതമായ രമ്യതയിൽ എത്തിയിട്ടുള്ളതായി ചരിത്രത്തിൽ എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ? മൂർ—ബർബർ ഭിന്നതകളെ ഊതിവീർപ്പിച്ചു സഹോദരരെപ്പോലെ കഴിയുന്നവരിൽ കലഹമുണ്ടാക്കുവാനാണ് ഫ്രഞ്ചുകാരുടെ നിരന്തരമായ ഉദ്യമം.

പാകിസ്ഥാനേപ്പോലെ ഒരു ബർബർ സംസ്ഥാനം ആസൂത്രണംചെയ്തു രൂപീകരിക്കുന്നതിനുള്ള സകല അധികാരങ്ങളും ഫ്രഞ്ചുകാർ എൽഗ്ലോയിൽ സമർപ്പിച്ചിട്ടുണ്ട്. ഈ മാരകേഷിലെ പാഷ റബാത്തിലുള്ള റസിഡൻസിയിലും ഓമനപാരീസി (കസബ്ളാങ്ക) ലുള്ള കൊളോണിയൽ ഓഫീസുകളിലും അതന്ദ്രതനായി കേറിയിറങ്ങിക്കൊണ്ടിരിക്കെ ഫ്രഞ്ചുറസിഡൻറ്ജനറൽ ജ്യുയിൻ രസകരവും നികൃഷ്ടവുമായ ഒരു കൃത്യം നടത്തി. സുൽത്താൻഭരണത്തിന് അപര്യാപ്തനാണെന്നു സാക്ഷിപത്രം എഴുതുന്നതിനായി സുൽത്താൻ തന്നെ നിയമിച്ചിട്ടുള്ള ഒരു ഫ്രഞ്ചു ഡാക്ടർക്കു ജനറൽ ജ്യുയിൻ അമ്പതുലക്ഷം ഫ്രാങ്ക്സ് കോഴകൊടുത്തു. ആ സർട്ടിഫിക്കററു പാരീസ്സിലേക്കയച്ച് റസിഡൻറ്ജനറൽ സുൽത്താനെ സ്ഥാനഭ്രഷ്ടനാക്കുന്നതിനുള്ള ഉത്തരവും പ്രതീക്ഷിച്ചുകൊണ്ടിരുന്നു. ഭാഗ്യവശാൽ ആ കുതന്ത്രം പെട്ടെന്നു എങ്ങിനെയൊ പുറത്തായി. ക്രിസ്തുമസ്സ് സമ്മാനമായി ഡാക്ടർക്കു ജോലിയിൽ നിന്നും ബഹിഷ്കരണവും ലഭിച്ചു.

1951 ഫെബ്രുവരിമാസം 25- ആണ് അട്ടത്തരാഗം, മധ്യതരണ്യാഴിയിലെ ശീതകാലം. പരിപൂർണ്ണമായ നീലിമ ആകാശത്തു വ്യാപിച്ചിരുന്നു. റബാത്ത്നഗരത്തിലും പരിസരങ്ങളിലുമുള്ള വൃക്ഷലതാദികൾ പിച്ച്, ആപ്രിക്കോട്ട്, ഓറഞ്ചു ലെമൺ, ഓലീവ് ആൾമണ്ഡ് എന്നീ ഫലവിശേഷങ്ങളാൽ പ്രശോഭിച്ചിരുന്നു. വളരെ പുരാതനചരിത്രമുള്ള ഒരു ആധുനികനഗരമാണ് റബാത്ത്. സുഖലോലുപർക്കു മധുതന്നെയാണ് ആ നഗരം. വിചിത്രമായ വേഷവിധാനങ്ങളോടുകൂടി മൊറോക്കർ തെരുവീഥികളിൽ അലസരായി സഞ്ചരിക്കുന്നതു നയനമോഹനവും ഹൃദയാവർജ്ജകവുമായ ഒരു കാഴ്ചതന്നെ.

വൈകിട്ട് ഏകദേശം 6 മണിസമയമായപ്പോൾ റസിഡൻറ്ജനറൽ ജ്യുയിൻസുൽത്താന് ഒരു അന്ത്യശാസനം അയച്ചു. അതിൽ സുൽത്താനെ ഇങ്ങനെ ഭീഷണിപ്പെടുത്തിയിരുന്നു. “ഇതിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ അനുസരിക്കാത്തപക്ഷം ബർബർവർഗ്ഗക്കാർ പട്ടണങ്ങൾ ആക്രമിച്ചു കുത്തിക്കൊല, കൊള്ള മുതലായവ നടത്തും. അപ്പോൾ നിങ്ങൾ രക്ഷക്കായി എന്റെ മുമ്പിൽ മുട്ടുകുത്തിക്കേണപേക്ഷിക്കും.” രാത്രി 8 മണിക്കകം പ്രമാണം ഒപ്പുവെച്ചു മടക്കി അയക്കണമെന്നും അതിൽ നിബന്ധനയുണ്ടായിരുന്നു.

സുൽത്താൻെറ കൊട്ടാരത്തിന് അഞ്ചുമാറ വാരയകലെയായി എ. ഡി. സി. വിമാനം തയ്യാറാക്കി നിർത്തിയിരുന്നു. സുൽത്താൻെറ അംഗരക്ഷകർ എല്ലാം നിരായുധരാക്കപ്പെട്ടു. ഫ്രഞ്ചു സേനകൾ രാജധാനി വളഞ്ഞു റോന്തു ചുററിക്കൊണ്ടിരുന്നു. ഇപ്രകാരം സുൽത്താൻെറ സകല രക്ഷാമാർഗ്ഗങ്ങളും അടച്ചിരുന്നു.

റബാത്തുനഗരമാസകലം സ്തബ്ധമായി. കൊട്ടാരത്തിൽ പ്രവേശനമൊ ബഹിർഗ്ഗമനമൊ ഒരു മൊറോക്കനും അനുവദിച്ചിരുന്നില്ല. സുൽത്താനിൽ പരിപൂർണ്ണ വിശ്വാസവും ബഹുമാനവുമുണ്ടായിരുന്നെങ്കിലും ഭാവിയെ ഭയന്ന് ഉണ്ടായേക്കാവുന്ന നരവേട്ടയും രക്തച്ചൊരിച്ചിലും ഓർത്ത് ഒരുപക്ഷെ കേൾവി ശരിയാണെങ്കിൽ ഭക്തിവിശ്വാസഭാജനമായ സുൽത്താൻ അവരുടെ മധ്യത്തിൽനിന്നും അപഹൃതനായേക്കാനും നാടുകടത്തപ്പെട്ടുവാൻ തന്നെ സാധ്യതകളുണ്ടെന്നും വിചാരിച്ച് മൊറോക്കർ ഇതികർത്തവ്യതാമൂഢരായി. തലസ്ഥാനനഗരി മുഴുവൻ ഭയങ്കരമായ നിശ്ശബ്ദത വ്യാപിച്ചു. ജനങ്ങളുടെ പ്രകൃതികോമളങ്ങളായ വദനങ്ങൾ നിഷ്പ്രഭങ്ങളായി കാണപ്പെട്ടു.

കൃത്യം 8 മണിക്കു സുൽത്താൻ സിഡിമഹമ്മഡ് തൻെറ ഫ്രഞ്ചുപദേഷ്ടാവായ കൌണ്ട് ഡിക്ലാൻസൽ വശം റസിഡൻറ്ജനറാലിനു കറി മടക്കിയയച്ചു. ഹൃദയഭേദകമായ ശോകസ്വരത്തിൽ സുൽത്താൻ ഇപ്രകാരം പറഞ്ഞു. ഞാൻ നിർബ്ബന്ധിതനായി ഒപ്പുവെക്കുന്നു, രക്തച്ചൊരിച്ചിൽ ഒഴിക്കുവാൻവേണ്ടി ഞാൻ അതു ചെയ്യുന്നു. പക്ഷെ നിർബ്ബന്ധിതമായ ഒപ്പുവെക്കൽ

സമ്മതിയുടെ ചിഹ്നമായിരിക്കുകയില്ലെന്നുള്ള പരമാർത്ഥം എപ്പോഴും ഓർത്തിരിക്കേണ്ടതാണ്."

ജനറൽ ജൂയിൻ കുറിമേടിച്ച് അതിൽ സുൽത്താൻ ഒപ്പുവെക്കുവാൻ നിർദ്ദേശിച്ചിരുന്ന ഭാഗം സൂക്ഷിച്ചുനോക്കി. "ഞങ്ങൾക്കിതറിയാം." എന്നു ധൈര്യസമേതം സുൽത്താൻ അവിടെക്കുറിച്ചിരുന്നു. അതിൽ സുൽത്താൻെറ ഒപ്പില്ലായിരുന്നെന്നു മാത്രമല്ല അദ്ദേഹത്തിൻെറ മുദ്രപോലും ഉണ്ടായിരുന്നില്ല.

ഒപ്പുചാർത്തുന്നതിനായി സുൽത്താൻെറ കൊട്ടാരത്തിലേക്കയച്ചുകൊടുത്ത അന്ത്യശാസനത്തിലെ ഉള്ളടക്കത്തിൽ ചിലതു് ഇങ്ങനെയാണ്.

1. ഒപ്പുവെക്കാതെ നിരസിച്ച് ഒരുകൊല്ലമായിക്കൂട്ടിയിട്ടിരിക്കുന്ന ബില്ലുകൾ എല്ലാം ഒപ്പുവെക്കുക. (ഈ ബില്ലുകൾ എല്ലാംതന്നെ മൊറോക്കൻജനതയ്ക്കു ദോഷകരങ്ങളാണ്.)

൨. കാബിനററിലെ എല്ലാ അംഗങ്ങളേയും പിരിച്ചുവിടുക. (ഈ അംഗങ്ങൾ അധികാരമൊന്നുമില്ലെങ്കിലും സുൽത്താൻെറ ക്ഷേമകാംക്ഷികളും രാഷ്ട്രീയപരിവർത്തനങ്ങൾക്കും പ്രക്ഷോഭണങ്ങൾക്കും അനുകൂലികളുമാണ്.)

൩. ഒരു രാഷ്ട്രീയകക്ഷിയുടെ പ്രവർത്തനങ്ങൾ നിയമവിരുദ്ധമാക്കിക്കൊണ്ടു കല്പന പുറപ്പെടുവിക്കുക. (ജനസമ്മതിയാർജ്ജിച്ചിട്ടുള്ള 'ഇസ്തിക്ലാൽ' പാർട്ടിയാണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതു്. ഈ പാർട്ടിയിലെ മിക്ക നേതാക്കന്മാരേയും ഇപ്പോൾ നാടുകടത്തുകയോ നാമാവശേഷമാക്കുകയോ തടങ്കലിലാക്കുകയോ ചെയ്തിരിക്കുകയാണ്.)

4. ചില കെയിഡ്സ്കളെ പിരിച്ചുവിട്ട് തൽസ്ഥാനങ്ങളിൽ പുതിയ നിയമനം നടത്തുക. (സ്വാതന്ത്ര്യസമരത്തിനെതിരായവരേയും റസിഡൻസിയിൽനിന്നും നിർദ്ദേശിക്കുന്നവരേയും നിയമിക്കണമെന്നു താല്പര്യം.)

1951 ഫെബ്രുവരി 25ലെ രാത്രി മൊറോക്കർ ഒരുനാളും മറക്കുകയില്ല. ഫ്രഞ്ചുകാരുടെ കൊളോണിയൽ ഭരണരീതിയും മൊറോക്കോ സംരക്ഷണവും അവരുടെ പൈശാചികമായ മർദ്ദനനയവും മററും ലോകർക്കു സുവിദിതമായിക്കഴിഞ്ഞു. 1913 ജനുവരി 23-ൽ കാസബ്ലാങ്കാ കോൺഫറൻസിൽവെച്ചു പ്രസിഡൻറ റൂസ്‌വെൽട്ട് ഇപ്രകാരം പ്രസ്താവിച്ചു. "ഉപരാജ്യപ്രസ്ഥാനം യുദ്ധഹേതുകമാണ്. മൊറോക്കർ അധിവസിക്കുന്ന മൊറോക്കോരാജ്യം എന്തുകൊണ്ടു ഫ്രഞ്ചുകാരുടേതായിരിക്കുന്നു? ഫ്രഞ്ചുകാരുടെ ഉപരാജ്യഭരണം ഏററവും നികൃഷ്ടം തന്നെ."

# ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ശില്പങ്ങൾ

വി. ആർ. പരമേശ്വരൻപിള്ള

പ്രാചീനഭാരതത്തിലെ നൂററിയെട്ടു വൈഷ്ണവദേവാലയങ്ങളുടെ കൂട്ടത്തിൽ പ്രസിദ്ധി നേടിയ ഒന്നാണു് തിരുവനന്തപുരത്തെ ശ്രീപത്മനാഭസ്വാമിക്ഷേത്രം. ദക്ഷിണാപഥത്തിലെ ഭക്തകവികളുടെ മോഹനഗാനങ്ങൾക്കു വിഷയമായിത്തീൎന്ന പന്ത്രണ്ടു കേരളമഹാക്ഷേത്രങ്ങളിൽ ഇതും ഉൾപ്പെടുന്നു. വഞ്ചിരാജാക്കന്മാരുടെ രാജധാനിയെന്ന പ്രഖ്യാതി ലഭിക്കുന്നതിനു് വളരെ മുമ്പേതന്നെ തിരുവനന്തപുരം ഈ പുണ്യസങ്കേതംമൂലമേ അഖിലഭാരതപ്രശസ്തി നേടിക്കഴിഞ്ഞിരുന്നു. വരാഹപുരാണം, ഭാരതം, അനന്തശയനമാഹാത്മ്യം, പത്മനാഭോദയം, ഭ്രമരസന്ദേശം, ചാതകസന്ദേശം മുതലായ സംസ്കൃതഗ്രന്ഥങ്ങളിലും നാലായിരദിവ്യപ്രബന്ധം, ചിലപ്പതികാരം മുതലായ തമിഴ് ഗ്രന്ഥങ്ങളിലും ഉണ്ണുനീലിസന്ദേശം, കുചേലവൃത്തംവഞ്ചിപ്പാട്ടു് മുതലായ മലയാള ഗ്രന്ഥങ്ങളിലും ഏതൽക്ഷേത്രത്തെപ്പററി പ്രസ്താവിച്ചു കാണുന്നു. ഇവിടത്തെ പ്രതിഷ്ഠയെ സംബന്ധിച്ചുള്ള ഐതിഹ്യങ്ങളിൽ പ്രധാനപ്പെട്ടതു് താഴെ ചേൎക്കുന്നതാകുന്നു.

ഭക്താഗ്രണിയും തുളുനാട്ടുകാരനുമായ ദിവാകരയോഗി മോക്ഷപ്രാപ്തിക്കായി കുറേക്കാലം തപസ്സുചെയ്തു. തന്നിമിത്തം സന്തുഷ്ടനായ മഹാവിഷ്ണു ഒരു ബാലന്റെ രൂപത്തിൽ അദ്ദേഹത്തിനു് ദൎശനം നൽകി. ആ കോമളകുമാരനെ കണ്ടു ആഹ്ലാദപരവശനായിത്തീൎന്ന യോഗി തന്റെ പൂജാവേളകളിൽ ദിവസവും അപ്രകാരം കാണ്മാൻ തനിക്കു ഭാഗ്യമുണ്ടാകണമെന്നു പ്രാൎത്ഥിച്ചു. തന്നോടു് അപ്രിയമായിട്ടെന്തെങ്കിലും പ്രവൎത്തിക്കുന്നതുവരെ അപ്രകാരം ദൎശനമുണ്ടാകുമെന്നു ബാലൻ അരുളിച്ചെയ്തു. അന്നുമുതൽ ദിവാകരയതിയുടെ പൂജാസമയങ്ങളിൽ ആ ദിവ്യകുമാരന്റെ സാന്നിധ്യം പതിവായിത്തുടങ്ങി. ബാലന്റെ ലീലകൾ യതിയെ ആനന്ദിപ്പിക്കുകയും വികൃതികൾ അസഹ്യപ്പെടുത്തുകയും ചെയ്തിരുന്നു. കാലക്രമത്തിൽ കുമാരന്റെ വിക്രിയകൾ അത്യധികമായി. ഒരു ദിവസം മുനി പൂജിച്ചുകൊണ്ടിരുന്ന സാളഗ്രാമമെടുത്തു വായിലിട്ടു അശുദ്ധമാക്കിക്കളഞ്ഞു. അതുകണ്ടു കുപിതനായിത്തീൎന്ന യോഗി, കുമാരനെ അടുത്തുനിന്നു തള്ളിമാററി. തന്മൂലം പരിഭവിച്ചുകൊണ്ടു ആ ബാലൻ മുമ്പുപറഞ്ഞിരുന്നമാതിരി അവിടംവിട്ടു.

വാത്സല്യഭാജനമായ ബാലന്റെ വേൎപാടു് ദിവാകരനെ എത്രയും അസ്വസ്ഥനാക്കിത്തീൎത്തു. അദ്ദേഹം ബാലനെ പിൻതുടൎന്നു അനേകയോജന യാത്രചെയ്തു. ഒടുവിൽ അനന്തൻകാട്ടിൽ എത്തിയപ്പോഴേക്കും കുമാരൻ പ്രത്യക്ഷനായി. അല്പസമയത്തിനുള്ളിൽ അടുത്തുനിന്നിരുന്ന ഒരു വലിയ ഇലുപ്പമരത്തിന്റെ പോട്ടിൽ അപ്രത്യക്ഷനാകയും ഉണ്ടായി. ദുഃഖഭരിതനായ ദിവാകരൻ ഭഗവദ്ദൎശനത്തിനു വേണ്ടി തപസ്സുതുടങ്ങി. കാലതാമസം കൂടാതെ ആ മഹാവൃക്ഷം നിലംപതിക്കയും ആ സ്ഥാനത്തു മഹാവിഷ്ണു ദൃഷ്ടിഗോചരനാകയും ചെയ്തു. ഭഗവാന്റെ ശിരസ്സു് നാലുമൈൽ തെക്കുള്ള തിരുവല്ലത്തും മധ്യഭാഗം തിരുവനന്തപുരത്തും പാദങ്ങൾ എട്ടുമൈൽ വടക്കുള്ള തൃപ്പാപ്പൂരും ആയിട്ടാണു് കാണപ്പെട്ടതു്. ആ രൂപം ഒന്നിച്ചുകാണാൻ കഴിയാത്തവിധം അത്ര വലുതായിരുന്നതുകൊണ്ടു ചെറുതായി ദൎശനമരുളണമെന്നു് താപ

സൻ അത്യർത്ഥിച്ചു. അതു് അപ്പോൾ തന്നെ സ്വീകൃതമായി. പരമഭക്തനായ ദിവാകരൻ ഭഗവാനെ നമസ്കരിക്കയും പൂജിക്കയും ചെയ്തുകൊണ്ടു അവിടെപ്പാർത്തു. ആദ്യത്തെ നിവേദ്യ പാത്രം ഒരു ചിരട്ടയും നിവേദ്യം പച്ചമാങ്ങയും ആയിരുന്നുപോലും. ഇപ്പോഴും ഈ ക്ഷേത്രത്തിൽ സ്വർണ്ണത്തകിടുപൊതിഞ്ഞ ചിരട്ട നിവേദ്യപാത്രമായി ഉപയോഗിച്ചുവരുന്നു. നിവേദ്യസാധനങ്ങളുടെ കൂട്ടത്തിൽ മാങ്ങയ്ക്കു ഇന്നും സ്ഥാനമുണ്ടു്.

വില്വമംഗലത്തു സ്വാമിയാരാണു് ശ്രീപത്മനാഭസ്വാമിക്ഷേത്രം സ്ഥാപിച്ചതെന്നു് മറെറാരൈതിഹ്യം ഉൽഘോഷിക്കുന്നു. അഭിജ്ഞോത്തംസമായ മഹാകവി ഉള്ളൂരിന്റെ അഭിപ്രായമനുസരിച്ചു വില്വമംഗലത്തുസ്വാമിയാർ ജീവിച്ചിരുന്നതു് ക്രിസ്ത്വാബ്ദം പതിമൂന്നാംശതകത്തിലാണു്. ഏതൽക്ഷേത്രം ആ നൂററാണ്ടിനും എത്രയോമുമ്പുതന്നെ ഉണ്ടായിരുന്നു എന്നുള്ളതിന്നു് അനവധി സാക്ഷ്യങ്ങളുള്ളതിനാൽ പ്രസ്തുത ഐതിഹ്യം സ്വീകാരയോഗ്യമല്ല. ഇവിടത്തെ പൂജാദികൾ നടത്തുന്നതിന്നു് തുളുനാട്ടുകാരായ പോററിമാക്കും പുഷ്പാഞ്ജലി നടത്തുന്നതിന്നു് വില്വമംഗലത്തിന്റെ പരമ്പരയിൽപ്പെട്ടവക്കുമാണു് അവകാശം. ഇവയ്ക്കാസ്പദമായി മുൻപറഞ്ഞ ഐതിഹ്യങ്ങളെ ചൂണ്ടിക്കാണിക്കുന്നു. ആദ്യം നിവേദ്യത്തിന്നു് അരി തയാറാക്കിക്കൊടുത്തതു് ഒരു പുലയസ്ത്രീ ആയിരുന്നുവെന്നും ആ സ്ത്രീക്കു് അന്നത്തെ മഹാരാജാവു് ദാനം ചെയ്തതാണു് കിഴക്കേക്കോട്ടയ്ക്കുവെളിയിൽ കാണുന്ന പുത്തരിക്കണ്ടമെന്നും കേട്ടിട്ടുണ്ടു്. മതിലകം ഗ്രന്ഥവരിപ്രകാരം കലിയുഗം 950-ാം ദിവസം മുൻപറഞ്ഞ ദിവാകരമുനി സ്ഥാപിച്ചതാണീമഹാക്ഷേത്രം. കൊല്ലവർഷാരംഭത്തിനുമുമ്പുള്ള ഇതിന്റെ ചരിത്രം അജ്ഞാതമാണു്. ഈ സ്ഥാപനത്തിന്റെ ഭരണം ഏഴു ബ്രാഹ്മണജന്മികളും ഒരു നായർപ്രഭുവും മഹാരാജാവും ഉൾപ്പെട്ട എട്ടരയോഗം നടത്തിവന്നു. വഞ്ചിരാജവംശത്തിന്റെ പരദൈവതമാണു് ശ്രീപത്മനാഭൻ. അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ ഇതു നവീകരിച്ചതിനേയും മററും ഒററക്കല്ലുമണ്ഡപത്തിലുള്ള ലിഖിതങ്ങൾ വ്യക്തമാക്കുന്നു. അവിട്ടന്നു് രാജ്യവിസ്തൃതിവരുത്തി സംസ്ഥാനം ശ്രീപത്മനാഭനു് സമർപ്പിച്ചു് ഭഗവാന്റെ ദാസനായിത്തീർന്നു.

അതിവിശാലമായ ഒരു വളപ്പിലാണു് ഈ മഹാക്ഷേത്രം സ്ഥാപിതമായിരിക്കുന്നതു്. പൂർവ്വകവാടം ഏഴുനിലയുള്ള ഒരു മനോഹരഗോപുരത്തിൽ നേത്രാകർഷകമായിരിക്കുന്നു. അതിനു പുറമേ നാലുവശത്തുമായി നാലു പ്രവേശനദ്വാരങ്ങളുമുണ്ടു്. ക്ഷേത്രവളപ്പിൽ മധ്യഭാഗത്തു് ശ്രീപത്മനാഭനെ പ്രതിഷ്ഠിച്ചിരിക്കുന്നു. ഇതരക്ഷേത്രങ്ങളിലെപ്പോലെ ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നതു് ശിലാമയവിഗ്രഹമല്ല എന്നുള്ളതു് പ്രത്യേകം ഓർമ്മിക്കണം. ശ്രീപത്മനാഭവിഗ്രഹം കടുശർക്കരയോഗമാകുന്നു. ശരീരാഭ്യന്തരസ്ഥങ്ങളായ അസ്ഥിസിരാദികളെ സ്വർണ്ണം, വെള്ളി എന്നീ ലോഹങ്ങളാൽ നിർമ്മിതമായ കമ്പികൊണ്ടു കെട്ടിയുണ്ടാക്കി ഹൃദയാദിസ്ഥാനങ്ങളിൽ വിധിപ്രകാരം ഗണ്ഡകീനദിയിൽനിന്നെടുത്ത പന്തീരായിരം സാളഗ്രാമങ്ങൾ ഇട്ടു സകലതും ശരിപ്പെടുത്തി കങ്കാളംപോലെ ഒരുവസ്തു നിർമ്മിച്ചതിന്റെശേഷം ഏതാണ്ടു അഷ്ടബന്ധത്തിനു തുല്യമായ കടുശർക്കരയുണ്ടാക്കി അതു പുറമേ പൂശി ശരീരതുല്യമാക്കിത്തീർത്തു് അതിൽ ജീവാവാഹനം ചെയ്യുന്നതാണു് ഇവിടത്തെ കടുശർക്കരയോഗവിഗ്രഹം. ഇത്തരം വിഗ്രഹമാണത്രേ സർവോൽകൃഷ്ടം. ശ്രീപത്മനാഭന്റെ പൂർണ്ണരൂപം മൂന്നുവാതിലുകളിലുംകൂടി മാത്രമേ കാണാൻ കഴിയുകയുള്ളൂ. ഭഗവാന്റെ നാഭീകമലത്തിൽ ബ്രഹ്മാവിനെക്കാണാം. അവിടത്തെ മാറിടത്തിനൊരരികായി ശ്രീദേവിയെയും അതിനു അല്പം അകലെ ഭൂദേവിയെയും പ്രതിഷ്ഠിച്ചിരിക്കുന്നു. ഭഗവൽ സന്നിധിയിൽ ചതുർബാഹുവിഷ്ണുവിന്റെ അർച്ചനാവിഗ്രഹവും വലതുകൈയ്ക്കു സമീപം ഒരു ശിവലിംഗവും സ്ഥാപിച്ചിട്ടുണ്ടു്. ശ്രീകോവിലിന്റെ മുൻഭാഗത്താണു് ഒററക്കല്ലുമണ്ഡപം അഥവാ മുഖമണ്ഡപം. അതിനു തെക്കായി നരസിംഹമൂർത്തിയെയും വടക്കുപടി

ഞ്ഞാറുഭാഗത്തു തിരുവമ്പാടിയിൽ പാർത്ഥസാരഥിയേയും പ്രതിഷ്ഠിച്ചിരിക്കുന്നു. ഇവയ്ക്കുപുറമേ ഏതാനും ഉപദേവാലയങ്ങളും മതിലകത്തുണ്ട്. ഒററക്കല്ലുമണ്ഡപത്തിന്റെ അടിസ്ഥാനശില തിരുമലക്കുന്നിൽനിന്നും സ്വർണ്ണക്കൊടിമരത്തിനുള്ള തേക്കുതടി കാക്കച്ചൽ കാട്ടിൽനിന്നും മഹാപ്രയത്നംചെയ്തു ഭൂസ്പർശംകൂടാതെകൊണ്ടുവന്നിട്ടുള്ളതാണ്. ധ്വജസ്തംഭത്തിനും ഒററക്കല്ലുമണ്ഡപത്തിനും ഇടയ്ക്കുള്ള മാർഗ്ഗത്തിൽ രതി, മന്മഥൻ, ഗരുഡൻ, ഹനുമാൻ, ദ്വാരപാലന്മാർ ആദിയായ പ്രതിമാശില്പങ്ങൾ സ്ഥാപിതമായിരിക്കുന്നു. രമണീയശില്പങ്ങളുടെ ബാഹുല്യംകൊണ്ടു പ്രത്യേകം ശ്രദ്ധേയമാണ് ഇവിടത്തെ ശ്രീകോവിലുകളും ഉപദേവതാഗൃഹങ്ങളും.

മുഖമണ്ഡപം, കലശേഖരമണ്ഡപം, ശ്രീവെലിപ്പുര, ഗോപുരം, ദീപപ്പുര എന്നിവ സന്ദർശകരെ ആകർഷിക്കുന്നവയാകുന്നു. ധ്വജസ്തംഭത്തിനുതെക്കാണ് കുലശേഖരമണ്ഡപം. ഇതിന്റെ അടിത്തറയും സ്തംഭങ്ങളും ഉത്തരങ്ങളും കഴുക്കോലുകളും മേൽപ്പുരയും എല്ലാം കരിങ്കല്ലുതന്നെ. നമ്മുടെ ശില്പികൾ കൃഷ്ണശിലയിൽ ചെയ്തിട്ടുള്ള അതിസൂക്ഷ്മവും പഠനാർഹവുമായ പണിത്തരങ്ങൾ വിസ്മയാവഹമത്രേ. മണ്ഡപത്തിന്റെ മധ്യഭാഗം ഉന്നതവും ശില്പഭംഗിതികഞ്ഞ ഇരുപത്തിയെട്ടു സ്തംഭങ്ങൾ ഉൾക്കൊണ്ടതുമാകുന്നു. മേൽക്കൂര നടുവിൽ പരന്നതും നാലുപാടും ചരിഞ്ഞതുമാണ്. ചുററുമുള്ള വരാന്തയിൽ ദീപധാരിണിയുടെ കമനീയവിഗ്രഹമുള്ള മുപ്പത്തിയാറു സ്തംഭങ്ങൾ കാണാം. തട്ടുൾപ്പെടെ മേൽഭാഗം മുഴുവൻ താമരപ്പൂക്കൾകൊണ്ടു മനോരഞ്ജകമായി വിളങ്ങുന്നു. മണ്ഡപത്തിന്റെ മധ്യഭാഗത്തെ സ്തംഭങ്ങൾ ഓരോന്നും നമ്മുടെ ശില്പകലയുടെ വിജയപതാകയായിത്തന്നെ പരിലസിക്കുന്നു എന്നു പറയുന്നതിൽ അതിശയോക്തിയുടെ കണികപോലും സ്പർശിച്ചിട്ടില്ല. അവ കാണാനിടയാകുന്ന പ്രതിമാശില്പവിജ്ഞാനികൾ അത്ഭുതപരതന്ത്രരായി അവയുടെ സന്നിധിയിൽ ദീർഘനേരം നിന്നിമേഷരായി നിന്നുപോകും. സമയം പോകുന്നതറിയുകയില്ല. അവ കലാരസികന്മാരെ വികാരഭരിതരാക്കുന്നു. അവയിലോരോന്നിലും തികഞ്ഞുകാണുന്ന ലാവണ്യം അവർണ്ണ്യമെന്നു മാത്രം ചുരുക്കിപ്പറയാം. ഓരോ സ്തംഭവും ഓരോ വമ്പിച്ച ശിലാഖണ്ഡമാകുന്നു. അതിനുമുകളിൽ സിംഹരൂപംകൊത്തിയ മറെറാരു ശിലാഖണ്ഡം സ്ഥാപിതമായിരിക്കുന്നു. സ്തംഭത്തിന്റെ ചുവട്ടിൽ പുഷ്പലതാദികളെ ഭംഗിയായി കൊത്തിയിട്ടുള്ള പീഠശിലകളും കാണ്മാനുണ്ട്. നാലുമൂലകളിലായി നിർത്തിയിട്ടുള്ള നാലുസ്തംഭങ്ങൾ രൂപവൈജാത്യമുള്ളവയാണ്. അവയിൽ പ്രതിമാശില്പങ്ങളുടെ സ്ഥാനത്ത് ചെറുതൂണുകളാണുള്ളത്. മററു സ്തംഭങ്ങളിൽ ദേവന്മാർ, ദേവികൾ, പുരാണകഥാപാത്രങ്ങൾ ആദിയായവയെ ചേതസ്സമാകർഷകമാകുംവണ്ണം കൊത്തിയിരിക്കുന്നു. ഇതൊരു വൈഷ്ണവദേവാലയമാണെങ്കിലും ശൈവവിഗ്രഹങ്ങൾക്കു കുറവൊന്നും കാണുന്നില്ല. പൂർവ്വദേശത്തെ വൈഷ്ണവാലയങ്ങളിൽ ഇത്തരമൊരു കാഴ്ച സാധ്യമല്ലതന്നെ. പ്രസ്തുതമണ്ഡപത്തിലെ വിഗ്രഹങ്ങളുടെ കൂട്ടത്തിൽ നമ്മുടെ ശ്രദ്ധയെ ആദ്യം കവരുന്നത് പീഠസ്ഥിതനായ മഹാവിഷ്ണുവിന്റേതാകുന്നു. കൈകളിൽ ശംഖചക്രഗദാപത്മങ്ങളും പാർശ്വത്തിൽ ശ്രീദേവിയും കാണ്മാനുണ്ട്. പിന്നിൽ ഒരു മഹാവൃക്ഷം കുടപിടിച്ചപോലെ നിൽക്കുന്നു. അതിന്റെ ഫലഭരപരിനമ്രമായ ശാഖകളിൽ കുരങ്ങുകൾ, പക്ഷികൾ, അണ്ണാന്മാർ മുതലായവ ഉത്സാഹമിരുന്നു പഴം തിന്നുന്നു. ഇതെല്ലാം എത്രമാത്രം കലാകുശലതയോടും തന്മയത്വത്തോടുംകൂടി ചിത്രീകരിച്ചിരിക്കുന്നുവെന്നു വർണ്ണിക്കാൻ പ്രയാസം. അഹിഛത്രത്തിനു താഴെ ലോകക്ഷേമവ്യഗ്രനായി സ്ഥിതിചെയ്യുന്ന മഹാവിഷ്ണുവിന്റെ മറെറാരു വിഗ്രഹം അടുത്ത തൂണിൽ കാണാം. സർപ്പാധിരാജന്റെ അഞ്ചുഫണങ്ങളും അതിസൂക്ഷ്മമായി കാണിച്ചിട്ടുണ്ട്. വശങ്ങളിൽ ഭക്തിസമ്പൂർണ്ണരായ ഗരുഡനും ഹനുമാനും കൂപ്പുകൈയോടെ നിൽക്കുന്നു. മൂന്നാമത്തേത് സർവ്വവിഘ്നനാശകനായ വിഘ്നേശ്വരന്റെ കോമളരൂപമാണ്. ലംബോദരനായ ഗണേശ്വരന്റെ പാർശ്വങ്ങളിൽ പോററിമാർ പൂജയിൽ വ്യാപൃതരായി നിൽക്കുന്നു. ഒരു പൂജകന്റെ കൈയിൽ നിവേ

ദൃവും കാണ്മാനുണ്ട്. മറ്റൊരു ശില്പം അപസ്മാരത്തിന്മേൽനിന്നു നൃത്തംചെയ്യുന്ന നടരാജന്റെ വിശ്വമോഹനമായ വിഗ്രഹമാകുന്നു. മറിമാൻ, ചന്ദ്രക്കല, ഗംഗാദേവി എന്നിവ യഥാസ്ഥാനം മനോഹരമായി കാണിച്ചിട്ടുണ്ട്. ഭഗവൽ ചിഹ്നങ്ങൾ അതിവരമ്യമായി കൊത്തിയിരിക്കുന്നതു് കാണേണ്ടതുതന്നെ. ശ്രീദേവിയോടും ഭൂദേവിയോടുംകൂടി ഗരുഡാരൂഢനായ മഹാവിഷ്ണുവിന്റെ പ്രതിമ ഭാവസമ്പൂർണ്ണമായിരിക്കുന്നു. അത്യന്തം കമനീയമായ താമരപുഷ്പത്തിലിരിക്കുന്ന ദേവിയുടെ ലാവണ്യംതികഞ്ഞ വിഗ്രഹവും പരമാനന്ദദായകമത്രേ. പ്രസ്തുത വിഗ്രഹത്തിൽ അഞ്ചുതലകളും പത്തു കൈകളും കാണുന്നതും പ്രത്യേകം ശ്രദ്ധാർഹമാണ്. കൈകളിൽ ശൂലം, ചക്രം മുതലായവ വഹിച്ചിരിക്കുന്നു.

ഏതൽ സ്തംഭങ്ങളുടെ വശങ്ങളിലും ചേതോഹരങ്ങളായ ശില്പങ്ങളുണ്ട്. യമധർമ്മനെ ഭയന്നു പരമശിവനെ പരിരംഭണംചെയ്യുന്ന മാർക്കണ്ഡേയൻ, ഗോപികാവസ്ത്രഹരണം, ഗോപികാമദ്ധ്യേ വേണുഗാനലോലുപനായ ശ്രീകൃഷ്ണൻ, മൂവടികൊണ്ടു മൂപ്പാരുമളന്ന ത്രിവിക്രമൻ, കാളിയമർദ്ദനം, ഗോവർദ്ധനോദ്ധാരണം എന്നിവ അക്കൂട്ടത്തിൽ പ്രത്യേകം പരിഗണനയർഹിക്കുന്നു. ശിലാനിർമ്മിതമായ ഉത്തരങ്ങളിൽ രാമായണത്തിലേയും ഭാഗവതത്തിലേയും പ്രധാനരംഗങ്ങൾ ചിത്രീകരിച്ചിരിക്കുന്നു. വൃക്ഷലതാദികളേയും പക്ഷിമൃഗാദികളേയും കൊത്തിയിട്ടുള്ളതു് എത്രയും പ്രകൃത്യനുസാരമായി കാണപ്പെടുന്നു. പാശ്ചാത്യരും പൗരസ്ത്യരുമുൾപ്പെടെ സകല കലാപ്രേമികളേയും ആനന്ദപരവശരാക്കത്തക്കവിധം കലാവൈശിഷ്ട്യമുള്ളവയാണിവ.

ഇവിടത്തെ ശ്രീവെലിപ്പുര കിഴക്കുപടിഞ്ഞാറ് നാനൂററിഇരുപതടിനീളവും തെക്കുവടക്ക് ഇരുനൂററിഇരുപത്തിയാറരഅടി നീളവും ഉള്ളതാണ്. ഇതിനു് ഇരുപതടിവീതിയും ഇരുപത്തിമൂന്നടിപൊക്കവും ഉണ്ട്. ഇരുപത്തിയഞ്ചടി നീളവും രണ്ടടിവീതിയും ഒന്നേമുക്കാലടി ഘനവും ഉള്ള അനേകശതം കരിങ്കൽപലകകൾ നിരത്തി നിർമ്മിച്ചിരിക്കുന്ന ഇതിന്റെ മേൽക്കൂരയെ മുന്നൂററിഇരുപത്തിനാലു വലിയ കരിങ്കൽതൂണുകൾ താങ്ങിനിൽക്കുന്നു. ഓരോ തൂണിന്റേയും മുൻഭാഗം ഓരോ ദീപധാരിണിയുടെ പ്രതിമകൊണ്ടു ചേതസ്സമാകർഷകമാക്കിയിരിക്കുന്നു. ഒരു രാത്രിമുഴുവൻ കത്തുന്നതിനുവേണ്ട എണ്ണ ഉൾക്കൊള്ളുന്നതാണ് ഈ ദീപം. സ്തംഭങ്ങളുടെ മേൽഭാഗം സിംഹരൂപത്താൽ സമ്മോഹനമാക്കപ്പെട്ടിരിക്കുന്നു. പല ദേശങ്ങളിൽനിന്നു വരുത്തിയ നാലായിരം ശില്പികളും ആറായിരം മററു വേലക്കാരും നൂറു ആനകളുംകൂടി ആറുമാസം മഹാരാജാവിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ തുടർച്ചയായിചെയ്ത പ്രയത്നത്തിന്റെ ഫലമാണ് ഈ വമ്പിച്ചശ്രീവെലിപ്പുര. ഇതിനു് ആയിരംകാൽ മണ്ഡപമെന്നും പേരുണ്ട്.

കിഴക്കുവശത്തു് ആകാശഭേദിയായി ഉയർന്നുനിൽക്കുന്ന ഗോപുരത്തിന്റെ അസ്തിവാരം കൊല്ലം 741-ൽ ഇട്ടതാണെങ്കിലും അതിന്റെ അഞ്ചുനിലകൾ ശക്തൻ മാർത്താണ്ഡവർമ്മയുടെ കാലത്തു പണിയിക്കപ്പെട്ടതാണ്. ശേഷിച്ച രണ്ടുനിലകളുംകൂടി കെട്ടിച്ചു ഗോപുരം പണിപൂർത്തിയാക്കിയതു് രാജാകേശവദാസനാണെന്നു കാണുന്നു. ഗോപുരം മുഴുവൻ ഭംഗിയേറിയ പ്രതിമാശില്പങ്ങൾകൊണ്ടു അലംകൃതമായിരിക്കുന്നു. പ്രധാന ശ്രീകോവിലിന്റേയും തിരുവമ്പാടിയിലേയും ഭിത്തികളിൽ മോഹനമായ പുരാണചിത്രങ്ങൾ കാണ്മാനുണ്ട്.

കന്യാകുമാരിക്ഷേത്രത്തിലുള്ള പന്ത്രണ്ടാം ശതവർഷത്തിലെ ഒരു ശിലാശാസനം പരാന്തകപാണ്ഡ്യൻ "അനന്തപുരത്തെമ്മാക്കു്"-ശ്രീപത്മനാഭനു്-പന്ത്രണ്ടു സ്വർണ്ണവിളക്കുകൾ നടയ്ക്കുവച്ചതായി പ്രസ്താവിക്കുന്നു. ഒമ്പതാംനൂററാണ്ടിനുമുമ്പ് ജീവിച്ചിരുന്ന പരമഭാഗവതനായ നമ്മാഴ്‌വാർ ശ്രീപത്മനാഭനെ വാഴ്ത്തി ഗാനങ്ങൾ രചിച്ചുകാണുന്നു. സുപ്രസിദ്ധനായ ശ്രീചൈതന്യൻ വംഗദേശത്തുനിന്നു ഇവിടെ വന്നു ദർശനം നടത്തുകയുണ്ടായി. ഇവ്വിധമെത്ര ശിലാ

രേഖകളിൽ പഴമയേറിയതു് കൊല്ലം 384-ൽ വേണാട്ടടികൾ ശ്രീവീരഇരാമൻ സ്ഥാപിച്ച താണു്. ദക്ഷിണാപഥചക്രവർത്തിയായിത്തീൎന്ന വഞ്ചിരാജ്യാധിപൻ സംഗ്രാമധീരരവിവർമ്മ കുലശേഖരൻ കൊല്ലം 495-ൽ ശ്രീപത്മനാഭനു സമർപ്പിച്ച ഒരു വലിയ സ്വർണ്ണപ്പാത്രം ഇന്നും ഇവിടെയുണ്ടു്.

പ്രതിവർഷം എഴുപത്തയ്യായിരം രൂപയിലധികം നികുതിയിനത്തിൽ ലഭിക്കത്തക്കവസ്തുവകകൾ ഈ മഹാക്ഷേത്രത്തിനുണ്ടു്. തുലാമാസത്തിലും മീനമാസത്തിലുമായി രണ്ടുത്സവങ്ങൾ, ധനുമാസത്തിലും മിഥുനമാസത്തിലും ഭദ്രദീപം, ആറുവൎഷത്തിലൊരിക്കൽ മുറജപം, അതിന്റെ അവസാനത്തിൽ ലക്ഷദീപം എന്നിവമൂലം പ്രത്യേകം സ്മരണീയമായ ഈ ദേവാലയം അനേകലക്ഷം ഭക്തജനങ്ങളെ തന്നിലേക്കാകർഷിച്ചുകൊണ്ടിരിക്കുന്നു.

[റേഡിയോഭാഷണം, ഏ. ഐ. ആറിന്റെ അനുവാദത്തോടുകൂടി.]


## വായനശാലകളുടെ പ്രത്യേകശ്രദ്ധയ്ക്കു്

1. കമ്മീഷൻ (യഥേഷ്ടം കൂടുതൽ) നൽകുന്നതിനുവേണ്ടി പുസ്തകങ്ങളുടെ വില കൂട്ടുന്ന പതിവു് ഞങ്ങൾക്കില്ല.
2. ഏതു പുസ്തകവും (ഞങ്ങളുടെ പ്രസിദ്ധീകരണമല്ലാത്തവയായാലും) അവയുടെ പ്രസിദ്ധീകരണവിലയ്ക്കു തന്നെയാണു് ഞങ്ങൾ വില്ക്കുന്നതു്.
3. ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾക്കു പുറമെ ഏതു പുസ്തകവും ഞങ്ങളുടെ പക്കൽ കിട്ടുന്നതാണു്.
4. ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾ ഏതെങ്കിലും ബുക്കുഡിപ്പോവിൽനിന്നു കിട്ടുന്നില്ലെങ്കിൽ വിവരം ദയവായി ഞങ്ങളോടു അന്വേഷിക്കണമെന്നു് അപേക്ഷ.
5. കമ്മീഷൻ കുറവാണെന്നുള്ള കാരണത്താൽ ഞങ്ങളുടെ പ്രസിദ്ധീകരണങ്ങളിൽ പലതും അച്ചടിച്ചുതീൎന്നിരിക്കുന്നതായി പലരും ദുഷ്പ്രചരണം നടത്തിവരുന്നുണ്ടു്. ഈ ദുഷ്പ്രചരണങ്ങൾക്കു് ഗ്രന്ഥശാലാപ്രവൎത്തകരും സാഹിത്യപ്രേമികളും വിധേയരാകരുതെന്നു പ്രത്യേകം അറിയിച്ചുകൊള്ളുന്നു.

TELE GRAMS 'BEEVEE' / PHONE 2550 } TRIVANDRUM

**B. V. ബുക്കു്ഡിപ്പോ & പ്രിൻറിംങ്ങ് വക്സ്**

മെയിൻറോഡു്, പുത്തൻചന്ത
P. B. No. 19.
തിരുവനന്തപുരം.

പടിഞ്ഞാറെ നടക്കാവു്,
തൃശ്ശിവപേരൂർ.

# ആദർശഗ്രന്ഥപാലനം

(തുടർച്ച)

## 6. യോഗ്യത

ഒരു ഗ്രന്ഥപാലകൻ കുറഞ്ഞപക്ഷം ബി. എ. പരീക്ഷയെങ്കിലും പാസായിരിക്കേണ്ടതു് ആവശ്യമാണെന്നു ഇന്നു കരുതപ്പെടുന്നു. ഗ്രന്ഥാലയത്തിന്റെ കാര്യകർത്താക്കളുടെ കാര്യത്തിൽ അധികം പണം ചെലവാക്കുകയും ഗ്രന്ഥങ്ങൾക്കു വേണ്ടി കുറച്ചു ചെലവാക്കുകയും, ചെയ്യുന്ന പക്ഷം അധികം പ്രയോജനമുണ്ടാകുമെന്നു ആർനോൾഡ്ബെന്നാറ പറഞ്ഞിരിക്കുന്നതു ശ്രദ്ധേയമാണു്. ഇക്കാലത്തു ഗ്രന്ഥശാലകളിൽ പുസ്തകങ്ങളുടെ കുറവല്ല, യോഗ്യതയുള്ള ഗ്രന്ഥപാലകന്മാരുടെ അഭാവമാണു കാണുന്നതു്. അതുകൊണ്ടു നമുക്കിന്നു വിദഗ്ദ്ധന്മാരായ ഗ്രന്ഥപാലകന്മാരുടെ ആവശ്യം വളരെയുണ്ടു്.

കേവലം പഠിക്കാനുള്ള ആഗ്രഹംകൊണ്ടു മാത്രം ഒരാൾ നല്ല ഗ്രന്ഥപാലകനാവുകയില്ല. ഗ്രന്ഥപാലനത്തിൽ സാമർത്ഥ്യമുണ്ടാകണമെങ്കിൽ തദ്വിഷയകമായ അഭ്യാസം അപരിത്യാജ്യമാണു്. പഴയകാലങ്ങളിൽ ഇതിലേക്കു പ്രത്യേക പരിശീലനം ആവശ്യമായിരുന്നില്ല. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. ഒരു ഡാക്ടർക്കെന്നപോലെ ഗ്രന്ഥപാലകനും വിദ്യാഭ്യാസം കൂടിയേ തീരു. അയാൾക്കു പുസ്തകസംഭരണത്തിലും, പുസ്തകങ്ങളുടെ വർഗ്ഗീകരണങ്ങളിലും സൂചീകരണത്തിലും സംഘടനാവ്യവസ്ഥകളിലും പൂർണ്ണമായ ജ്ഞാനം ഉണ്ടായിരിക്കേണ്ടതാണു്. പ്രത്യേകതരത്തിലുള്ള വിദ്യാഭ്യാസംകൊണ്ടേ ഇതു സാദ്ധ്യമാകയുള്ളു. മറെറാരു തരത്തിൽ പറഞ്ഞാൽ ഗ്രന്ഥാലയശാസ്ത്രത്തിൽ സാംഗോപാംഗമായ പരിജ്ഞാനം അയാൾക്കു ഉണ്ടായിരിക്കണം. ഈ കാര്യത്തിൽ അമേരിക്ക പ്രശംസനീയമായ പുരോഗതിയെ പ്രാപിച്ചിട്ടുണ്ടു്. അവിടെ ഏതദ്വിഷയകമായ വിദ്യാഭ്യാസത്തിനും ഗവേഷണത്തിനുമായി പതിനാലു സ്ഥാപനങ്ങൾ പ്രവർത്തിച്ചുപോരുന്നു. ഇതരദേശങ്ങൾ ഇതിനെ അനുകരിക്കുന്നുമുണ്ടു്. നമ്മുടെ ദേശത്തു ഗ്രന്ഥപാലകവൃത്തി അവികസിതരൂപത്തിലേ ആയിട്ടുള്ളു എങ്കിലും, ഡൽഹി, ബോംബെ, മദ്രാസ്, ബനാറസ്, ആലിഗർ ഇവിടങ്ങളിൽ ഗ്രന്ഥാലയശാസ്ത്രാഭ്യസനം ആരംഭിച്ചിട്ടുണ്ടു്. ഡൽഹിയിൽ മാത്രം ഡിഗ്രികോഴ്സും ഏർപ്പെടുത്തിയിട്ടുണ്ടു്.

ഗ്രന്ഥപാലകനു വായനക്കാരോടാണു് ഏററവും കൂടുതൽ ഉത്തരവാദിത്വം. വായനക്കാരുടെ സംഖ്യാഭിവൃദ്ധി ഗ്രന്ഥശാലയുടെ അഭിവൃദ്ധിയെ കുറിക്കുന്നു. അതിലേക്കു ഗ്രന്ഥപാലകന്റെ പെരുമാററം സമർത്ഥവും വിനയപൂർവ്വവുമായിരിക്കേണ്ടതു വളരെ ആവശ്യമാണു്. അനുവാചകരുടെ അന്വേഷണങ്ങൾക്കു യഥോചിതം മറുപടി പറയേണ്ടതു് അയാളുടെ കടമയാകുന്നു. അതിനാൽ ഗ്രന്ഥങ്ങൾ ആവശ്യംപോലെ എടുത്തു കൊടുക്കാൻ തക്കവണ്ണം ക്രമപ്പെടുത്തിവെച്ചേ തീരൂ. വായനക്കാർക്കു വളരെ വേഗം കണ്ടുപിടിക്കത്തക്കവണ്ണമായിരിക്കണം സൂചീകരണം. വാസ്തവത്തിൽ ഗ്രന്ഥപാലകന്റെ കർത്തവ്യം ശരിയായ പുസ്തകം തക്ക സമയത്തു ശരിയായ രീതിയിൽ അർഹനായ വായനക്കാരന്റെ കൈയിൽ ഏല്പിച്ചുകൊടുക്കുക എന്നുള്ളതാണു്.

പൊതുജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുക എന്ന കാര്യത്തിൽ സഹായിക്കുകയാണു ഗ്രന്ഥപാലകന്റെ നിത്യകൃത്യം. രാജ്യത്തുനിന്നു അജ്ഞതയേയും നിരക്ഷരതയേയും നിശ്ശേഷം മാററുവാനായിരിക്കണം അയാളുടെ ശ്രമം.

[പരിഭാഷകൻ. ഉണ്ണികൃഷ്ണൻ]

# നമോവാകം


## കുന്നിയൂര കരുണാകരക്കുറുപ്പ്

കടമത്തു — സഹൃദയസദനം


### I

ആ മഹാമനസ്വിത — യ്ക്കാമഹാവിവേകിത —
യ്ക്കാ, മനുഷ്യമൂല്യത — യ്ക്കായിതാ! നമോവാകം
ജീവിപ്പാൻ ജീവിക്കുക. മരിപ്പാൻ ജീവിക്കുക.
ഭൂ, വിതിൽ സുദുർല്ലഭം ജീവിപ്പാൻ ജീവിപ്പവർ;
മരിച്ചും ജീവിക്കുന്ന മനുഷ്യൻ — ജീവിച്ചുകൊ—
ണ്ടിരിക്കേത്തന്നേത്താനേ മരിപ്പൂ! ഹന്ത! മർത്ത്യൻ!!
ജീവിതപ്പൂവിൽക്കൂടി മാനുഷ മൂല്യംനേടി—
ജീവിപ്പാൻ ജീവിപ്പോനേ മാനുഷനാകുന്നുള്ളൂ.

ബുദ്ധനും ശ്രീശങ്കരൻ, ശ്രീരാമകൃഷ്ണൻ തൊട്ട—
സിദ്ധന്മാരവരെല്ലാം മരിച്ചും ജീവിപ്പവർ;
അത്തരം മഹാത്മാക്കളെത്രയോ കാലംകൊണ്ടേ—
മർത്ത്യന്മാർക്കിടയിൽ വന്നെത്തുമാറുള്ളുവല്ലോ.
താത്വികാവബോധത്താൽ "ജീവിപ്പാൻ ജീവിക്കെ"ന്നായ്
സാത്വികാദർശത്തിന്റെ വിത്തു മർത്ത്യരിൽ പാവി,
ജീവിതപ്പൂവൊട്ടക്കി മാനുഷികമൂല്യത്താൽ—
പാവിതമാക്കീലോകം ഗാന്ധിജി മഹാത്മജി.

കായുണ്ടായെന്നാൽ പൂവിൻ കാര്യമെതീന്റ — പിന്നീ—
ടായുസ്സറ്റടിഞ്ഞാലെന്തപ്പൂവു ചരിതാർത്ഥം!!
"നേതിനേതി" തിജീവിതാരണികടഞ്ഞു കൊ—
ണ്ടേതിനാൽ സാധിപ്പിതു ഗാന്ധിജി നിജാദർശം.
ആ മനുഷ്യമൂല്യതയ്ക്കാ മഹാമനസ്വിത—
യ്ക്കു്, മഹാവിവേകിതയ്ക്കോതുക നമോവാകം.

### II

ഓതുക നമോവാകം ജീവിതപ്പോരിൽ വെന്നി—
ക്കേതുനാട്ടുക ഗാന്ധിസത്തേ പിൻതുടരുക!
സാഹസക്രമാമാർഗ്ഗം — കേവലമമാനുഷ—
മാഹന്ത പിൻതുടരാനാകില്ലെന്നാകുന്ന നാം,
സ്വസഹോദരങ്ങളെ സ്നേഹിപ്പാൻ പഠിക്കാതേ,
അസമത്വത്തേ വെല്ലാൻ വിരലൊന്നനക്കാതെ,
ഒരു നൂലിടപോലുമുണ്ടാക്കാനൊരുങ്ങാതെ

ഒരുകാലത്തും കരിതുണ്ടൊന്നു പിടിക്കാതെ;
ചാരായം ചുണ്ടത്തു നിന്നൊട്ടപ്പാൻ കഴിയാതെ,
പാറാവാം ദാരിദ്ര്യത്തെയകററാൻ ശ്രദ്ധിക്കാതേ;
അദ്ധ്വാനശീലക്കേഴും വ്യക്തിത്വം പൊറുക്കാതെ;
വിദ്ധ്വംസനാചാരങ്ങൾ തകക്കാൻ തുനിയാതേ;

നാമ മാനുഷത്വത്തെ ഗാന്ധിജിയിങ്കലേററി—
ഹാ! മടിയന്മാരായി. സ്തുതിപാഠകരായി,
ബാപ്പുജീ മഹാത്മജി ഗാന്ധിജി ജയജയേ—
ത്യാപ്പുകൂട്ടിയാൽപോരാ—തദനുഗ്രഹത്തിന്നായ്;
ജീവിതരഥംഗാന്ധിമാർഗ്ഗത്തിൽക്കൂടിയോടി—
ച്ചാവിഷ്കരിച്ചതീത്ര മത്ത്യനിൽ മനുഷ്യനേ;

"നേതിനേതീ" തി ജീവിതാരണി കടഞ്ഞെട്ടു—
ത്തെതിനാലീമഹത്വം സാധിച്ച മഹാത്മജി"
ആ മഹാമനസ്വിതയ്ക്കും മഹാവിവേകിത—
യ്ക്കും മഹത്വപശ്ചത്തുക്കായിരം നമോവാകം!!

---

# ശാസ്ത്രീയാടിസ്ഥാനത്തിലുള്ള ലൈബ്രറിപ്രവത്തനത്തെപ്പററി സിനിമാപ്രദർശനം

യുണൈറ്റഡ്സ്റ്റേററ്സ് ഇൻഫർമേഷൻ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ലൈബ്രറി സയൻസിൻെറ വിവിധഭാഗങ്ങളും പ്രവത്തനം വ്യക്തമാക്കുന്ന ഒരു സിനിമാ പ്രദശനം ഈ മാസം 18-ാം തീയതി ബുധനാഴ്ച വൈകുന്നേരം 7. മണിക്ക് തിരുവനന്തപുരത്തുള്ള പ്രസ്തുത ലൈബ്രറിഹാളിൽവച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

വിജ്ഞാനപ്രദമായ ഈ പരിപാടിയിൽ സൌകര്യമുള്ള എല്ലാ ലൈബ്രറി പ്രവത്തകരും അനുഭാവികളും സഹകരിച്ച് പ്രയോജനപ്പെടുത്തണമെന്ന് അഭ്യത്ഥിക്കുന്നു.

---

# പുതിയ ഭരണസമിതി അംഗങ്ങളുടെ തെരഞ്ഞെടുപ്പ്

ഗ്രന്ഥശാലാസംഘം ഭരണസമിതിഅംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി സംഘത്തിന്റെ ഒരു പൊതുയോഗം മാർച്ച് 1-ാംതീയതി പകൽ മൂന്നുമണിക്ക് സ്ഥിരംപ്രസിഡന്റ് ശ്രീ. പറവൂർ ടി. കെ. നാരായണപിള്ള സ്ഥലത്തില്ലാതിരുന്നതിനാൽ വൈസ് പ്രസിഡന്റ് ശ്രീ. കെ. എം. അഗസ്റ്റിൻ ബി. ഏ. ബി.കോമിന്റെ അദ്ധ്യക്ഷതയിൽ സംഘം ആഫീസിൽ വച്ചുകൂടി. ഭൂരിപക്ഷം അംഗങ്ങളും യോഗത്തിൽ ഹാജരുണ്ടായിരുന്നു. ഡാക്ടർ പി. കെ. നാരായണപിള്ളയുടെ സ്വാഗതം, അദ്ധ്യക്ഷന്റെ ഉപക്രമം എന്നിവയ്ക്കുശേഷം പുതിയ ഭരണസമിതിഅംഗങ്ങളുടെ തെരഞ്ഞെടുപ്പുനടന്നു.

ഒരു റവന്യൂഡിവിഷനു മൂന്നു പ്രതിനിധികൾ എന്നക്രമത്തിൽ നാലു ഡിവിഷനിൽനിന്നും 12-പേരെയും വ്യക്തിയംഗങ്ങളിൽനിന്നു 2 പേരെയുംആണ് പൊതുയോഗത്തിൽനിന്നും തെരഞ്ഞെടുക്കേണ്ടതു്. തിരുവനന്തപുരം ഡിവിഷനിൽനിന്നു 3-ം, കൊല്ലം ഡിവിഷനിൽനിന്നു 11-ം, കോട്ടയംഡിവിഷനിൽനിന്നു 3-ം, തൃശ്ശൂർ ഡിവിഷനിൽനിന്നു 8-ം, വ്യക്തിഅംഗങ്ങളിൽനിന്നു 3-ം, സ്ഥാനാർത്ഥികളുടെ പേരുകൾ നിർദ്ദേശിക്കപ്പെട്ടു.

കോട്ടയം ഡിവിഷനിൽനിന്നും മൂന്നിലധികം സ്ഥാനാർത്ഥികൾ ഇല്ലാതിരുന്നതിനാൽ നിർദ്ദേശിക്കപ്പെട്ട ശ്രീ. സി. കെ. മാണി, ബി.ഏ. ബി.എൽ., എൻ. പി. വറുഗീസ് എം.എൽ.ഏ., വെട്ടൂർ രാമൻനായർ എന്നിവരെ എതിരില്ലാതെ ഭരണസമിതിഅംഗമായി തെരഞ്ഞെടുക്കപ്പെട്ടു.

തുടർന്നു മററു മൂന്നു ഡിവിഷനുകളിലേയും വ്യക്തി അംഗങ്ങളുടേയും തെരഞ്ഞെടുപ്പു നടന്നു. തിരുവനന്തപുരം ഡിവിഷനിൽനിന്നു് കൂടുതൽ വോട്ടുകൾ ലഭിച്ച ശ്രീ. കെ. ചന്ദ്രശേഖരൻനായർ, സി. ശങ്കർ, എം. എൽ. ഏ., വേളി കെ. കൃഷ്ണൻനായർ ബി. ഏ., എന്നിവരേയും കൊല്ലം ഡിവിഷനിൽനിന്നു് കൂടുതൽ വോട്ടുകൾ ലഭിച്ച ശ്രീ. പി. എൻ. പണിക്കർ, ഡി. കൃഷ്ണൻപോററി, ബി. എ. ബി. എൽ., കെ. ജനാർദ്ദനക്കുറുപ്പ് എന്നിവരേയും, തൃശ്ശൂർ ഡിസ്ട്രിക്റ്ററിൽ നിന്നു് കൂടുതൽ വോട്ടുകൾ ലഭിച്ച ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ എം. എൽ. ഏ., പി. വി. കൃഷ്ണൻനായർ എം. ഏ., സി. ഈ. സൈമൺ ബി. ഏ. എന്നിവരേയും. വ്യക്തിഅംഗങ്ങളിൽനിന്നു കൂടുതൽ വോട്ടുകൾ ലഭിച്ച ശ്രീ, കെ. എം. അഗസ്റ്റിൻ ബി. ഏ. ബി. കോം., കെ. ആർ. വാസുദേവൻനമ്പൂതിരിപ്പാട് ബി. ഏ. എന്നിവരേയും ഭരണസമിതി അംഗങ്ങളായി തെരഞ്ഞെടുക്കുകയുണ്ടായി. ഏററവും കൂടുതൽ വോട്ടുകൾ ലഭിച്ചതു്. ശ്രീ. പി. എൻ. പണിക്കർക്കായിരുന്നു എന്നുള്ളതും പ്രസ്താവയോഗ്യമത്രേ.

തുടർന്നു സംഘപ്രവർത്തനത്തെപററിയുള്ള ചർച്ചകളിൽ അംഗങ്ങൾ സജീവമായി പങ്കെടുക്കുകയും പല തീരുമാനങ്ങളും കൈക്കൊള്ളുകയും ചെയ്തു.

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കുപുറമേ ഇവർ ഇത്രയുംകൂടി നാമിനേററ ചെയ്യുന്ന 4 പേരും ഗവർമ്മെൻറിൽനിന്നു് രണ്ടു പ്രതിനിധിയും യൂണിവേഴ്സിററിയിൽനിന്നു ഒരു പ്രതിനിധിയുംകൂടെ ഉൾപ്പെട്ടതാണ് സംഘം ഭരണസമിതി. നോമിനേററചെയ്യപ്പെടുന്ന അംഗങ്ങൾ കൂടിഉൾപ്പെട്ട് ഉദ്യോഗസ്ഥാംഗങ്ങളെ തെരഞ്ഞെടുക്കുന്നതാണ്.

ഗ്രന്ഥനിരീക്ഷണം

## ആൾക്കരടി

ഗ്രന്ഥകർത്താ:— പി. കെ. നായർ
പ്രസാധകന്മാർ:- കെ. ആർ. ബ്രദേർസ്, കോഴിക്കോട്ട്.
വില 1 ക. 12 ണ.

മലയാളത്തിലിതുവരെ ലക്ഷണമൊത്ത ഒരു ഡിററക്റ്റിവ് നോവലുണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഒരു ഡിററക്റ്റിവ് നോവൽ പുതുതായിക്കാണുവാനിടവരുമ്പോൾ ആ കുറവു പരിഹൃതമാകുമോ ആ ഗ്രന്ഥംമൂലമെന്ന് അറിവാൻ താല്പര്യമുണ്ടാകും; ആ വിചാരത്തോടുകൂടിയായിരിക്കും ആ നോവൽ വായിക്കപ്പെടുക. 'ആൾക്കരടി' എന്ന ഗ്രന്ഥം വായിക്കുന്നയാൾക്കു് അനുഭവിക്കേണ്ടിവരുന്നതു് നൈരാശ്യമാണെന്നു ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യ സമരകാലത്തു വടക്കേ മലബാറിലെ ഒരുൾനാട്ടിൽവച്ചു ഇക്കഥ നടക്കുന്നതായിട്ടാണു് സങ്കല്പിക്കപ്പെട്ടിരിക്കുന്നതു്. ശാരദ എന്ന അദ്ധ്യാപിക വധിക്കപ്പെട്ടു എന്ന ധാരണയാണിതിലെ കുടുംകെട്ടു്. ശാരദയുടെ കാമുകനും ഒരദ്ധ്യാപകനുമായ സുകുമാരനും പോലീസുദ്യോഗസ്ഥന്മാരുംകൂടി ആ കുടുംകെട്ടഴിക്കുന്നുണ്ടു്.—കാര്യങ്ങളുടെ യഥാർത്ഥാവസ്ഥ വെളിപ്പെടുത്തുന്നു. ശാരദവധിക്കപ്പെട്ടിട്ടില്ല; സ്ത്രീലമ്പടനായ പുഴക്കരവീട്ടിലെ നമ്പ്യാർ എന്ന ധനാഢ്യൻ അവളെ ഒളിവിലാക്കി വച്ചിരിക്കുകയായിരുന്നു. വധിക്കപ്പെട്ടതു മറെറാരു സ്ത്രീയാണു്. ഘാതകൻനമ്പ്യാരുടെ വിശ്വസ്തമിത്രവും ഉപദേഷ്ടാവും മറവുമായ ഒരു മേനോനാണു്" ഇത്രയും കാര്യങ്ങൾ തെളിയിക്കപ്പെടുന്നുണ്ടു്. വളരെയധികം കുടിലതന്ത്രങ്ങൾ പ്രവർത്തിക്കുന്ന മേനോനാണു് 'ആൾക്കരടി' എന്ന പേരിൽ വിഹരിക്കുന്നതു്.

സ്ത്രീലമ്പടനായ നമ്പ്യാരുടെ ജീവിതം,-ഉച്ഛൃംഖലതവും മറവും വളരെ തന്മയത്വത്തോടുകൂടി പ്രതിപാദിക്കുവാൻ ഗ്രന്ഥകാരനു കഴിഞ്ഞിട്ടുണ്ടു്. ഈ ഗ്രന്ഥത്തിലെ വർണ്ണനകൾ ശ്രീ നായരുടെ പ്രതിപാദന വൈദഗ്ദ്ധ്യത്തിന്റെ ലക്ഷ്യങ്ങളായി വിലസുന്നുണ്ടെന്നു പറയുന്നതോടൊത്തു് അവയാണു് ഈ ഗ്രന്ഥത്തെ വികലമാക്കിയിരിക്കുന്നതെന്നും ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. സാഭവപ്രധാനമായ ഒരു കൃതിയാണല്ലോ ഡിററക്റ്റിവ് നോവൽ. അതിൽ ഒരു ഇഴഞ്ഞമട്ടിലുള്ള പോക്കു് ഒട്ടും അനുവദനീയമല്ല. 'ആൾക്കരടി'യിലെ വർണ്ണനകളും മററും വളരെ ഇഴഞ്ഞ രീതിയിലാക്കിട്ടുണ്ടു് അതിലെ കഥാഗതിയെ. ഈ ഗ്രന്ഥത്തിലെ ചില ഭാഗങ്ങളെ അപ്പാടെ എടുത്തുമാററുന്നതായാൽ കഥാഘടനയ്ക്കു് ഒരു വൈകല്യവും സംഭവിക്കുകയില്ലെന്നു മാത്രമല്ല കുറെയൊക്കെ മേന്മസിദ്ധിക്കുകയും ചെയ്യും; ഇപ്പോഴില്ലാത്ത കെട്ടുറപ്പു കൈവരുത്തുവാൻ ആ ശസ്ത്രക്രിയയ്ക്കു സാധിക്കുന്നതാണു്. ഈ ഗ്രന്ഥത്തിന്റെ ആവിർഭാവം കൊണ്ടു ഡിററക്റ്റിവ് നോവലുകളുടെ എണ്ണത്തിൽ ഒന്നുകൂടി എന്നല്ലാതെ ആ ശാഖയിലെ കുറവു കുറവായി അവശേഷിക്കുന്നതേയുള്ളു.

പി. എസ്.

## ഹൃദയം

ഗ്രന്ഥകർത്താ:- വെള്ളായണി
വിതരണക്കാർ:- നാഷണൽ ബുക്ക്സ്റ്റാൾ, കളരിക്കൽ ബസാർ, കോട്ടയം.

പതിനൊന്നു കഥകളാണിതിലെ ഉള്ളടക്കം. കഥകളെന്നു പറയുന്നതിനെക്കാൾ അനുഭവ കഥനങ്ങളെന്നു പറയുന്നതായിരിക്കും കൂടുതൽ യോജിക്കുന്നതു്. ഗാർഹിക ക്ലേശങ്ങളിൽപെട്ടു വിഷമിക്കുന്ന പിതൃഹൃദയമാണു് ഇതിലധികമായും കാണുവാനുള്ളതു്. "കാവുകേറി കാലൊടിഞ്ഞു ഞൊണ്ടിയായ കൊച്ചുമകന്റെ ജീവിതത്തിൽ അന്തംവിട്ടും എന്നാൽ തീരെ വിടാതെയും ഉഴലുന്ന ഒരു പിതാവു്; മൂന്നുചക്രമുള്ള ഒരു കൊച്ചു സൈക്കിൾവാങ്ങാൻ കഴിവില്ലാതെ ഒടുവിൽ വിവാഹമോതിരം വിററു് അതു വാങ്ങി കൊച്ചുമകനു സമ്മാനിക്കുന്ന മറെറാരു

പിതാവു്, തെക്കുമ്പോൾ കരയുന്ന തവളയെ കൊച്ചുമകൾക്കു വാങ്ങിക്കൊടുക്കുവാൻ കഴിയാതെ ഒടുവിൽ ആ കൊച്ചുമകൾ ഒരു കുമാരിയായി വളൎന്നിട്ടും അക്കഥ ഓൎക്കാതെ അവൾക്കു് അത്തരമൊന്നു വാങ്ങിക്കൊണ്ടു വന്ന വിഡ്ഢിയാവുന്ന മൂന്നാമതൊരു പിതാവു്; അറിവാഞ്ഞാൻ പോയപ്പോൾ കണ്ട ഗ്രാമീണ സൗന്ദൎയ്യത്തിൽ കാമാതുരനായെങ്കിലും പിന്നീടു് ആ സൗന്ദൎയ്യധാമത്തിൽ തന്റെ മകളുടെ പ്രതിച്ഛായ കണ്ടു് ആദ്യമുണ്ടാകുന്ന വികാരത്തെ ശുദ്ധീകരിക്കുന്ന നാലാമതൊരു പിതാവു്" ഇങ്ങനെ പോകുന്ന ചിത്രീകരണങ്ങൾക്കു ഒരു വൈരുദ്ധ്യക്കുറവില്ലേ എന്നു തോന്നിയേയ്ക്കും. പക്ഷേ പ്രതിപാദനത്തിന്റെ വൈശിഷ്ട്യം കൊണ്ടു നിങ്ങൾക്കു തീച്ചയായും മുഷിവു തോന്നുകയില്ല.

സമ്പത്തുവന്നാൽ ചിലൎക്കു കണ്ണുകാണാതാവുമെന്നും, ദാരിദ്ര്യത്തിനു് അവരുടെ കണ്ണുകളെ വീണ്ടും തുറപ്പിക്കുവാൻ കഴിയുമെന്നും 'അമ്മൂമ്മ'യുടെ ജീവിതത്തിൽനിന്നു ഗ്രഹിക്കാം. ചില്ലറ വഴക്കുകളില്ലാത്ത കുടുംബങ്ങളില്ലെന്നതാണു് 'ആശ്വാസം തേടി' പോയവരുടെ കണ്ടുപിടിത്തം. 'കഷ്ടിച്ചു കൃത്യം കഴിയുന്ന' കൂട്ടരാണു് ഇതിലെ കഥാപാത്രങ്ങളെല്ലാം തന്നെയെന്നു പറയാം.

അപൂൎവ്വമായിട്ടാണെങ്കിലും ചില കഥകളിലെ പ്രമേയങ്ങൾ ചില കുതൎക്കങ്ങൾക്കു വകനല്കുന്നുണ്ടു്. പക്ഷേ ആ കുതൎക്കങ്ങളെക്കുറിച്ചു് അക്കഥകൾ വായിച്ചവസാനിപ്പിക്കുന്നതുവരെ നിങ്ങൾക്കു ശ്രദ്ധിക്കുവാൻ തോന്നുകയില്ല—കാരണം അത്രയ്ക്കു വിദഗ്ദ്ധമായിട്ടുണ്ടവയുടെ പ്രതിപാദനമെന്നതുതന്നെ.

പി. എസ്.

# ലൈബ്രറി സയൻസിനെപ്പററി

## പ്രസംഗപരമ്പര

ലൈബ്രറി പ്രവൎത്തനരീതികളെ സംബന്ധിച്ചു് പല പ്രധാനവിഷയങ്ങളിൽ വിജ്ഞാനപ്രദങ്ങളായ പ്രസംഗപരമ്പര ഈ സമ്മർസീസണിൽ യുണൈറഡ്സ്റ്റേററ്സ് ഇൻഫർമേഷൻ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തുവച്ചു് നടത്താൻ ഏർപ്പാടുചെയ്തു വരികയാണു്. പൊതുജനങ്ങൾക്കു് വിശിഷ്യ, സംസ്ഥാനത്തെ ഗ്രന്ഥശാലാപ്രവൎത്തകൎക്കു്–വളരെ പ്രയോജനകരമായ ഈ സംരംഭം പരമാവധി വിജയിപ്പിക്കുന്നതിനും, ദുർല്ലഭമായ ഈ അവസരം ഉചിതമായി ഉപയോഗിക്കുന്നതിനും, എല്ലാ ഗ്രന്ഥശാലകളോടും അഭ്യൎത്ഥിക്കുന്നു.

ഓരോ വായനശാലകളും, പ്രതിനിധികളെ തിരുവനന്തപുരത്തു് അയക്കുന്നതിനു സൌകര്യപ്പെടാത്തപക്ഷം, തിരുവനന്തപുരത്തു താമസിക്കുന്നവരും, ഉൾനാടുകളിലെ വായനശാലകളുമായി സമ്പൎക്കം പുലൎത്തുന്നവരുമായവരെ പ്രതിനിധികളായി നിർദ്ദേശിച്ചു് ഗ്രന്ഥശാലാസംഘം ആഫീസിലറിയിക്കുന്നതു് പ്രയോജനകരമായിരിക്കും. പ്രസംഗപരമ്പരയുടെ ശരിയായ തീയതികളും വിഷയങ്ങളും വഴിയേ അറിയിക്കുന്നതാണു്. താല്പൎയ്യമുള്ള വായനശാലകൾ സംഘം ആഫീസിലേക്കു് നേരിട്ടെഴുതേണ്ടതാണു്.

ജനറൽ സെക്രട്ടറി.

# തിരു-കൊച്ചി ഗ്രന്ഥശാലാസംഘം താലൂക്കുപ്രതിനിധികൾ

ഗ്രന്ഥശാലാസംഘം പൊതുയോഗാംഗങ്ങളായി അടുത്ത മൂന്നുകൊല്ലത്തേയ്ക്കു് തെരഞ്ഞെടുത്തിട്ടുള്ള താലൂക്കുപ്രതിനിധികളുടെ പേരുവിവരം.

തോവാള:—എൻ. അഗസ്ത്യലിംഗംപിള്ള, എം. ആറുമുഖപെരുമാൾപിള്ള, ററി. മഹാരാജപിള്ള.

അഗസ്തീശ്വരം:—വി. വി. എസ്സ്. മണി, സി. ശങ്കർ, എം. എൽ. എ., എൽ. വേലായുധം, കെ. കുമാരപിള്ള.

കൽക്കുളം:—കെ. മാധവൻപിള്ള, ആർ. കുഞ്ഞുകൃഷ്ണപിള്ള, പി. പെരുമാൾപിള്ള, എ. ദേവനേശൻ.

വിളവംകോട്ട്:—എം. കൃഷ്ണൻനായർ ബി. എ. എം. എ. ഉബൈദുഅബ്ദുല്ലാ B. A. B. T., എം. ജോർജ്ജ്നേശയ്യാ.

നെയ്യാററിങ്കര:—പി. എസ്സ്. തമ്പി, കെ. ചന്ദ്രശേഖരൻനായർ, കെ. എം. ഭാസ്കരർ, ആർ. ജനാർദ്ദനൻനായർ, പി. നാരായണപിള്ള.

തിരുവനന്തപുരം:—വേളി കെ. കൃഷ്ണൻനായർ, വി. ശ്രീധർ എം. എൽ. എ., എം. തോമസ് എം. എ. എൽ. ററി., ജി. ബാലകൃഷ്ണൻനായർ ബി. എ., കെ. പാറുക്കുട്ടിയമ്മ ബി. എ. ബി. എൽ.

നെടുമങ്ങാട്ട്:—എൻ. എൻ. പണ്ടാരത്തിൽ എം. എൽ. എ., സി. വി. പ്രേംരാജ്, കെ. കേശവപിള്ള, ജി. സി. പിള്ള.

ചിറയിൻകീഴ്:—എസ്സ്. ശങ്കരവാര്യർ ബി. എസ്സ്. സി., എൽ. ററി. പി. സുകുമാരൻനായർ, ആർ. പ്രഭാകരൻ ബി. എ. ബി. എൽ., കെ. പ്രഭാകരൻനായർ ബി. എ,

കൊല്ലം:—എ. കെ. ബാലകൃഷ്ണപിള്ള, പി. കെ. കോശി, കെ. അച്ചുതക്കുറുപ്പ്, ക്ലെമൻറ് എസ്സ്. ഡിക്രൂസ് ബി. എ. (ഓണേഴ്സ്) ശിരോമണി, എം. കെ. ഗോവിന്ദൻ.

കൊട്ടാരക്കര:—ഡി. കൃഷ്ണൻപോററി ബി. എ. ബി. എൽ., കെ. തങ്കപ്പൻപിള്ള, എ. ഈശ്വരപിള്ള ബി. എ. ബി. എൽ., കെ. ജനാർദ്ദനക്കുറുപ്പ്, വി. ശങ്കുപ്പിള്ള.

പത്തനാപുരം:—പി. ആർ. രാമകൃഷ്ണപിള്ള, പി. ഗോപാലൻ ബി. എ. എൽ. ററി., കെ. കൃഷ്ണപിള്ള ബി. എ.

ചെങ്കോട്ട:—ആർ. രാമചന്ദ്രഅയ്യർ, എസ്സ്. എൽ. കൃഷ്ണൻ ബി. എ., മഹാദേവൻ.

കുന്നത്തൂർ:—ഈ. കെ. പിള്ള, എൻ. രാഘവൻപിള്ള, ജി. ശ്രീധരൻപിള്ള, സി. കൊച്ചുകുഞ്ഞ്.

കരുനാഗപ്പള്ളി:—കുമ്പളത്തു ശങ്കുപിള്ള, ലക്ഷ്മണപണിക്കർ, കെ. രാമൻപിള്ള.

കാർത്തികപ്പള്ളി:—നീലവന ആർ. മാധവൻനായർ, പാണ്ടവത്തു ശങ്കരപ്പിള്ള, കോമത്തു കെ. എൻ. കുഞ്ഞുകൃഷ്ണൻ ബി. എ.

മാവേലിക്കര:—മാധവനുണ്ണിത്താൻ, എം. ഡാനിയൽ ബി. എ. എൽ. ററി., എം. വി. ചന്ദ്രശേഖരൻനായർ, പി. കൃഷ്ണപിള്ള.

പത്തനംതിട്ട:—പരീതുറാവുത്തർ എം. എൽ. എ., സി. എം. വർഗ്ഗീസ്, ററി. എൻ. നാണുനായർ, കെ. എം. ജോർജ്ജ്.

തിരുവല്ലാ:—വിദ്വാൻ എ. എൻ. പി. പണിക്കർ, കെ. എ. എബ്രഹാം, കെ. ആർ. കേശവപിള്ള, കെ. കെ. ചന്ദ്രശേഖരൻപിള്ള, സി. ററി. കോശി ബി. എ. എൽ. ററി.

അമ്പലപ്പുഴ:—പി. എൻ. പണിക്കർ, അമ്പലപ്പുഴ എൻ. എൻ. ഇളയതു ബി. ഏ. ബി. എൽ,. വി. കെ. സുബ്രഹ്മണ്യാനന്ദൻ, സാഹിത്യശിരോമണി എൻ. ഗോപിനാഥൻ നായർ.

ചേർത്തല:—വി. ഏ. ഗോപാലൻനായർ, കെ. എൻ. ഗംഗാധരൻനായർ, ആർ. മാധവപ്പൈ, ഡി. കെ. ബാലകൃഷ്ണൻ ബി.എ.

വൈക്കം:—പി. പരമേശ്വരൻ ബി. ഏ. ബി. കോം., എൽ. എൽ. ബി., ഏ. കെ. ഭാസ്ക്കരൻനായർ, ജോൺതോമസ്.

കോട്ടയം:—സി. കെ. മാണി ബി. ഏ. ബി. എൽ., ഏ. കൃഷ്ണപ്പണിക്കർ ബി. ഏ. എൽ. റി,. അഭയദേവ്, എൻ. ഓ. മാത്യു, കെ. എൻ. ഗോപാലൻനായർ.

ചങ്ങനാശ്ശേരി:—കെ. എം. ഹസ്സൻറാവുത്തർ, കെ. എം. തോമസ്, പി. എൻ. ശങ്കരൻ നായർ, ഡി. സി. കിഴക്കേമുറി, വി. ജി. ഭാസ്ക്കരൻനായർ. B. Sc.

പീരുമേട്:—പി. ചന്ദ്രശേഖരൻനായർ ബി. ഏ. ബി. റി., ഏ. ചന്ദ്രശേഖരൻപിള്ള, സുലൈമാൻ.

മീനച്ചൽ:—പി. എസ്സ്. ഗോപാലപിള്ള ബി. ഏ. ബി. എൽ., ജോൺസൻ. ജെ. വള്ളിക്കാപ്പൻ ബി. ഏ, വെട്ടൂർ രാമൻനായർ, പി. സി. ജോസഫ്, എൻ. ശ്രീധരൻ നായർ.

മൂവാററുപുഴ:—എൻ. പി. വർഗ്ഗീസ് എം. എൽ. ഏ, പി. വി. തോമസ്, പോൾ. ജെ. മുഞ്ഞിറപ്പാടം റി. പി. രാഘവപ്പണിക്കർ ബി. ഏ.

തൊടുപുഴ:—ഏ. ജെ. കുര്യാക്കോസ്, വി. ഓ. റോക്കി, ബി. ഏ. ബി. റി., ഓ. എം. തോമസ്.

ദേവികുളം:—ആർ. മാധവൻപിള്ള, എൻ. പരമേശ്വരൻപിള്ള, മാത്യു.

കുന്നത്തുനാട്:—പി. ഗോവിന്ദപ്പിള്ള എം. എൽ ഏ. സി. ഈ. സൈമൺ, ബി. ഏ. W. O. ജോർജ്ജ്, കെ. കൃഷ്ണക്കൈയ്മൾ.

പറവൂർ:—കെടാമംഗലംപപ്പുക്കുട്ടി, ആർ. പത്മനാഭപിള്ള, ബിഏ. ബി.എൽ. വി. എച്ച്. അലിക്കുഞ്ഞു്, ഈ. കെ. കുമാരൻ.

കൊടുങ്ങല്ലൂർ:—എം. വേലായുധൻ, എൻ. പി. ചന്ദ്രമോഹൻ, കെ. സി. സലാഹുദ്ധീൻ.

കൊച്ചി-കണയന്നൂർ:—പി. വി. കൃഷ്ണൻനായർ എം. ഏ, എം.കെ. രാംഗോപാൽ, എസ്സ്. നാരായണക്കമ്മത്തു്, ഏ. ബി. ഭാസ്കരൻ, കെ. ഏ. ഗംഗാധരൻ.

മുകുന്ദപുരം:—റി. ഗോവിന്ദൻകുട്ടിമേനോൻ ബി. ഏ. ബി. എൽ,. കെ. കെ. പുതുവാൾ, കെ. കെ. ചന്ദ്രസേനൻ, കെ. രാഘവമേനോൻ, ഏ. സി. റപ്പായി.

തലപ്പിള്ളി:—പി. എൻ. വാസുദേവശർമ്മ, കെ. ശ്രീധരമേനോൻ, പി. ചിത്രഭാനു, ഏ. ബാലകൃഷ്ണൻനായർ, വി. കെ. എൻ. ഭട്ടതിരിപ്പാട്.

തൃശ്ശൂർ:—എം. കെ. മേനോൻ, സി. ഓ. ചെറിയാൻ, ഡാക്ടർ പി. പി. ആൻറണി, പി. മാധവൻനമ്പൂതിരി, വി. ആർ. കൃഷ്ണനെഴുത്തച്ഛൻ എം. എൽ. ഏ.

ചിററൂർ:—ആർ. പി. ഗോപാലസ്വാമി, ഏ. കെ. ചാത്തുക്കുട്ടി, കെ. ശിവരാമഭാരതി.

# ഗ്രന്ഥശാലാപ്രവൎത്തകരുടെ ശ്രദ്ധയ്ക്ക്

1950-51, 1951-52 ഈ കൊല്ലങ്ങളിലെ കുടിശ്ശിക ഗ്രാൻറ് ഇതിനകം എല്ലാ വായനശാലകൾക്കും ലഭിച്ചിരിക്കുമല്ലോ. ഇതുവരെ കിട്ടാത്തവക്ക് ഉടനെ ഗ്രാൻറ്ബില്ല് എഡ്യുക്കേഷൻ ഡയറക്ടറർ കൗണ്ടർസൈൻ ചെയ്ത് അയച്ചു തരുന്നതുമാണ്. ഗ്രാൻറ്തുകയ്ക്ക് പുതിയപുസ്തകംവാങ്ങി ഡ്യൂപ്ലിക്കേററ് ബില്ലയച്ചു തരണമെന്നു താല്പര്യപ്പെടുന്നു.

1952-53 ലെയും ഗ്രാൻറുതുക, ഗ്രാൻറ് ബില്ലിൻപ്രകാരംതന്നെ അവകാശപ്പെടേണ്ടതാണ്. വായനശാലകൾക്കു ഗ്രാൻറനുവദിച്ച ഗവൺമെൻറ് ഉത്തരവ് ലഭിച്ചാലുടൻതന്നെ വിവരം അതതുവായനശാലകളെ അറിയിക്കുന്നതും ഓരോ വായനശാലയും നിശ്ചിതതുകയ്ക്ക് രണ്ടു പ്രതി ബിൽഫാറം തയ്യാറാക്കി സംഘത്തിലേയ്ക്കു അയച്ചുതരേണ്ടതുമാണ്. 1953 മാർച്ച് 31-ാം തീയതിയ്ക്കകം ഖജനാവിൽനിന്നും ബിൽ മാറാതിരുന്നാൽ പല അസൗകര്യങ്ങളും ഉണ്ടാകാവുന്നതുകൊണ്ട്, ഗ്രാൻറനുവാദ അറിയിപ്പു ലഭിക്കുന്ന ദിവസംതന്നെ ബിൽഫാറം പൂരിപ്പിച്ച് അയയ്ക്കത്തക്കവിധം ഫാറം വൈഷമ്യംകൂടാതെ വാങ്ങുവാൻ നേരത്തെ കരുതുന്നതു സൗകര്യപ്രദമായിരിക്കും.

സംഘം വാൎഷികവരി, ഗ്രന്ഥാലോകം മാസികവരി എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക തന്നാണ്ടത്തേതുൾപ്പെടെയുള്ള തുക ഈ മാർച്ച് 31-ാം തീയതിയ്ക്കകം അയച്ചുതരണമെന്നു താല്പര്യപ്പെടുന്നു.

## സെൻട്രൽ ഗ്രാൻറ്

ഈ സംസ്ഥാനത്തെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിനു പ്രോത്സാഹനം ലഭിക്കുന്നതിനുവേണ്ടി ഗ്രന്ഥശാലാസംഘം ഇൻഡ്യാഗവൺമെൻറിനോടു തുടരെ നിവേദനം നടത്തി വരികയായിരുന്നു. പ്രസ്ഥാനത്തിനു ഒരു സെൻട്രൽ ഗ്രാൻറ് അനുവദിക്കുന്നകാര്യം ഗവൎമ്മെൻറിൻെറ പരിഗണനയിലിരിക്കയാണെന്നു ഇപ്പോൾ മറുപടി ലഭിച്ചിട്ടുണ്ട്.

---

## കൈപ്പററി

**അത്ഭുതകരമായ ആകാശം**—(ശാസ്ത്രീയഗ്രന്ഥം) ഗ്രന്ഥകൎത്താ: ഡാക്ടർ സി. ആർ. നാരായണൻ. പ്രസാധകർ: മംഗളോദയം, തൃശ്ശൂർ. പേജ് 84. വില 1 ക. 4 ണ.

**പുസ്തകപ്പട്ടിക**—പ്രസാധകർ: ശ്രീചിത്തിരതിരുനാൾ ഗ്രന്ഥശാല, തിരുവനന്തപുരം. പേജ് 232.

**ഭാസ്കരാ കലണ്ടർ**—(61 വർഷത്തെ ഇംഗ്ലീഷ് മലയാളം തീയതികൾ) സംഗ്രഹിതാവ്–ആർ. കെ. തിരുമുൽപാട്, തെക്കേകോവിലകം, മതിൽഭാഗം, തിരുവല്ല. പേജ് 123. വില 1 ക. 4ണ.

**വേണുഗാനം**—(കവിതകൾ) ഗ്രന്ഥകൎത്താ: പാലാ ഗോപാലൻനായർ. പ്രസാധകർ: ദിലീപ് പബ്ലിഷേഴ്സ്, തിരുവനന്തപുരം. പേജ് 57. വില 1 ക.

തോട്ടം (മണക്കാട്ട്) ശ്രീനാരായണ സമാധിസ്മാരക ഗ്രന്ഥശാലക്കാരുടേയും തിരുവനന്തപുരം കോവാപ്പറേറീവ് ഇൻസ്റ്റിററ്യൂട്ട്കാരുടേയും കലണ്ടറുകൾ കൈപ്പററിയിരിക്കുന്നു.

# ഗ്രന്ഥശാലാവാർത്തകൾ

## ഗ്രാമസേവിനി യുവജനസമാജം ഗ്രന്ഥശാല, പൂഴിക്കുന്നു്

പ്രസ്തുത ഗ്രന്ഥശാലയുടെ ഒരു പൊതുയോഗം ജനുവരി 11-ാംതീയതി ശ്രീ. ബി. ബാലകൃഷ്ണന്റെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. പി. ജി. വേലായുധൻപിള്ള പ്രസിഡന്റായും ശ്രീ. ബി. ബാലകൃഷ്ണൻ വൈസ്പ്രസിഡന്റായും ശ്രീ. പി. രാഘവൻപിള്ള സെക്രട്ടറിയായും ശ്രീ. എൻ. നടേശൻ ലൈബ്രേറിയനായും 17 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

## ദേശാഭിമാനി വായനശാല, ചെന്നിക്കര

ജനുവരി 25-ാംതീയതി കൂടിയ പൊതുയോഗത്തിൽവച്ചു് ശ്രീ. എൻ. സുകുമാരൻനായർ B. Sc. B. L. പ്രസിഡന്റായും ശ്രീ. വി. വി. ഇടിക്കുള വൈസ്പ്രസിഡന്റായും ശ്രീ. കെ. എൻ. ഗോപിനാഥൻപിള്ള സെക്രട്ടറിയായും ശ്രീ. വി. ആർ. ഗോപാലകൃഷ്ണൻനായർ ട്രഷററായും ഉള്ള ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

## ശ്രീ ചിത്രോദയം വായനശാല, ചിതറാൽ

ഈ ഗ്രന്ഥശാലയുടെ 15-ാമതു വാർഷികം ജനുവരി 26-ാംതീയതി ശ്രീ. ജോൺ റോസിന്റെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. സുബ്ബരായൻപോററി പ്രസംഗിച്ചു. 'ഏടാകൂടം' എന്ന ഗദ്യനാടകം വായനശാലാംഗങ്ങൾ അഭിനയിക്കുകയുണ്ടായി.

## എസ്സ്. കെ. വി. ജ്ഞാനസംവർദ്ധിനി ഗ്രന്ഥശാല, തൃക്കുന്നപ്പുഴ തെക്കു്

പ്രസ്തുത ഗ്രന്ഥശാലയുടെ 7-ാമതു വാർഷികയോഗം ഫെബ്രുവരി 7-ാംതീയതി ശ്രീ. ജി. ചെല്ലപ്പൻപിള്ള B. Sc. യുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. എം. കൊച്ചുകൃഷ്ണപിള്ള B. Sc., ശ്രീ. യു. ജെ. ലൂക്കോസ് ബി. ഏ., മുടീത്തറ ശ്രീ. വി. ഭാസ്കർ എന്നിവർ പ്രസംഗിച്ചു. രാത്രി വായനശാലാംഗങ്ങൾ ഒരു ഗദ്യനാടകവും അഭിനയിക്കുകയുണ്ടായി.

## വിജ്ഞാനോദയം ഗ്രന്ഥശാല, പട്ടണക്കാട്ടു്

ഈ ഗ്രന്ഥശാലയുടെ ഒരു വിശേഷാൽ യോഗം ഫെബ്രുവരി 8-ാംതീയതി ശ്രീ. ആർ. മാധവപ്പൈയുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. വി. സി. ജാൺ പ്രസംഗിച്ചു. മീനമാസം 3-ാം വാരത്തിൽ വാർഷികസമ്മേളനം നടത്തുന്നതിനു വേണ്ടി ഒരു സ്വാഗതസംഘത്തെ രൂപീകരിക്കുകയുണ്ടായി.

## ദേശസേവിനി ഗ്രാമോദ്ധാരണഗ്രന്ഥശാല, കോട്ടുകാൽ

ഈ ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ ഒരു ഹിന്ദിക്ലാസ്സ് ഫെബ്രുവരി 7-ാംതീയതി മുതൽ നടത്തിവരുന്നു.

## ദേശസേവിനി വായനശാല, കോന്നി

പ്രസ്തുത ഗ്രന്ഥശാലയുടെ പ്രഥമവാർഷികം ഫെബ്രുവരി 15-ാംതീയതി ശ്രീ. മാധവൻനായരുടെ അദ്ധ്യക്ഷതയിൽകൂടി. വെട്ടൂർ ശ്രീ. ററി. എൻ. നാണുനായർ, എം. ആർ. കരുണാകരൻനായർ എന്നിവർ പ്രസംഗിച്ചു. കോന്നിയൂർ സിസ്റ്റേഴ്സിന്റെ പാട്ടുകച്ചേരിയും ഉണ്ടായിരുന്നു.

## ഗ്രാമീണവായനശാല, നെല്ലിയാമ്പതി

ഈ ഗ്രന്ഥശാലയുടെ ഒരു വിശേഷാൽ പൊതുയോഗം ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ

എം. എൽ. എ. യുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. പി. ആർ. കൃഷ്ണൻ പ്രസംഗിച്ചു. വായനശാലാ പ്രസിഡൻറ് ശ്രീ. സി. പി. കെ. നായർ ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛനു ഒരു മെമ്മോറാണ്ടം വായിച്ചു സമർപ്പിച്ചു. യോഗത്തിൽ ശ്രീ. ഡി. ഹരിഹരൻ ബി. എ. ബി. എൽ., ശ്രീ. പി. ബാലകൃഷ്ണമേനോൻ ബി. എ. ബി. എൽ. തുടങ്ങിയുള്ള മാന്യാതിഥികൾ സംബന്ധിച്ചിരുന്നു.

### ദേശീയവായനശാല, പനമററം

പ്രസ്തുത ഗ്രന്ഥശാലയുടെ ധനശേഖരാർത്ഥം ഡിസംബർ 31-ാംതീയതി ശ്രീ. കെ. ജി. കേശവപ്പണിക്കർ ഒരു കഥാപ്രസംഗം നടത്തുകയുണ്ടായി.

വായനശാലയ്ക്കു സ്വന്തകെട്ടിടം നിർമ്മിക്കുന്നതിനു ശ്രീ. മുടവനാട്ട് കൃഷ്ണൻനായർ രണ്ടുസെൻറ സ്ഥലം സംഭാവന ചെയ്തിട്ടുണ്ട്. കെട്ടിടംപണിയുടെ നടത്തിപ്പിനുവേണ്ടി ഒരു കമ്മിററിയേയും രൂപീകരിച്ചിട്ടുണ്ട്.

### പീപ്പിൾസ് ലൈബ്രറി, തീക്കോയി

ഈ ഗ്രന്ഥശാലയുടെ എട്ടാമതു വാർഷികം റവ: ഫാദർ ജോൺ മററം എം. എ. യുടെ അദ്ധ്യക്ഷതയിൽ ജനുവരി 25-ാംതീയതി നടത്തി. പരേതനായ ശ്രീ. വി. എം. ജോസഫ് വള്ളിക്കാപ്പിൽ അവർകളുടെ സ്മരണയ്ക്കായി ശ്രീമതി ഏലിയാമ്മ ജോസഫ് സംഭാവനചെയ്ത വായനശാലാമന്ദിരത്തിൽ പരേതൻെറ ഒരു ഛായാപടം അദ്ധ്യക്ഷൻ അനാച്ഛാദനം ചെയ്തു. ശ്രീ. വെട്ടൂർ രാമൻനായർ, ശ്രീ. കെ. ജെ. തോമസ് എം. എൽ. എ. എന്നിവർ പ്രസംഗിക്കുകയുണ്ടായി.

രാത്രി 'ശാന്തി' എന്ന സംഗീതനാടകം വായനശാലാനടനസമിതിയംഗങ്ങൾ തന്മയത്വമായി അഭിനയിച്ചു.

L. No. 592. 20-7-48. Reg. No. T. 189. M. 5854.

# വിഷയവിവരം

പത്രാധിപവീഥി

ഇന്ത്യയിൽ സംസ്കൃതാഭ്യസനം — ഡാ: പി. കെ. നാരായണപിള്ള എം. എ. പി. എച്ച്. ഡി.

ഇന്ത്യൻ സയൻസ് അക്കാഡമി, (തിരുവനന്തപുരം സമ്മേളനം) — ഒരു നിരീക്ഷകൻ

ഗ്രന്ഥശാലകളുടെ ലക്ഷ്യം — ജോസഫ് ജി. സാക്കി

പെൻഷനുശേഷം (ചെറുകഥ) — ജി. ഉണ്ണിക്കൃഷ്ണക്കുറുപ്പ്

ദേശീയഗവേഷണശാലകൾ — എൻ. എസ്സ്. വാര്യർ ബി. എ. (ആണേഴ്സ്)

ഫ്രഞ്ചുമൊറോക്കോ — വി. നാരായണൻ നമ്പൂതിരി എം. എ.

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ശില്പങ്ങൾ — വിദ്വാൻ വി. ആർ. പരമേശ്വരൻപിള്ള

ആദർശഗ്രന്ഥപാലനം — പരിഭാഷകൻ ഉണ്ണിക്കൃഷ്ണൻ

നമോവാകം — കന്നിയൂര കരുണാകരക്കുറുപ്പ്

ശാസ്ത്രീയാടിസ്ഥാനത്തിലുള്ള ലൈബ്രറി-പ്രവർത്തനത്തെപ്പററിയുള്ള സിനിമാപ്രദർശനം

പുതിയഭരണസമിതിയംഗങ്ങളുടെ തെരഞ്ഞെടുപ്പ്

ഗ്രന്ഥനിരീക്ഷണം

ലൈബ്രറി സയൻസിനെപ്പററി (പ്രസംഗപരമ്പര)

തിരു-കൊച്ചിഗ്രന്ഥശാലാസംഘം താലൂക്കുപ്രതിനിധികൾ

ഗ്രന്ഥശാലാപ്രവർത്തകരുടെ ശ്രദ്ധക്ക്

ഗ്രന്ഥശാലാവാർത്തകൾ

Printed and Published by P. N. Panikkar for the Travancore-Cochin Granthasala Samgham at the Prakash Printing & Publishing House, Statue Junction, Tvm.